

ബ്രഹ്മശ്രീ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ അവർകൾ.

UNIVERSITY LIBRARY
-1 JUL. 1928
MADRAS
67

UNIVERSITY LIBRARY
-1 JUL. 1928
MADRAS
63091
52032: N28
F9

ഓം

# അരുണോദയം.

1928-1929

പുസ്തകം 2. } 1103 എടവം { ലക്കം 1.

## "അരുണോദയം."

(കേക)

ആകാശത്തിങ്കൽ വെള്ളിപ്പൂക്കളായ് നക്ഷത്രങ്ങ-
ളേകാന്തശ്ശൂന്യതയ്ക്കുസാക്ഷികളായിനിൽക്കേ,
"ലോകാഭിവ്യക്തിയ്ക്കുമുമ്പംബരാങ്കണത്തിൽഞാ-
നേകാകി"യെന്നുമന്ദമാരുതൻചരിക്കവേ,
'കൌമുദി'കണ്ണിണയ്ക്കുകർപ്പൂരക്കുഴമ്പായി-
സൌമുഖ്യമാക്കുംകൊടുത്തിപ്പാരിൽത്തിളങ്ങവേ,
ശ്യാമളങ്ങളാംപല"പത്രങ്ങൾ"തരുലതാ-
സ്തോമങ്ങളിടതിങ്ങിപ്പടത്തിവിരിക്കവേ,
താമസനിദ്രാസ്വപ്നമുണർത്തിവിടാൻപരം
സാമർത്ഥ്യമേറുംചിലചെങ്കതിർമാലയിതാ!
സാഹിത്യോദയാദ്രിയേകുങ്കുമാരുണമാക്കി
മാഹിത്യമുണ്ടാക്കുന്നമാനസാബ്ജത്തിലാക്കും.
ക്ഷോണിക്കിന്നഭിനവപീയൂഷംനിറച്ചുള്ള
മാണിക്യകുംഭമൊന്നിങ്ങുദിച്ചുവരുന്നിതാ?
വാണിമാതാവുലാളിച്ചീടുന്നവീണാകുംഭ-
ശോണിമപ്രവാഹമോ! ശ്രീരാഗസർവ്വസ്വമോ!
വിരിയുംവാരിജത്തിൽനിറച്ചമധുക്കളിൽ
വിരുന്നുകാരായളിപാളിയേക്ഷണിച്ചിതാ
കരുണോദധിദൈവംലോകചക്ഷുസ്സായ് തീർത്തോ-
**രരുണോദയം** മുന്നിലാമ്മാറുവിളങ്ങുന്നു.
പ്രാണിജാലത്തിൽ ധർമ്മാധർമ്മങ്ങൾബഹിച്ചിട്ടുസ്പഷ്ടാ-
കാണിച്ചുകൊടുപ്പോരിസ്തോമാംശുസഹസ്രങ്ങൾ

"നാനാത്വത്തിങ്കലൈക്യ"മന്തർദൃഷ്ടിയിൽ ചേർക്കു-
മാനന്ദഗാനവീണാസ്വർണ്ണകമ്പികളല്ലോ.
മാനസപത്മത്തിനുമൈത്ര്യമതിഗൂഹ്യ-
മാനമാവീണാനാദസുധയേനുകന്നഹോ!
മാകന്ദമേകുന്നിതാമഞ്ജരീമധുരധരി
കൂകുന്നിതതുകണ്ടുകോകിലംമോദാകുലം
പാടുവിൻ പികങ്ങളേ! പാടുവിൻ പികങ്ങളേ!!
പാടലസ്ഥായ"മരുണോദയം"പുകഴ്ത്തുവിൻ!

നീലേശ്വരം
1—6—28.

കുട്ടമത്ത് കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്

# പുരാതനാര്യന്മാരും കടലുകടന്നുള്ള കച്ചവടവും.

സോളമന്റെ കാലത്ത് ഇന്ത്യക്കാർ കപ്പലിൽക്കയറി കടലുകടന്നു പുറനാടുകളിൽ കച്ചവടം നടത്തിവന്നിരുന്നുവെന്നു വേദങ്ങളിൽനിന്നു ഗ്രഹിക്കാം. [ദ്രാവിഡഭാഷാവ്യാകരണം വശം 122] പ്രൊഫസർ ഹീരൻ പറയുന്നതിങ്ങനെയാണ്. "ഹിന്ദുക്കളുടെ പുരാതനപദ്യഗ്രന്ഥങ്ങളിൽ അവരെ വ്യാപാരികളായി വർണ്ണിച്ചിരിക്കുന്നു. [Heeren's Historical Researches വാല്യം2 വശം 266] ഋഗ്വേദത്തിൽ ഒരു ഭാഗത്തു [125-7] സമുദ്രങ്ങളിൽക്കൂടിയുള്ള സഞ്ചാരമാർഗ്ഗങ്ങളെക്കുറിച്ച് ഹിന്ദുക്കൾക്കു പൂർണ്ണജ്ഞാനമുണ്ടായിരുന്നുവെന്നും മറെറാരു ഭാഗത്ത് [156, 2] അവർ ലാഭത്തിനായി സമുദ്രത്തിലെങ്ങും സഞ്ചരിച്ചിരുന്നുവെന്നും കാണുന്നു. രാമായണത്തിൽ യവദ്വീപം(ജാവാ), സുവർണ്ണദ്വീപം (സുമിത്രാ) ലോഹിതസാഗരം(റെഡ്സീ എന്ന ചെങ്കടൽ) എന്നിവയെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടല്ലോ അതാവിത്.

"............... യവദ്വീപം സപ്തരാജ്യോപശോഭിതം
സുവർണ്ണരൂപ്യകദ്വീപം സുവർണ്ണകരമണ്ഡിതം
............ തതോരക്തജലംഭീമം ലോഹിതം നാമസാഗരം"

അതിപുരാതനങ്ങളായ രണ്ടു ധർമ്മസൂത്രങ്ങളിൽ സമുദ്രസഞ്ചാരത്തെക്കുറിച്ചു സൂചിപ്പിച്ചിരിക്കുന്നു എന്ന് പ്രൊഫസർ ബ്യൂലർ പറയുന്നുണ്ട്. ശാകുന്തളം, രത്നാവലി ഈ നാടകങ്ങളിലും മാഘകാവ്യത്തിലും കച്ചവടക്കാരുടെ കപ്പലോട്ടത്തെപ്പററിപ്പറഞ്ഞുകാണുന്നു. പ്രൊഫസർ രാധാകുമുദമുക്കർജിയുടെ Indian Shipping എന്ന പുസ്തകത്തിന്റെ മുഖവുരയുടെ നാലാംവശത്ത്, ഈ വിധം വിവരിക്കുന്നു. ഈ രാജ്യം മുപ്പത്തു

ന്നൂററാണ്ടോളം കിഴക്കെ ഭൂഖണ്ഡത്തിന്റെ ജീവസ്ഥാനമായി ശോഭിക്കയും സമുദ്രവ്യാപാരമുള്ള രാജ്യങ്ങളിൽ സൎവ്വപ്രധാനമായ നിലയെ പാലിക്കയും, ചെമ്പ,കംബോഡിയാ, ജാവാ സുമിത്രാ ബോൎണിയൊ എന്നീ രാജ്യങ്ങളിലെന്നല്ല കിഴക്കു ജപ്പാൻ വരേയും ഉപനിവേശങ്ങൾ സ്ഥാപിക്കയും ചെയ്തിട്ടുണ്ട്. ചീനത്തിന് തെക്കും മലയായിലും അറബിദേശത്തും പേൎഷ്യയിൽ എല്ലാ പ്രധാനപട്ടണങ്ങളിലും ഹിന്ദുക്കൾക്കു കച്ചവടസ്ഥാപനങ്ങളുണ്ടായിരുന്നു. ഏഷ്യയിൽ മററുപ്രദേശങ്ങളെന്നല്ല റോമൻ സാമ്രാജ്യങ്ങളിൽ ചേൎന്ന എല്ലാരാജ്യങ്ങളും ഹിന്ദുക്കളുമായി വാണിജ്യബന്ധത്തിലുൾപ്പെട്ടിരുന്നു. 'ഇമ്പീരിയൽ ഗാസററീയർ' പുതിയപതിപ്പ് വാല്യം 4 വശം 825-ൽ ആർ,സിവർ ഈ വിധം പ്രസ്താവിക്കുന്നു. "പടിഞ്ഞാററൻ ഏഷ്യാ, ഗ്രീസ്സ്, റോം, ഇജിപ്ത്, ചൈനാ എന്നീ പ്രദേശങ്ങളുമായി ഹിന്ദുക്കൾക്കു കരക്കച്ചവടവും കടൽക്കച്ചവടവും ഉണ്ടായിരുന്നു." മിസ്റ്റർ റൈസ് ഡേവിഡ്സിന്റെ അഭിപ്രായം ഇതാണ്. "ഹിന്ദുക്കൾ വെള്ളത്തിലും കരയിലും കൂടി യാത്രചെയ്തു തൻനാട്ടിലും പുറനാട്ടുകളിലും വ്യാപാരം നടത്തിപ്പോന്നു. അഞ്ഞൂറുകാളവണ്ടികളിൽ ഇടചേൎന്ന സഞ്ചരിച്ച വ്യാപാരികളുടെ സംഘത്തെപ്പററിപ്പറഞ്ഞുകാണുന്നുണ്ട്. ഈ സംഘം കാശി, പാടലീപുത്രം എന്നീ പട്ടണങ്ങളിൽനിന്നു തിരിച്ച് കിഴക്കും പടിഞ്ഞാറും സഞ്ചരിച്ചിരുന്നു; ഇപ്പോൾ കച്ച് എന്നു പറയപ്പെടുന്ന ഭൃഗുകച്ഛത്തിലെ ഉൾക്കരയോളം പോയി അവിടുന്നു ബവേരു(ബാബിലോൺ) അറബ്, ഫിനീഷ്യ, മിശ്രം(ഇജിപ്ററ്) എന്നീ രാജ്യങ്ങളിലെത്തിയിരുന്നു. പടിഞ്ഞാറുപോകുന്ന വ്യാപാരികൾ കാശിയിലൊ ചമ്പയാററുമുഖത്തിലോനിന്നു കപ്പലിൽക്കയറി ലങ്കയിൽ ചെന്ന് ഏറെനാൾ കരകാണാതെ സുവൎണ്ണഭൂമിയിൽ(ഫർതർഇന്ത്യ) ചേരുന്നതായി ലക്ഷ്യമുണ്ട്. (റായൽ ഏഷ്യാററിക്‌സംഘം വക മാസിക 1901)

വ്യാപാരകാൎയ്യമായി സഞ്ചരിക്കുന്നവരെപ്പററി പല സംസ്കൃതഗ്രന്ഥങ്ങളിലും പറഞ്ഞുകാണുന്നു. ലോകത്തിലെ നിയമഗ്രന്ഥങ്ങളിൽ ഏററവും പഴക്കമുള്ള മനുസ്മൃതിയിൽ വ്യാപാരതൎക്കങ്ങൾ തീൎക്കുന്നതിന് നിയമങ്ങളുണ്ട്. ശാകുന്തളത്തിൽ ധനവൃദ്ധിയെന്ന വ്യാപാരിയുടെ കപ്പലുടഞ്ഞു അനവധി ധനം നശിച്ചുപോയ കഥ കുറിക്കുന്നു. നൈഷധത്തിലും വാണിജ്യവിഷയത്തെ സൂചിപ്പിച്ചിട്ടുണ്ട്. മനുവിന്റെ കാലത്ത് ഹിന്ദുക്കൾ കപ്പലോട്ടക്കാരായിരുന്നുവെന്നു സർ വില്യം ജോൺസ് നിൎണ്ണയിച്ചിരിക്കുന്നു. കപ്പൽ, പണയമായി കൊടുത്തു പണം പററുന്ന വിവരം സ്മൃതിയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്, ആ നിൎണ്ണയത്തിനവലംബം(Asiatic Researchs വാല്യം 2 വശം 284) കടലുകടന്നു മറ

കരയിലെത്തി രാജാക്കന്മാൎക്കു കാഴ്ചദ്രവ്യങ്ങൾ കൊണ്ടുവരുന്നവരെപ്പററി മനു പ്രസ്താവിക്കുന്നു. (India in greece എന്ന ഗ്രന്ഥം) രാമായണത്തിലും കപ്പൽപ്പണയത്തെക്കുറിച്ചു വളരെ വ്യക്തമായിപ്പറയുന്നു. (വാത്മീകിരാമായണം 3–237). മിസ്റ്റർ എൽഫിൺസ്റ്റെ അഭിപ്രായം "മനുവിൻെറ കാലത്തു് ഹിന്ദുക്കൾക്കു സമുദ്രയാത്ര വിരോധിച്ചിരുന്നില്ലെന്നു ആ യാത്രയിൽ സുപരിചിതരായിരുന്നവരെപ്പററി പലതും വിവരിക്കുന്നതിൽനിന്നു നിശ്ചയിക്കാവുന്നതാണ്. (എൽഫിസ്റ്റൺൻെറ ചരിത്രം വശം 168) മനുസ്മൃതിയിൽ സമുദ്രപൎയ്യായമായി ഉപയോഗിച്ചിരിക്കുന്ന പദം രാജ്യത്തിനുള്ളിലുള്ള ജലാശയങ്ങളെ കുറിക്കാൻ യോജിക്കുന്നതല്ലെന്നും അദ്ദേഹം പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു. പ്രൊഫസർ മാക്ഡൊണൽഡിന്റെ അഭിപ്രായപ്രകാരം കപ്പൽപ്പണി ക്രിസ്തുവിൻെറ അവതാരത്തിനു രണ്ടായിരം കൊല്ലം മുൻപ് ഇവിടെയുണ്ടായിരുന്നുവെന്നു കാണുന്നു. ഇതെല്ലാം ചിന്തിക്കുമ്പോൾ ഹിന്ദുദേശവാസികൾ പണ്ടുപണ്ടേ കടൽയാത്രയിൽ ചിരപരിചയം സമ്പാദിക്കയും അങ്ങനെ ലോകത്തിലെ സകലപ്രധാനജനവൎഗ്ഗങ്ങളുമായി വാണിജ്യബന്ധമുറപ്പിക്കയും ചെയ്തിരുന്നുവെന്നു ഗ്രഹിക്കാം. മിസ്റ്റർ ഏ എം. ടി. ജാക്സൺ ഐ. സി. എസ്സ് പറയുന്നതു് ഇങ്ങിനേയാണ്:—ക്രൈസ്തവ പൂൎവ്വശതാബ്ദം എട്ടുമുതൽ ആറുവരെ ഭൃഗുകച്ഛം, ശൂൎപ്പാരകം എന്നീ തുറമുഖങ്ങളിലെ കപ്പലുകൾ ബാബിലോണിലെത്തി കച്ചവടകാൎയ്യം നിൎവ്വഹിച്ചിരുന്നതായി ബുദ്ധജാതകങ്ങളും ചില സ്മൃതിഗ്രന്ഥങ്ങളും തെളിയിക്കുന്നു" (ബാംബേ നഗരത്തിൻെറ ഗസററിയർ വാല്യം 2 അദ്ധ്യായം 4 വശം 3) റെവറൻഡ് ജേ. ഹൌൽക്കസ്സിൻെറ അഭിപ്രായം:—ഹീരം സോളമൻ എന്നീ രാജാക്കന്മാരുടെ കാലത്തു് കിഴക്കൻകച്ചവടച്ചരക്കുകൾ ദക്ഷിണാപഥത്തിലെ തുറമുഖങ്ങളിൽനിന്നാണ് കയററുമതി ചെയ്തിരുന്നതു്, സത്യവേദത്തിലെ ആദിഗ്രന്ഥങ്ങൾ സൂചിപ്പിക്കുന്ന കച്ചവടക്കാരും ജേക്കബ് പാത്രിയൎക്കീസ്സിൻെറ പുത്രന്മാരും മിസ്രദേശത്തിലേയ്ക്കു കൊണ്ടുപോയിരുന്ന കുരുമുളക്, കറുവപ്പട്ട, ജാതിക്ക, ഏലം മുതലായ വിലയേറിയ സാധനങ്ങൾ ഭാരതഖണ്ഡത്തിൻെറ തെക്കേ അററത്തെ കൃഷിസ്ഥലങ്ങളിൽനിന്നാണ്. (ഇൻഡ്യൻ ആൻറിക്വറി വാല്യം 8) കൊടുങ്കാററിൽപ്പെട്ടു കപ്പലുടഞ്ഞു ജൎമ്മൻ കടൽക്കരയിലെത്തിയ ഏതാനും ഭാരതീയ വ്യാപാരികളെ സുവിരാജസമക്ഷം ഹാജരാക്കിയ കഥ പ്ലിനി പ്രസ്താവിക്കുന്നു.

കപ്പലുകളുടെ തരവും സ്വാതന്ത്ര്യവുമനുസരിച്ച് "യുക്തികല്പതരു" എന്ന ഗ്രന്ഥം അവയെ വിഭജിച്ചിരിക്കുന്നു. വംഗരാജ്യാധിപൻ സിംഹപൻ വിജയരാജകുമാരനെ ലങ്കയിലേയ്ക്കയച്ച കപ്പലിൽ എഴുനൂറും ആ രാജകുമാരൻെറ പ്രേയസിയായ പാണ്ഡ്യരാജകുമാരിയെ ലങ്ക

യിലേക്കാനയിച്ച കപ്പലിൽ എണ്ണൂറുപേരുണ്ടായിരുന്നതായി രാജവല്ലീയത്തിൽ കാണുന്നു. (ടേർണറുടെ മഹാവംശം വശം 46) ശൂർപ്പാരക ബോധിസത്വരൂപീകരണത്തിൽ ബുദ്ധൻ ഭൃഗുകച്ഛത്തിൽ നിന്നു സപ്തരത്നസമുദ്രത്തിലേക്കു തിരിച്ച കപ്പലിൽ അദ്ദേഹത്തെക്കൂടാതെ എഴുനൂറു കച്ചവടക്കാരുണ്ടായിരുന്നു. (ഹാർഡിയുടെ ബുദ്ധമതസംഗ്രഹം വശം 13) ആയിരം ശില്പികൾ കയറിയ ഒരു കപ്പലിനെപ്പററി സമുദ്രവാണിജ്യജാതകത്തിൽ കുറിച്ചിട്ടുണ്ട്. ഫിനിഷ്യ, ബാബിലോൺ ഈ രാജ്യങ്ങളുമായി ഭാരതീയർ പണ്ടുപണ്ടേ വ്യാപാരം നടത്തിയിരുന്നു. ഐക്യബാബിലോണിയായിലെ ആദ്യരാജാവായ ഉർവാലിൻ മാൽഡിയാക്കാരുടെ 'ഊരു' ഭരിച്ചിരുന്ന കാലത്ത്—ക്രിസ്തുദേവാവതാരത്തിനു മൂവായിരം വർഷം മുൻപ് ഭാരതീയർ ബാബിലോണിൽ കച്ചവടം ചെയ്തിരുന്നുവെന്നു ഡാക്ടർ സെയിസ്സ് പ്രസ്താവിച്ചിരിക്കുന്നു. (1887 ക്രൈസ്തവാബ്ദത്തിലെ ഹിബെർട്ട് പ്രസംഗങ്ങൾ) ക്രിസ്തുവിനുമുമ്പ് ഏഴാം ശതാബ്ദത്തിലും ആറാം ശതാബ്ദത്തിലും ഭാരതവും ബാബിലോണുമായി കടൽമാർഗ്ഗമായ വ്യാപാരം നടന്നുവന്നിരുന്നുവെന്നു പല തെളിവുകൾകൊണ്ടും വിശ്വസിക്കാതെ തരമില്ല. ഇതിൽ ആറാം ശതാബ്ദം ഒരു പ്രധാന കാലഘട്ടമാകുന്നു. 1898ലെ റോയൽ ഏഷ്യാററിക്സംഘം വക പത്രഗ്രന്ഥത്തിൽ മിസ്റ്റർ കെന്നാഡി എഴുതിയിരിക്കുന്ന ഒരു പ്രബന്ധത്തെയാണ് ഈ അഭിപ്രായം അവലംബിക്കുന്നത്. ഈ വ്യാപാരവകാശം ദ്രാവിഡരുടെ അധീനതയിലായിരുന്നുവെന്നുള്ള വസ്തുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഇവർക്ക് ഈ ആവശ്യം പ്രമാണിച്ച് അറേബിയിലും ആഫ്രിക്കൻതീരങ്ങളിലും ചീനത്തും സ്ഥാപനങ്ങളുണ്ടായിരുന്നുവെന്നു കാണുന്നസ്ഥിതിക്ക് ബാബിലോണും ഇതിൽനിന്നൊഴിഞ്ഞിരുന്നില്ലെന്നുതന്നെ ഊഹിക്കാം.

ക്രിസ്തുവിൻെറ കാലത്തിനു ആയിരം കൊല്ലംമുമ്പ് ഇസ്രായേൽ രാജാവായ സാളോമനും ടയറേയിലെ ഹീരം അരചനും ഭാരതത്തിലേക്ക് കപ്പലുകളയക്കയും അവിടെനിന്നു ദന്തം, ചന്ദനം, സ്വർണ്ണം, വെള്ളി, രത്നങ്ങൾ, കുരങ്ങു, മയിൽ എന്നിവ കയററി ആ കപ്പലുകൾ തിരിച്ചയക്കുകയും ചെയ്തതായി മേല്പറയപ്പെട്ട പ്രമാണഗ്രന്ഥങ്ങൾ പലതിലും കാണുന്നു. സിന്ധുനദീമുഖത്ത് അഭീറിയാ എന്നൊരു രാജ്യമുള്ളതായി ടോളമി പറയുന്നു. അക്കാലത്ത് അഭീരന്മാർ അവിടെ പാർത്തിരുന്നുവെന്ന് ആ ഭാഗത്തിൽനിന്നനുമിക്കാം. ഇപ്പോൾ കത്തിയവാറിൽ അഭീരന്മാർ നിവസിക്കുന്നുവെന്ന് ഭൂമിശാസ്ത്രംകൊണ്ടു കാണാമല്ലോ. അതിനാൽ മേല്പറയപ്പെട്ട വസ്തുക്കൾ ഒഫീറിലെ ആളുകളിൽനിന്നാണ് വാങ്ങിയിട്ടുള്ളതെന്നു പ്രസ്താവിച്ചുകാണുന്നത് ഈ അഭീരന്മാരെ ഉദ്ദേശിച്ചായിരിക്കണം. ഭാരതഖണ്ഡത്തിൻെറ തെക്കുപ

ടിലുതാറുള്ള ഒരു തുറമുഖസ്ഥാനമാണ് ഒഫീർ എന്നു പ്രൊഫെസർ ലാസൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. മിസസ് മാനിങ്ങിൻെറ പക്ഷം അതു പശ്ചിമതീരങ്ങളിലാണെന്നാകുന്നു. സ്മിത്തിൻെറ ബൈബിൾ നിഘണ്ടുവിൽ ഈ സ്ഥലം ആഫ്രിക്കയിലെവിടെയൊ ആയിരിക്കണമെന്നു പറഞ്ഞുകാണുന്നു. സന്ദേഹാസ്പദമായ ഈ സ്ഥാനത്തെപ്പററി കുറേക്കൂടി ഗാഢമായി ചിന്തിക്കുമ്പോൾ മേല്പറയപ്പെട്ടവ ഭാരതത്തിൽനിന്നു കിട്ടുന്നതാണൊ, ആണെങ്കിൽ ആഫ്രിക്കയിലോ, അതല്ല മററു സ്ഥലങ്ങളിലൊന്നിന്നുകൂടി ലഭിക്കുമോ ഇത്യാദി സംഗതികൾ നിൎണ്ണയിക്കേണ്ടതാകുന്നു. മയിലിനെക്കുറിച്ചുതന്നെ ഒന്നാമതായി നോക്കാം. അക്കാലത്തു് ഈ ജന്തു ഇവിടെയല്ലാതെ മറെറാരിടത്തും ഉണ്ടായിരുന്നതായി ലക്ഷ്യമില്ല. ഈ രാജ്യത്താകട്ടെ ഇതു് അതിപ്രാചീനകാലത്തിൽതന്നെ ധാരാളമുണ്ടായിരുന്നു. വൎഷാകാലത്തിലെ ഹൎഷാകുലമായ മയൂരക്രീഡയും ഉദ്യാനവീഥികളിലെ ഉല്പതൽപ്രഭമായ കേകീനൎത്തനവും സംസ്കൃതദ്രമിളഗ്രന്ഥങ്ങളിലെ സരസവൎണ്ണനങ്ങൾക്കു വിഷയമായിഭവിച്ചിരിക്കുന്ന ഏകലക്ഷ്യം ഇതിനു മതിയാകും. പുരാതനശില്പികൾ അവരുടെ കലാചാതുൎയ്യം കാണിക്കാൻ മയിലാട്ടുന്ന രൂപംകൊത്തിവയ്ക്കുക സൎവ്വസാധാരണമായിരുന്നു. ടോഡിൻെറ രാജസ്ഥാൻവശം 405-ൽ, ഒരു പ്രാചീനരാജധാനിയുടെ പടം കുറിച്ചിട്ടുണ്ടു്. അതും ഈയവസരത്തിൽ ചിന്തിക്കേണ്ടതാവുന്നു. മാസിഡോണിയായിലെ അലക്സാണ്ഡറുടെ കാലത്തിനുമുമ്പു് ഗ്രീസ്സ്, റോം, ഈജിപ്റ്റ് മുതലായ രാജ്യങ്ങളിൽ മയിലിനെപ്പററി പരക്കെയൊരറിവില്ലായിരുന്നു. അദ്ദേഹത്തിൻെറ അനുഗാമികൾ ഇവിടെ ഈ വിചിത്രപ്പക്ഷിയെക്കണ്ടിട്ടു് വിസ്മയാധീനരായിപ്പോകയാണു് ചെയ്തതു്. പിന്നീടാണു് ഇവിടുന്നു നേരിട്ടോ പശ്ചിമാൎഗ്ഗമായൊ മയിലുകളെ ഗ്രീസ്സിലേയ്ക്കു കയററിയയപ്പാൻ തുടങ്ങിയതു്. ഈ ജന്തുവിൽ കൌതുകവും അത്ഭുതവും തോന്നുകയാൽ, കണക്കിൽ കവിഞ്ഞ ധനവ്യയം ചെയ്തതു് റോമൻകാരാകുന്നു. അന്നു് അമിതസുഖാനുഭോഗത്തോടെ അത്യുന്നതനിലയിൽ ജീവിക്കുന്ന ഒരു റോമൻപ്രഭുവിനു് മയിൽനാക്കു പാകപ്പെടുത്തി തീൻമേശയിൽ വച്ചുകാണുന്നതിൽപരം അത്യാനന്ദം മറെറാന്നിലുമുണ്ടായിരുന്നില്ല.

സാമൺ, ഹീരം, എന്നീ രാജാക്കന്മാൎക്കു മയിൽ ഇവിടെനിന്നാണു് ലഭിച്ചിരുന്നതെന്നുള്ളതിലേയ്ക്കു വേണ്ടുവോളം തെളിവുണ്ടു്. വിശുദ്ധഭൂമിയിൽ ഈ പക്ഷിക്കു സിദ്ധിച്ച പേരുതന്നെ ഇതിലൊന്നാണു്. എബ്രായഭാഷയിൽ മയിലിനുള്ള 'തുകി' എന്ന അഭിധാനം ബാഹ്യംതന്നെ എന്നിപ്പോൾ സൎവ്വത്ര സമ്മതിക്കപ്പെട്ടിരിക്കുന്നു. തമിഴിലെ "തോകൈ" എന്നതു കാണ്ക. ഈ ജന്തുവിനേയും ഇതിൻെറ പേരിനേയും ഒരുമിച്ചാണു് ഇവിടുന്നു കയററുമതിചെയ്തതെന്നുള്ളതി

ലേയ്ക്കു വല്ല സംശയവുമുണ്ടോ? ഇനി ദന്തത്തെപ്പററിയാലോചിക്കാം. ഇതിവിടെയും അസ്സിറിയാ, ഗ്രീസ്സ്, ഈജിപ്ത്, റോം എന്നീ രാജ്യങ്ങളിലും ധാരാളം ഉപയോഗപ്പെടുത്തിയിരുന്നു. ഭാരതത്തിലും ആഫ്രിക്കയിലുമാണ് ആനയുള്ളതു്. അതിനാലിതു ഈ രണ്ടിലേതെങ്കിലുമൊരിടത്തുനിന്നുതന്നെയയച്ചിരിക്കണം. പണ്ടത്തെ ഈജിപ്റ്റുകാർ ആനയെപ്പററി വളരെ ദുല്ലഭമായെ അറിഞ്ഞിരുന്നുള്ളു. പണ്ടു് അവിടെ ആനയെപ്പിടിച്ചിണക്കുകയോ ഉപയോഗിക്കയോ ചെയ്തിരുന്നില്ലെന്നു പ്രൊഫസർ ലാസൻ ചില ലക്ഷ്യങ്ങൾകൊണ്ടു തീൎത്തുപറയുന്നു. എന്നാൽ പ്രാചീനഭാരതത്തിലാകട്ടെ ഇതു് സൎവ്വസാധാരണമായിരുന്നുവെന്നു തീൎച്ചയാണല്ലോ. യുദ്ധമൊ, രാജസഞ്ചാരമൊ ആനയെക്കൂടാതെ വൎണ്ണിച്ചുകണ്ടിട്ടില്ല. ആനയില്ലാത്ത പ്രഭുക്കന്മാരില്ല. ആന രാജപ്രാഭവമഹിമാവും, പ്രൗഢധാനാങ്കവും ഉൽകൃഷ്ടശക്തിക്കു ലക്ഷ്യവുമായിരുന്നു. ദേവരാജൻതന്നെ ഐരാവതത്തിന്മേലാണ് യാത്രചെയ്തിരുന്നതു്. സംസ്കൃതത്തിൽ ആനയ്ക്കു പറയപ്പെടുന്ന 'ഇഭം' എന്ന പേരുതന്നെ ദന്തവിക്രയസ്ഥലങ്ങളിൽ അതിനുപയോഗിച്ചിരുന്നു. പണ്ടു് ഈജിപ്തിൽ ദന്തത്തിനു് 'ഇബു' എന്നാണുപോൽ പേർ പറഞ്ഞുവന്നിരുന്നതു്. സംസ്കൃതത്തിലെ 'ഇഭ' ശബ്ദം ടയറേയിൽക്കൂടി ഈജിപ്തിൽക്കടന്നു് അവിട്ടത്തെ 'ഇബു'വായി രൂപം മാറിയിരിക്കണമെന്നു ലാസൻ അഭിപ്രായപ്പെടുന്നു. ഇങ്ങനെ ഭാരതം ആദ്യമായി ദന്തത്തെ ഈജിപ്തിൽ പരിചയപ്പെടുത്തിയിരിക്കാനിടയുണ്ടു്. ദന്തം ഇന്ത്യയിൽനിന്നു കിട്ടുന്നുവെന്നു സ്ട്രാബോ എഴുതിയിട്ടുണ്ടു്. മിസസ്സ് മാനിങ്ങിൻെറ അഭിപ്രായം:- ഈ പേരിലൊ ഇതിൽനിന്നുണ്ടായ മററു പേരിലൊ ദന്തം ഈജിപ്തിലും ഗ്രീസ്സിലും കൊണ്ടുപോയിരിക്കണമെന്നൂഹിക്കണം. സംസ്കൃതത്തിലെ "ഇഭ"ശബ്ദം ഗ്രീക്കുഭാഷയിലെ "എലിഫാ" ആയിത്തീൎന്നതെങ്ങനെയാണെന്നറിയുന്നില്ല. ഹോമരുടെ കാലത്തിനു മുമ്പുതന്നെ ഗ്രീസ്സിൽ ദന്തം അറിയപ്പെട്ടിരുന്നുവെന്നു ആ മഹാകവിയുടെ ഗ്രന്ഥങ്ങൾകൊണ്ടു നിൎണ്ണയിക്കാം. എന്നാൽ ആനയെപ്പററി അക്കാലത്തു് അവിടെ അറിഞ്ഞിരുന്നില്ല. ഗ്രീക്കുകാർ കച്ചവടച്ചരക്കായിമാത്രം കണ്ടറിഞ്ഞിട്ടുള്ള ദന്തം ധരിച്ചുകൊണ്ടു ദന്താവളങ്ങൾ ദന്തിപന്മാരൊന്നിച്ചു ഡറയസ്സിൻെറ എഴുന്നെള്ളത്തിനെ അലങ്കരിച്ചതാണ് ആദ്യമായി കാണാൻ സംഗതിയായതു്. ദന്തത്തിനവർ പറഞ്ഞുവന്ന പേരുതന്നെ അതു ധരിക്കുന്ന മൃഗത്തിനും ഇട്ടു. അരിസ്റ്റോട്ടിൽ ഈ ജന്തുവിനെ യൂറോപ്പിൽ സുപ്രസിദ്ധമാക്കിത്തീൎത്തതും ഈ പേരുകൊണ്ടുതന്നെ. ഇതെല്ലാം നോക്കുമ്പോൾ മയിലും ദന്തവും ഈജിപ്ത്, ഗ്രീസ്സ്, പാലസ്റ്റൈൻ, പേഷ്യ എന്നീ രാജ്യങ്ങളിൽ ആദ്യമായി കയററുമതിചെയ്തതു് ഇവിടുന്നാണെന്നും ഇവയെ വിക്രയംചെയ്ത 'ഒഫിർമാർ' ഇവിട്ടത്തെ

'ആഭീരന്മാർ' ആണെന്നും നിർണ്ണയിക്കണം. ഇപ്പോൾ ഈ വിഷയത്തെപ്പററി പ്രത്യക്ഷതെളിവുണ്ടു്. പരേതനായ പ്രൊഫസർ ബൂലർ പറഞ്ഞിട്ടുള്ളതു്—പ്രൊഫസർ മിനായഫ് ഒന്നാമതായി നമ്മുടെ ശ്രദ്ധാവിഷയമാക്കി ഇപ്പോൾ സുപ്രസിദ്ധപ്പെട്ടിട്ടുള്ള ബവേരുജാതകത്തിൽ ഹിന്ദുവ്യാപാരികൾ മയിലുകളെ ബവേരുരാജ്യത്തിൽ ഇറക്കുമതിചെയ്തതായി പ്രസ്താവിച്ചിരിക്കുന്നു. ബവേരു ബാബിലോണാണെന്നു തീർച്ചപ്പെട്ടുകഴിഞ്ഞു. ജാതകത്തിലെ കാര്യങ്ങളുടെ കാലം ഗണിക്കുന്നതായാൽ ബനിയാന്മാർ ക്രിസ്തുവിനുമുമ്പു് അഞ്ചാമത്തെയൊ ആറാമത്തെയൊ നൂററാണ്ടിൽ പേഴ്ഷ്യൻ ഉൾക്കടൽക്കരകളിലും ആ കടലിൽ ചേരുന്ന നദികളുടെ തീരങ്ങളിലും വ്യാപാരാർത്ഥം സഞ്ചാരംചെയ്തിരുന്നുവെന്നു കരുതണം. ഇതിനുമുമ്പുതന്നെ ഈ വ്യാപാരം നടന്നുപോന്നിരുന്നുവെന്നു നിർണ്ണയിക്കുന്നതും അബദ്ധമായിവരാനില്ല. എന്തെന്നാൽ; ഭാരതീയർ വളരെ ദൂരസ്ഥലങ്ങളിൽ കപ്പൽയാത്രചെയ്തിരുന്നതിനെപ്പററിയും അപകടമൊഴിഞ്ഞുള്ള സമുദ്രസഞ്ചാരങ്ങളെക്കുറിച്ചും ജാതകങ്ങളിൽ പറഞ്ഞുകാണുന്നുണ്ടു്. അതിപുരാതനമായ ഭൃഗുകച്ഛം, ശൂർപ്പാരകം എന്നീ തുറമുഖങ്ങളേയും ഇവയിൽ സൂചിപ്പിക്കാതിരിക്കുന്നില്ല. ഗ്രീക്കുകാർ പഞ്ചസാരയെപ്പററി ഇദംപ്രഥമമായി പരിചയിച്ചതിവിടെവച്ചായിരുന്നുവെന്നു കേൾക്കുമ്പോൾ പലരും അത്ഭുതപ്പെട്ടേയ്ക്കാം. (പ്രാചീനമദ്ധ്യകാലങ്ങളിലെ ഇൻഡ്യാ വാല്യം 2 വശം 353) സംസ്കൃതത്തിലെ 'സിത'ശബ്ദമായിരിക്കണം രൂപാന്തരംകൊണ്ടു "സുഗർ" ആയതും പിന്നീടു് "ഷുഗർ"ആയിത്തീർന്നതും. ഈ വസ്തുവും അതിന്റെ പേരും അറേബിയയിലും പേർഷ്യയിലും പ്രവേശിച്ചശേഷം യൂറോപ്പിലെത്തി അവിടെ പ്രചരിച്ചിരിക്കാൻ ന്യായമുണ്ടു്. (ലാസൻ വശം 318) മിസ്റ്റർ മാൺഡർ പറയുന്നതു്—'സെല്യൂസിഡേയുടെ ഭരണകാലത്തിലും ഇൻഡ്യയും സിറിയയുമായുള്ള വാണിജ്യം ഊർജ്ജിതമായി നടന്നിരുന്നു. (മാൺഡറുടെ ചരിത്രകോശം വശം 776) ഇരുമ്പു്, ചായത്തുണി, വിലയേറിയ വസ്ത്രങ്ങൾ എന്നിവ ഭാരതീയർ അവിടെനിന്നു കപ്പലിൽക്കയററി ബാബിലോണിലും ടയറിലും ഇറക്കിയിരുന്നു. ഫിനീഷ്യന്മാർ മററു സാമാനങ്ങളോടൊന്നിച്ചു് ഇരുമ്പും ഭാരതത്തിൽനിന്നു കൊണ്ടുപോന്നുവെന്നു മിസസ് മാനിങ്ങിന്റെ ഗ്രന്ഥം രണ്ടാംവാല്യം 354-ാംവശത്തു പറയപ്പെട്ടിരിക്കുന്നു. ഹീരന്റെ ചരിത്രകാര്യാന്വേഷണഫലങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ആ വിശിഷ്ടഗ്രന്ഥത്തിൽ വാല്യം 2 വശം 272-ലും ഈ കാര്യം കാണിച്ചിട്ടുണ്ടു്. ഇവിടെനിന്നു പേർഷ്യയിൽക്കൂടി ഫിനിഷ്യയിലേയ്ക്കു് ഒരു രാജവീഥിയുണ്ടായിരുന്നുവെന്നും ഈയവസരത്തിൽ ഓർമ്മിക്കേണ്ടതായുണ്ടു്. ഭാരതത്തിൽനിന്നു് ഈജിപ്തിലേയ്ക്കു സാമാനങ്ങളയച്ചിരുന്നുവെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. മിസ്റ്റർ എൽഫിൻസ്റ്റൺ തന്റെ ചരിത്രത്തിന്റെ ഒന്നാം

വാല്യം 141-ാം വശത്ത് ടോളമിയുടെ കാലത്തുണ്ടായിരുന്ന ഭാരതത്തിലെ വാണിജ്യത്തിന്റെ വിപുലത ചരിത്രത്തിൽ വിശ്രുതമാണെന്നു പറഞ്ഞിരിക്കുന്നു. ഗന്ധതൈലം, ചെന്നിനായകം, ഏലം, ജാതിക്ക എന്നീ ചരക്കുകളെ ഒട്ടകങ്ങളിന്മേൽ കയററി ഈജിപ്തിലേക്കു കൊണ്ടുപോകാൻ ഗിലയാദിൽനിന്നു വന്നുചേന്ന ഇസ്മേലവൎഗ്ഗക്കാൎക്കു ജോസപ്പിനെ അദ്ദേഹത്തിന്റെ സഹോദരന്മാർ വിററതായി ബൈബളിൽ കാണുന്നു. ആ ഭാഗം ഇങ്ങനെയാണ്:—“അപ്പോൾ കച്ചവടക്കാരായ മീദിയാനിക്കാർ കടന്നുപോകയായിരുന്നു; അവർ യോസേഫിനെ കുഴിയിൽനിന്നു വലിച്ചുകരേററി; യോസേഫിനെ ഇശ്മായേൽക്കാൎക്കു ഇരുപതു വെള്ളിക്കാശിനു വിററു. ആയവർ യോസേഫിനെ മിസ്രയീമിലേയ്ക്കു കൊണ്ടുപോകയും ചെയ്തു. ചെന്നിനായകം അബിസീനിയായിൽ നിന്നാണ് ഈജിപ്തിലേയ്ക്കയച്ചിരുന്നതെന്നും ഇതവിടെ ധാരാളമുണ്ടായിരുന്നുവെന്നും ചിലരഭിപ്രായപ്പെടുന്നു. ഡാക്ടർ വിൻസന്റ് ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. ഈ സാധനത്തിന് ഈജിപ്തിലുണ്ടായിട്ടുള്ള പേരുതന്നെ ഇതു ഭാരതത്തിൽനിന്നയച്ചിരുന്നുവെന്നുള്ളതിലേയ്ക്കു മതിയായ തെളിവാകുന്നു. ഈജിപ്തിൽ ഇതിന് ‘ബോൽ’എന്നു പേരുള്ളതായി ഡാക്ടർ റായിൽ പ്രാചീനഹിന്ദുക്കളുടെ ഔഷധങ്ങൾ’ എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. സംസ്കൃതത്തിൽ ‘ബോല’ എന്നതു പ്രസിദ്ധമാണല്ലോ. പട്ടു, മുത്ത്, രത്നം മുതലായ പല സാമാനങ്ങളും ഇവിടെനിന്നു ഈജിപ്തിലെ അലക്സാൻഡ്രിയായിലേയ്ക്കയച്ചിരുന്നു. ഈ സ്ഥലം ഏറെക്കാലത്തേക്കു പൌരസ്ത്യരാജ്യങ്ങളുടെ വാണിജ്യകേന്ദ്രമായിരുന്ന വസ്തുത നിസ്തൎക്കംതന്നെ. ചെങ്കടലിലെ മീയോസ്സ് ആർമസ്സ് എന്ന തുറമുഖത്തുനിന്നു ഈ ചരക്കുകളയച്ചിരുന്നു. ഭാരതീയരുടെ കപ്പലുകൾ ഈ സ്ഥലത്തേയ്ക്കു പോകുമായിരുന്നു പതിവ്. ഇവിടുന്ന സാമാനങ്ങൾ കാപ്ടോസിലേക്കും അവിടുന്നു അലക്സാൻഡ്രിയായിലേയ്ക്കും കൊണ്ടുപോകപ്പെട്ടു (എൻസൈക്ലോപ്പീഡിയാബ്രിട്ടാനിക്കാ വാല്യം 11 വശം 459) ഈജിപ്ററും ഇന്ത്യയുമായി വാണിജ്യം ഇടക്കാലങ്ങളിലും പ്രബലസ്ഥിതിയിൽ നടന്നിരുന്നു. അന്നു അവിടെനിന്നു ഇവിടുത്തേയ്ക്കു കന്തിരിക്കം കൊണ്ടുപോന്നിരുന്നുവത്രെ. (ഇബിഡ് വശം 446) മിശ്രദേശപ്രാചീനഭാരതവുമായി നേരിട്ടുള്ള കച്ചവടം അത്ര ധാരാളമായി നടന്നിരുന്ന കഥ പെരിപ്ലസ്സ് എന്ന സുപ്രസിദ്ധഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇടക്കിടെയുള്ള ഈ സംസൎഗ്ഗമല്ലാതെ അലക്സാൻഡ്രിയായും പശ്ചിമഭാരതവുംതമ്മിൽ ശക്തിമത്തായ വാണിജ്യബന്ധവും സ്ഥാപിക്കപ്പെട്ടിരുന്നുവെന്നുകാണുന്നു. പാൽമൈറാ എന്ന സ്ഥലത്തുകൂടി വേറൊരു മാൎഗ്ഗവും ഇവിടുത്തേയ്ക്കുണ്ടായിരുന്ന ഡേവിസ്സിന്റെ ഭഗവദ്ഗീത 125-ാം വശം ഈ അഭിപ്രായങ്ങളെ സാ

ധൂകരിക്കുന്നതാണ്. കടൽക്കരയോരമായും ക്ലാഡിയസ്സിൻെറ കാലാനന്തരം ഉൾക്കടലിൽ കൂടിയുമാണ് ഭാരതത്തിലെ തെക്കൻ തുറമുഖങ്ങളിൽനിന്നു അറേബിയയിലേയ്ക്കും ഈജിപ്റ്റിലേക്കും സാമാനങ്ങൾ കൊണ്ടുപോയിരുന്നതെന്ന് 1094ലേ റോയൽ ഏഷ്യാട്ടിക്‌സംഘം വക പത്രഗ്രന്ഥത്തിൽ ഉള്ള റോമൻനാണയങ്ങൾ എന്ന തലക്കെട്ടോടുകൂടിയ പ്രബന്ധത്തിൽ കാണിച്ചിട്ടുണ്ട്.

ഇന്ത്യയും ഗ്രീസ്സുമായും കച്ചവടം നടന്നിരുന്നു. ദന്തം തുടങ്ങിയുള്ള ഇന്ത്യൻ കച്ചവടച്ചരക്കുകളെക്കുറിച്ച് ഹോമർ സൂചിപ്പിച്ചിരിക്കുന്നതിനാൽ ഇതു് പണ്ടു പണ്ടേയുണ്ടായിരുന്നുവെന്നൂഹിക്കണം. പെരിപ്ലസ്സിൽപ്പറയുന്നതിനു യോജിച്ച് ഗ്രീസ്സിനു ദന്തം എന്നപോലെ നീലവും അയച്ചുകൊടുത്തിരുന്നു. ഈ വസ്തുത (ചെംബെഴ്‌സ്എൻസൈക്ലോപ്പീഡിയാ വാല്യം 5 വശം 557)കൊണ്ടും സ്ഥിരീകൃതമാകുന്നു. ഇതിൻെറ ഉപയോഗവും പേരും ഇവിടുന്നുതന്നെ മറുരാജ്യക്കാരറിഞ്ഞുകൊണ്ടിരിക്കാനാണിടയുള്ളതു്. ഇവിടത്തെ നീലം പോർട്ടുഗീസ്സുകാർക്കു 'അനീലും' അറബികൾക്കു 'നീലു'മായി ഹോമർ വില്യത്തിൻെറ സംസ്കൃതശബ്ദംതന്നെ അറിഞ്ഞിരുന്നു. ഇവിടെനിന്നയച്ചിരുന്ന പട്ടുവസ്ത്രങ്ങൾ ഗ്രീക്കുകാർ ധരിച്ചുപോന്നുവെന്നും ഇവയ്ക്കു അവർ ഉപയോഗിച്ചിരുന്ന പേരു് "സിന്ദോനസ്" അല്ലെങ്കിൽ ടിറിയൻ തുണികൾ എന്നായിരുന്നുവെന്നും പ്രൊഫസർമാക്‌സ്ഡങ്കർ പറഞ്ഞിട്ടുണ്ട്. പണ്ടു ഭാരതത്തിനു ദൃഢമായ ഒരു വാണിജ്യബന്ധമുണ്ടായിരുന്നതു് റോം നഗരവുമായിട്ടാണ്. രോമകത്തിലേയ്ക്കിവിടെനിന്നയച്ചിരുന്ന സാധനങ്ങളിൽ ചിലതിനെപ്പററി മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ഇവയ്ക്കുപുറമേ, തുണി, മസ്ലിൻ പല അച്ചടിശ്ശീലത്തരങ്ങൾ, കറുവപ്പട്ട തുടങ്ങിയ ഗന്ധവസ്തുക്കൾ, ഉരുക്കു, കോലരക്ക്, മരുന്നുവക, വജ്രം, മുത്തു, വൈഡൂര്യം, ഗോമേദകം ഇത്യാദി പലതിനേയും കൂടി കുറിക്കേണ്ടിയിരിക്കുന്നു. പെരിപ്ലസ്സ്, പ്ലിനിയുടെ ജന്തുവിജ്ഞാനീയചരിത്രം, ഇൻഡികാഎൻസൈക്ലോപ്പീഡിയാബ്രിട്ടാനിക്കാ എന്നീ ഗ്രന്ഥങ്ങൾ ഈ അഭിപ്രായത്തിനവലംബങ്ങളാകുന്നു. റോമിൽ കറുവയ്ക്കു 'കാപ്പൺ' എന്ന പേരാണുപോലുള്ളതു്. പ്രൊഫസർ ഹീരൻെറ അഭിപ്രായം:—സുഗന്ധസാധനങ്ങളെ ഉല്പാദിപ്പിച്ചതു ഭാരതമാകുന്നു. ഇവ പണ്ടു പടിഞ്ഞാറൻ നാട്ടുകാർക്ക് കൊടുത്തിരുന്നതും ഭാരതംതന്നെ. നീയോഫ്രാസ്റ്റോസ്സിന് അദ്ദേഹത്തിൻെറ കാലത്തു ഭാരതത്തിൽ നിന്നയക്കപ്പെട്ട കുരുമുളകിൻെറ വർഗ്ഗഭേദങ്ങളെ വേണ്ടപോലെ തിരിച്ചറിയാൻ കഴിയുമായിരുന്നു. ഈ സാധനവും ഇതിൻെറ പേരും പേഷ്യാവഴിക്കു ഒരു കാലത്തു പടിഞ്ഞാറൻ രാജ്യങ്ങളിൽപ്പരന്നു. സംസ്കൃതത്തിലെ 'പിപ്പലി' ലാററിനിൽ 'പിപ്പരം' ഇംഗ്ലീഷിൽ 'പെപ്പർ'മായി. ജടാമാഞ്ചി ഇലവങ്ങം ഗുഗ്ഗുലു മുത

ലായവയും ചൂരലും ഇവിടുന്നാണയച്ചിരുന്നതെന്ന് മിസ് മാറിങ് പറഞ്ഞിട്ടുണ്ട്. കുരുമുളക, വൈഡൂര്യം, മുത്ത്, ധാതുദ്രവ്യങ്ങൾ എന്നിവ റോമിലേയ്ക്കു കയററുമതി ചെയ്തിരുന്ന കേരളം, കോയമ്പത്തൂർ, മധുര ഈ രാജ്യങ്ങളിൽ റോമൻ നാണയങ്ങൾ ഇപ്പോഴും കാണപ്പെടുന്നു. റോമൻ പാകശാലകൾക്കാവശ്യപ്പെട്ട ഏലം മുളക്, കറുവപ്പട്ട എന്നിവയുടെ വിലയായി കൊടുത്തിരുന്ന ജൂലിയോക്ലാഡിയൻെറ കാലത്തിലെ റോമൻ സ്വർണ്ണനാണയങ്ങൾ കണ്ണൂരിൽ കാണപ്പെട്ടതായി മിസ്റ്റർ മോമൻസെൻ പ്രസ്താവിക്കുന്നു. കേരളക്കരയിൽ വ്യാപാരബന്ധമുറപ്പിച്ച റോമൻകാർ പിന്നീടു ഇവിടെ കുടിപാർക്കാൻ തുടങ്ങി. ഒന്നാമത്തെയും രണ്ടാമത്തെയും ക്രൈസ്തവശതാബ്ദങ്ങളിൽ അനേകം റോമൻവണിക്കുകൾ തെക്കെയററത്ത് വാസമുറപ്പിച്ചുവെന്നു നിർണ്ണയിക്കാൻ ന്യായമുണ്ടെന്നു വിൻസൻറസ്മിത്ത് എഴുതിയിട്ടുണ്ട്. പട്ടു, ഗ്രീസ് ഈജിപ്ത് ഈ പ്രദേശങ്ങളിലേയ്ക്കയച്ചുവന്നിരുന്നതിൽ എത്രയോ മടങ്ങധികമായി റോമിൽ ചിലവായിരുന്നു. റോമിലെ സ്ത്രീകൾ പട്ടിൻെറ ഭാരത്തിന്നു തുല്യം സ്വർണ്ണനാണയങ്ങൾ കൊടുത്തിരുന്നുവത്രെ. പേർഷ്യൻസാമ്രാജ്യത്തിൻ കീഴിലിരുന്ന കാലത്ത് ഇൻഡ്യൻപട്ടിന് തൂക്കത്തിന്നു തുല്യമായി പൊൻനാണയങ്ങൾ കൊടുത്തിരുന്നുവെന്നു പ്രൊഫസർ രാധാകുമുദമുക്കർജിയുടെ Indian Shipping എന്ന ഗ്രന്ഥം 63-ാം വശത്തു പ്രസ്താവിച്ചിരിക്കുന്നു.

ഏതായാലും ഇവിടത്തെ വ്യവസായഫലങ്ങളിൽ ഏറിയകൂറും റോമിൽ വിററഴിഞ്ഞിരുന്നുവെന്നു തീർച്ചതന്നെ. റോമൻകാരുടെ അമിതഭോഗങ്ങൾക്കും വിശേഷിച്ചും സ്ത്രീകളുടെ മൂഢാഡംബരങ്ങൾക്കുമായി പത്തുലക്ഷം പവനിൽ കുറയാത്ത ഒരു സംഖ്യ ആ ദേശത്തുനിന്നു ഇന്ത്യക്കാർ അപഹരിക്കാത്ത ഒരു കൊല്ലമെങ്കിലും കാണുന്നതല്ലെന്നു പ്ലിനി സങ്കടപ്പെട്ടെഴുതിയിരിക്കുന്നതു നമുക്കഭിമാനകരമല്ലയോ? റോമൻരാജ്യത്തിനുള്ളിൽ നിന്ന് ഒരു വർഷങ്ങളിൽ ഇൻഡ്യയിലേയ്ക്കു പോയിരുന്നതു് അഞ്ചുകൂ സെസ്റ്റെറിയായാണെന്നു വേറൊരു കണക്കിൽ കാണുന്നു. ഇതേകദേശം നാല്പതുലക്ഷമുറുപ്പികയായിരിക്കും. (എൻസൈക്ലോപ്പീഡിയാബ്രിട്ടാനിക്കാ വാല്യം 11 വശം 450 കാണുക) വേറൊരഭിപ്രായമിതാണ്. റോമൻകാർ ഭാരതത്തിൽനിന്നൊടുക്കുന്ന സാധനങ്ങളുടെ വിലയായി ആണ്ടൊന്നിൽ നാല്പതുലക്ഷം പവനുതുല്യമായ ഒരു തുക വ്യയം ചെയ്തിരുന്നുവെന്നും ടോളമികളുടെ ഭരണകാലത്ത് ഒരവസരത്തിൽ നൂററിരുപതു ഇന്ത്യൻകപ്പലുകൾ തുറമുഖത്ത് നങ്കൂരമുറപ്പിച്ചു കിടന്നിരുന്നുവെന്നും അന്നു ഈജിപ്ത്, സിറിയാ, റോം ഈ രാജ്യക്കാരുടെ ആവശ്യങ്ങളൊട്ടുമുക്കാലും ഇന്ത്യൻചരക്കുകൾകൊണ്ട് നിർവഹിച്ചിരുന്നുവെന്നും അവിതർക്കിതങ്ങളായ പ്രമാണങ്ങൾകൊണ്ടു വിവാദിക്കാം

തെ നിവൃത്തിയില്ലെന്നു ഏതാനും ഗ്രന്ഥകാരന്മാർ പ്രതിജ്ഞചെയ്യുന്നു. (ഗ്രിയുടെ പശ്ചിമഭാരതത്തിലെ ജീവിതം, ടോഡിന്റെ പശ്ചിമഭാരതം എന്നിവ) മിയോസ്ഹാർമസ്സിൽനിന്നു് നൂററിരുപതു കപ്പലുകൾ ഇന്ത്യയിലേയ്ക്കോട്ടിച്ചുപോകുന്നതു കണ്ടതായി സ്ട്രാബോ എഴുതിയിരിക്കുന്നു.

ഭാരതത്തിനു് പടിഞ്ഞാറുള്ള രാജ്യങ്ങളിലേററവും അടുത്തതു് അറേബിയാകയാൽ ആ രാജ്യവുമായാണു് നമ്മുടെ പൂർവ്വന്മാർ കപ്പലിൽ കയറിയുള്ള വ്യാപാരം ആരംഭിച്ചിട്ടുള്ളതു്.

വളരെക്കാലം നിലനിന്നിരുന്ന ഈ രാജ്യവുമായുള്ള വ്യാപാരബന്ധം തുടങ്ങിയതു പണ്ടുപണ്ടേയാണെന്നു കാണുന്നു. മനുഷ്യവർഗ്ഗം ആവശ്യങ്ങളറിഞ്ഞു ജീവിക്കാൻതുടങ്ങിയ കാലത്തിന്റെ പ്രാരംഭഘട്ടം മുതൽ ഇതു നടന്നുവന്നിരിക്കണമെന്നുകൂടി സ്മരിക്കേണ്ടതായിരുന്നു. ഈ വിഷയത്തിൽ നമുക്കു ലാസനും, അദ്ദേഹത്തിനു് ഹീരനും, ആ മഹാനു് വാൻബോലനും, പ്രമാണകർത്താക്കന്മാരായിത്തീർന്നിട്ടുണ്ടു്. മിശ്രദേശത്തു് മൃതദേഹത്തെ സുഗന്ധതൈലസേചനംചെയ്തു് സംരക്ഷിക്കുന്ന ഒരു പതിവു് പണ്ടുണ്ടായിരുന്നുവല്ലോ. മമ്മികൾ എന്നു പറയപ്പെട്ടുന്ന ആ പ്രേതങ്ങളെ ഇന്ത്യൻമസ്ലിൻകൊണ്ടാണു് മൂടിയിരുന്നതെന്നുകൂടി ലാസൻ പ്രസ്താവിച്ചിരിക്കുന്നു.

സ്ട്രാബോ, പ്ലിനി, ഡയോറോസ് മുതലായവർ അത്യന്തം പൂജ്യനായി ഗണിച്ചിട്ടുള്ള 'അഗർത്ത്ചൈഡസ്' അലക്സാൻഡ്രിയായിലെ ഗ്രന്ഥശാലാദ്ധ്യക്ഷനായിരുന്നു. അദ്ദേഹം പെരിപ്ലസ്സിന്റെ കാലത്തിനും മുന്നൂറുകൊല്ലം മുമ്പാണു് ജീവിച്ചിരുന്നതു്. ഭാരതത്തിൽ പശ്ചിമഭാഗത്തുള്ള 'പത്തല' എന്ന തുറമുഖത്തുനിന്നു് യമനിലേയ്ക്കു കപ്പലുകളോടിച്ചുവന്ന കഥ ആ മഹാൻ കുറിച്ചിരിക്കുന്നുവത്രെ. ചെങ്കടൽ, പേർഷ്യൻ ഉൾക്കടൽ, മലയാളക്കരയോരമായ അറബിക്കടൽ, ചോഴമണ്ഡലതീരംചേർന്ന വംഗസമുദ്രം മുതലായി പലയിടങ്ങളിലും കപ്പൽയാത്ര ചെയ്തും ഭൃഗുകച്ഛത്തിൽ ഏറെക്കാലം പാർക്കയുംചെയ്തിട്ടുള്ള ഒരു സാംയാത്രികനാണല്ലോ 'പെരിപ്ലസ്സ്' എന്ന ഗ്രന്ഥത്തിന്റെ കർത്താവു്. ഭാരതീയരുടെ വൻതരം കപ്പലുകൾ കിഴക്കെ ആഫ്രിക്കാ, പേർഷ്യ, അറേബിയാ എന്നീ രാജ്യങ്ങളിലുൾപ്പെട്ട തുറമുഖങ്ങളെ പ്രാപിച്ചിരുന്നതായും അവക്കു് സൊക്കോട്രായുടെ വടക്കെയററത്തു് നിവാസസ്ഥാനങ്ങളുള്ളതായും ആ ഗ്രന്ഥകാരനെഴുതിയിരിക്കുന്നു. ചോഴമണ്ഡലതീരവാസികൾ അവരുടെ കപ്പലുകളിൽ ചരക്കുകൾ കയററി മലയാളക്കരയിലേയ്ക്കു കൊണ്ടുപോയി വിററഴിച്ചിരുന്നുവെന്നും ആ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. കലിംഗദേശക്കാർ വാണിജ്യത്തിന്റെ പ്രാധാന്യം വേണ്ടപോലറിഞ്ഞു് വിലമതിച്ചിരുന്നു. കലിംഗരാജകുമാരന്മാരുടെ

വിദ്യാഭ്യാസത്തിൽ കപ്പലോട്ടവും കപ്പൽവഴിയായുള്ള കച്ചവടവും മുഖ്യവിഷയമായിരുന്നുവെന്നു ഗ്രഹിക്കാൻ ചില ശാസനങ്ങൾ കാണപ്പെട്ടുന്നുവെന്നു് "ഒറിസ്സാ(ഉല്ക്കലം)യെപ്പററി വിണ്ടർ എഴുതിയിട്ടുള്ള ഗ്രന്ഥം ഒന്നാം വാല്യം 197-ാംവശത്തു രേഖപ്പെടുത്തീയിരിക്കുന്നു. ക്രിസ്തുവിന്നു മുമ്പ്, പത്താംശതാബ്ദത്തിനുമുമ്പുതന്നെ ഭാരതീയരും അറേബിയയുടെ തെക്കേയററത്തെ സബേന്മാരുംതമ്മിൽ കപ്പൽമുഖേനയുള്ള വ്യാപാരത്താൽ കെട്ടുപെട്ടിരുന്നു. (ഡങ്കറുടെ പൌരാണികചരിത്രം വാല്യം 4 വശം 156) ഇതാണല്ലോ മനുവിൻെറ കാലമായി പടിഞ്ഞാററൻ പണ്ഡിതന്മാർ നിൎണ്ണയിച്ചിരിക്കുന്നതു്. അലക്സാണ്ടറുടെകാലത്തു് നീയക്ക്സ്സ് എന്ന മാസിഡോണിയായിലെ സൈന്യനായകൻ പേൎഷ്യൻ ഉൾക്കടലിൽ പ്രവേശിച്ചപ്പോൾ ഭാരതീയരുടെ കച്ചവടച്ചരക്കുകൾ വന്നടിഞ്ഞശേഷം അസ്സിറിയായിലേയ്ക്കയക്കാൻ തയാറായിരിക്കുന്ന തുറമുഖമായി അദ്ദേഹം കണ്ടതു് മസ്കററ് എന്ന പട്ടണമാണു്. ഈ വ്യാപാരം കഴിഞ്ഞ നൂററാണ്ടിൻെറ ആരംഭത്തോളം ഭാരതീയൎക്കധീനമായിത്തന്നെയിരുന്നു. ഈ ഭാഗം തെളിയിക്കാൻ ഏറെ പുരാതനനല്ലാത്ത ഒരു ഗ്രന്ഥകാരനായ മിസ്റ്റർ ക്ലൌപ്പററ് കുറിച്ചിരിക്കുന്നതെന്തെന്നുനോക്കാം. അദ്ദേഹം ഇങ്ങനെ എഴുതുന്നു. "അറബിഫെലിക്സിലെ കച്ചവടം മുഴുവൻ ഗുജ്ജരത്തിലെ ബനിയാന്മാൎക്കധീനമായിരുന്നു. അവർ പിതൃപുത്രപരമ്പരയായി ആ തൊഴിൽ നിൎവ്വഹിച്ചുപോന്നു. അതിലേയ്ക്കവർ അവിടെ വാസമുറപ്പിക്കയും ഗവണ്മെൻറ് അവരെ സംരക്ഷിക്കയും ചെയ്തിരുന്നു." അവരുടെ സ്വത്തിൻെറ സ്ഥിതിയനുസരിച്ചു് ഒരു നികുതി അവരിൽനിന്നീടാക്കിയിരുന്നുവെന്നുള്ളതും ഇവിടെ വക്തവ്യമാണു്.

ആഫ്രിക്കാഖണ്ഡത്തിൽ ഈജിപ്ററുമായി മാത്രമല്ല കിഴക്കു സാൻസിബാറിലും ചെങ്കടൽത്തീരങ്ങളിലും നമ്മുടെ പൂൎവ്വന്മാൎക്കു വാണിജ്യബന്ധമുണ്ടായിരുന്നു. ചെങ്കടൽക്കരയിൽ ഇന്ത്യൻ ചരക്കുകൾ ചെന്നടിയുന്ന തുറമുഖം മിയാസ്ഹാർമസാണെന്നു് മുമ്പെ സൂചിപ്പിച്ചിട്ടുണ്ടു്. സാൻസിബാറുമായുള്ള വ്യാപാരത്തെപ്പററി പെരിപ്ലസ്സ് എന്ന ഗ്രന്ഥത്തിൽനിന്നു സുവ്യക്തമായി ഗ്രഹിക്കാവുന്നതാണു്. ഗൎഗഡോ എന്നു ഇപ്പോൾ പറയപ്പെടുന്ന റഫ്താകോടിവരെയുള്ള കരയോരമായ കച്ചവടസ്ഥലങ്ങളുടെ പേരുകളും അവയിൽ ഓരോന്നിനും വാണിജ്യവിഷയമായി ഈജിപ്തിനോടുള്ള ബന്ധവും അതിൽ വിവരിക്കുന്നു. തെക്കേക്കോടിയായി അതിൽ പ്രസ്താവിക്കുന്നതു റഫ്ത്തായേയാണു്. ആ ഗ്രന്ഥകാരനു് ഭൂശാസ്ത്രജ്ഞാനം അത്രത്തോളമെയുള്ളു. ഭാരതീയസാധനങ്ങളെക്കുറിച്ചുതാനിങ്ങനെ പറയുന്നു. "ഭാരതത്തിലെ സ്വാഭാവികവിഭവങ്ങളിൽ നെല്ലു്, അരി, വെണ്ണ, നല്ലെണ്ണ, പരുത്തിയും മസ്ലിനുമായ തുണിത്തരങ്ങൾ, ശക്കര മുതലായവ അൎഗ്ഗുക, ബ

ഒറിസാ ഈ സ്ഥലങ്ങളിൽനിന്നു കയററി അയക്കുന്നു. ഇവയിൽ ആദ്യത്തേതു കൊങ്കണവും പിന്നത്തേതു ഭൃഗുകച്ഛവുമാണെന്നു പറയേണ്ടതില്ലല്ലോ. (പെരിപ്ലസ്സ് വശം 8) ഈ വ്യാപാരത്തെ അറിയൻ (Arrian) എന്ന ഗ്രന്ഥകാരനും ചൂണ്ടിക്കാണിക്കുന്നുണ്ടു്. ആഫ്രിക്കയിൽ സ്വർണ്ണസമൃദ്ധിയുള്ള രാജ്യങ്ങളുമായി ഇന്ത്യ കച്ചവടംചെയ്തിരുന്നതിനാൽ ആ കാലത്തു് ആ ലോഹം അത്ര ധാരാളമായി ഹിന്ദുരാജ്യത്തിൽചെന്നു ചേർന്നിരിക്കാനിടയുണ്ടെന്നുകൂടി പ്രൊഫസർ ഹീരൻ അഭിപ്രായപ്പെടുന്നു. ഗാർഡഫ്യൂകോടിയല്ലാതെ ഏഡന് സമീപമുള്ള സൊക്കോട്ടായിലും ഭാരതത്തിലെ ബനിയാന്മാരും ഗ്രീസ്സിലെ വണിക്കുകളും ചെന്നു നിവാസമുറപ്പിച്ചിരുന്നതായി പെരിപ്ലസ്സ് പതിനേഴാംവശത്തു് പ്രസ്താവിച്ചിട്ടുണ്ടു് സൊക്കോട്ടായുടെ പണ്ടത്തെപ്പേരു് ഡയസ്കാറിഡ്സ്ദ്വീപെന്നായിരുന്നു. ഹിന്ദുകച്ചവടക്കാരായ ബനിയാന്മാർ കടലുകടന്നു് അന്യരാജ്യങ്ങളിലെത്തിപ്പാർക്കുക പണ്ടേ പതിവായിരുന്നെന്നു് പ്രൊഫസർ ഹീരൻ Historical Researches എന്ന ഗ്രന്ഥം രണ്ടാംവാല്യത്തിൽപ്പറഞ്ഞിരിക്കുന്നു. ഗുജ്ജരരാജ്യത്തും അതിനു സമീപമുള്ള സ്ഥലങ്ങളിലുംനിന്നു് അനേകായിരം ഹിന്ദുക്കൾ ഇക്കാലത്തും ആഫ്രിക്കയിൽ പാർത്തുവരുന്നതിനാൽ ഈ വാസം പണ്ടത്തെ വ്യാപാരവിഷയമായി നമ്മുടെ പൂർവ്വന്മാർക്കുണ്ടായിരുന്ന താല്പര്യത്തിന്റെ ഒരവശേഷമായിക്കരുതണം. ഈ വിഷയത്തിൽ ഇന്ത്യയ്ക്കു കിഴക്കൻദിക്കുകളുമായി പണ്ടുണ്ടായിരുന്ന ബന്ധം പ്രധാനമായി, ചൈന, ആസ്ട്രേലിയ എന്നീ രാജ്യങ്ങളോടാണു്. കിഴക്കൻകരയോരമായി സഞ്ചരിച്ചു ചരക്കുകൾ ആവാ (ഔഗം) മലാക്കാ (യമലം) എന്നീ പ്രദേശങ്ങളിലെത്തിക്കുന്നതു് വിഷമമായി കണ്ടതിനാൽ ഈ കാര്യത്തിൽ വംഗസമുദ്രത്തെത്തന്നെ ഇവക്കാശ്രയിക്കേണ്ടിവന്നു. '(Royal Asiatic Magazine' 1905 ഒക്ടോബർ) എന്ന പത്രഗ്രന്ഥത്തിൽ 'കകകുസു' എന്ന ജപ്പാൻകാരൻ ഈവിധം എഴുതിയിരിക്കുന്നു. "ക്രൈസ്തവവർഷം 400 മുതൽ 800വരെ ചീനവും ഭാരതവുംതമ്മിൽ വ്യാപാരവിഷയമായ ഒരു ചേർച്ചയുണ്ടായിരുന്നുവെന്നതിൽ തർക്കമില്ല." സസന്ദേഹങ്ങളായ പ്രമാണങ്ങളെ അവലംബിച്ചുള്ളതല്ല ഈ അഭിപ്രായം; ബൌദ്ധന്മാരൊ അല്ലാത്തവരൊ ആയ ചീനക്കാരുടേയും ജപ്പാൻകാരുടേയും ഗ്രന്ഥങ്ങളിൽനിന്നു ഗ്രഹിച്ചതാണു്. ഹിന്ദുകച്ചവടക്കപ്പലുകൾ ചീനക്കടലിൽ സഞ്ചരിക്കുന്ന കാര്യം അവയിൽ വ്യക്തമായി കാണിച്ചിട്ടുണ്ടു്. ക്രൈസ്തവാബ്ദം 399മുതൽ 415വരെ ഇവിടെ സഞ്ചരിച്ചിരുന്ന ചീനക്കാരൻ ഇവിടത്തെ ഒരു കപ്പലിൽക്കയറി യവദ്വീപുമാർഗ്ഗമായി നാട്ടിലെത്തിയ കഥ നമുക്കറിയാമല്ലോ. അതുകൂടാതെ ബ്രാഹ്മണർ യാത്രചെയ്തിരുന്ന അനേകം കപ്പലുകൾ 750-ാം ക്രിസ്തുവർഷത്തിനിടയ്ക്കു കാന്റൺനദിയിൽക്കൂടിയോടിച്ചു പോയതിനെക്കുറിച്ചു് താങ്ങ്‌വംശത്തിലെ ഒരു ഋക്സാ

ക്ഷി എഴുതിയിട്ടുണ്ട്. ക്രൈസ്തവവൎഷത്തിന്റെ ആദിയിലുള്ള രണ്ടു ശതാബ്ദങ്ങളിൽ ചോഴമണ്ഡലതീരത്തിലെ തുറമുഖങ്ങൾ പടിഞ്ഞാറും കിഴക്കുമുള്ള രാജ്യങ്ങളുമായി വ്യാപാരം നിൎവഹിച്ചിരുന്നുവെന്നും ചോഴന്മാരുടെ കപ്പലുകൾ ഭാരതസമുദ്രം കടന്നു മലയൻദ്വീപുസമൂഹത്തിലെത്തിയിരുന്നുവെന്നും പ്രാചീന തമിഴ്ഗ്രന്ഥങ്ങളും ഗ്രീക്കുകാരുടേയും റോമൻകാരുടേയും സാഹിത്യങ്ങളും സ്പഷ്ടമായി പ്രകാശിപ്പിക്കുന്നതായി വിൻസന്റ്സ്മിത്ത് എന്ന ചരിത്രകാരൻ പറയുന്നു. ഹിന്ദുക്കൾ അന്യരാജ്യക്കാരുടെ സഹായംകൂടാതെ കപ്പൽപ്പണി നടത്തി ചോഴമണ്ഡലക്കരെ ചേൎന്ന കടലിലും ഗംഗാനദിയിലും സഞ്ചരിച്ചിരുന്നുവെന്നും കപ്പലുകളുടെ വലിപ്പവും മററും നോക്കി അവയ്ക്കു പേരിട്ടിരുന്നതായും ഹീരൻപണ്ഡിതർ പ്രസ്താവിച്ചിട്ടുണ്ട്. നമുക്ക് ഈ വാണിജ്യാസക്തി ഗ്രീക്കുകാരുടെ സംസൎഗ്ഗത്തിൽനിന്നുത്ഭവിച്ചിട്ടുള്ളതല്ല; പ്രത്യുത, ദേശീയവ്യവസായത്തിന്റെ ഒരു ഫലംതന്നെയാണ് എന്നുള്ളതിലേയ്ക്കു ചോഴമണ്ഡലതീരത്തിലും മലയാളക്കരയിലും പണ്ടുപണ്ടേയുള്ള തുറമുഖങ്ങളേയും വാണിജ്യസ്ഥാനങ്ങളേയുംകാൾ കൂടുതലായ തെളിവ് ഇനി എന്താണ് വേണ്ടതു്? വസ്ത്രവിശേഷങ്ങൾക്കു കീൎത്തിപ്പെട്ട മസൂലിപ്പട്ടണവും ഗംഗാനദീമുഖത്തുള്ള തുറമുഖങ്ങളും പെരിപ്ലസ്സിന്റെ കാലത്തുള്ളതായി ആ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്കു ആയതു് ആ ഗ്രന്ഥത്തിൽ സ്ഥാനംപിടിക്കാൻമാത്രം അപ്പോൾ സ്ഥാപിക്കപ്പെട്ടതല്ലെന്നും നേരെമറിച്ചു് ആ നിലയിലെങ്കിലും എത്രയോ മുമ്പുതന്നെയിരുന്നിരുന്നുവെന്നും നിൎണ്ണയിക്കയല്ലേ വേണ്ടതു്? മസൂലിപ്പട്ടണത്തിന്റെ കീൎത്തി 17-ാം നൂററാണ്ടിൽപോലും നശിച്ചിരുന്നില്ലെന്നു ടാവർണീർ എന്ന സഞ്ചാരിയുടെ കുറിപ്പിൽനിന്നു ഗ്രഹിക്കാം. 1666-ൽ അദ്ദേഹം എഴുതിയതിങ്ങനെയാണ്. കിഴക്കു ബംഗാൾ, അറക്കൻ, പെഗു, സയാം, സുമാത്ര, കൊച്ചിൻചൈനാ, മാനില്ലസ്സ് മുതലായ രാജ്യങ്ങളിലേയ്ക്കും പടിഞ്ഞാറ് ആർമസ്സ്, മക്ക, മഡഗാസ്കർ എന്നീ പ്രദേശങ്ങളിലേയ്ക്കും കപ്പൽയാത്രചെയ്യാൻ ബംഗാൾ ഉൾക്കടൽക്കരയിൽ മസൂലിപ്പട്ടണമെന്ന ഒരേയൊരു തുറമുഖമേയുള്ളു.

ലങ്കയുടെ വാണിജ്യപ്രാധാന്യത്തെക്കുറിച്ചുകൂടി രണ്ടുവാക്കു പറഞ്ഞശേഷം ഈ പ്രബന്ധം സമാപിപ്പിക്കുന്നതുചിതമായിരിക്കും. ഒരു ചെറിയ കടലിടുക്കുകൊണ്ടുമാത്രം ഭാരതത്തിൽനിന്നു വേർപെട്ടിരിക്കുന്ന ലങ്ക ഒരുകാലത്തിതോടു ചേൎന്നുകിടന്നുവെന്നുള്ളതിലേയ്ക്കു തെളിവുണ്ടു്. അതു തല്ക്കാലം നമ്മുടെ ചിന്താവിഷയമല്ലാത്തതിനാൽ ഇവിടെ വിവരിക്കുന്നില്ല. കാസ്മോസ്സ് പറയുന്നതു് പണ്ടു സിലോൺ ഭാരതീയരുടെ ഒരു വ്യാപാരകേന്ദ്രമായിരുന്നുവെന്നാണ്. അതിന്റെ സ്വാഭാവികസ്ഥിതിയും ഉപയുക്തസങ്കേതങ്ങളും അതിനു് പ്രത്യേകം സൌകൎയ്യം വരുത്തിയിരുന്നുവെന്നു നിൎണ്ണയിക്കാം. ഭാരതവാണിജ്യചരിത്രം ല

കയുടെ ചരിത്രത്തെ അവലംബിച്ചിരിക്കുന്നുവെന്ന് "ഹിസ്റ്റാറിക്കൽ റീസർച്ചസ്", വാല്യം 2 വശം 440-ൽ പറഞ്ഞിട്ടുണ്ട്. പല പേരുകളും ഉണ്ട് ഈ ദ്വീപത്തിനുണ്ടായിരുന്നു. ആദ്യമായി 'താമ്രാവണ്ണ' എന്ന നാമം ഒൺസിക്രിററസ് ഉപയോഗിച്ചു. Taprobana എന്നു് ഇംഗ്ലീഷിൽ കണ്ടതിനെ ചിലർ താമ്രവണ്ണി എന്നെഴുതാൻതുടങ്ങി. ഇതു ശരിയാണെന്നു തോന്നുന്നില്ല. (താബ് + രാവണ താബ്രാവണ) താബ് ദ്വീപമെന്നർത്ഥമാകുമ്പോൾ 'താബ്രാവണ' രാവണൻെറ ദ്വീപമാകണം. ഇതിന് താമ്രവണ്ണിയുമായി എന്തന്തരം? ഏഷ്യാട്ടിക് റീസർച്ചസ് വാല്യം 5 വശം 39 നോക്കുക. പാലോസിമുൻദി എന്നു പേരു ഉണ്ടുണ്ടായിരുന്നതായി ടോളമിയും പ്ലിനിയും പ്രസ്താവിച്ചിട്ടുണ്ട്. എങ്കിലും ടോളമിയുടെ കാലത്തു് 'സാലിസ്സ്' എന്നാണപ്പോൽ പറഞ്ഞിരുന്നതു്! ആ നാട്ടുകാർ 'സാലോ' എന്നു വിളിച്ചിരുന്നു. അതു 'സിലനം' പിന്നീടു് 'സിലോൺ'മായെന്നു കാണുന്നു. സിംഹളദ്വീപമെന്ന അഭിധാനമാണല്ലൊ ഭാരതീയർ കൊടുത്തിരുന്നതു്. 'മഹാവംശ'പ്രകാരം ക്രിസ്തുവവതാരത്തിനു 550 വർഷംമുമ്പ് ഈ ദ്വീപത്തെ ആക്രമിച്ചു കീഴടക്കി നിവാസമുറപ്പിച്ച വംഗരാജകുമാരനായ വിജയനാണ് ഈ പേരിട്ടതെന്നു കരുതേണ്ടിയിരിക്കുന്നു.

തിരുവനന്തപുരം. സി. പി. ഗോവിന്ദപ്പിള്ള എം. ആർ. ഏ. എസ്സ്.

---

## ചില പഴഞ്ചൊൽ കഥകൾ.

(തുടർച്ച.)

### അണ്ടിപ്പുരിപ്പകത്തായി.

പണ്ടൊരു മാപ്പിളമജിസ്ട്രേട്ടുണ്ടായിരുന്നു. അയാൾക്ക് പഠിപ്പും പാസുമൊന്നുമുണ്ടായിരുന്നില്ല. എല്ലാം ഗുമസ്തന്മാരെക്കൊണ്ടു കഴിച്ചുകൂട്ടിയിരുന്നു. എങ്ങിനെയോ ഒരു സായ്പിൻെറ കൃപകൊണ്ട് ഉദ്യോഗം കിട്ടിയതാണ്. ആ കാലത്തൊക്കെ അത്ര മതിയായിരുന്നു. എങ്കിലും ആൾ ഒരു മനസ്സാക്ഷിയോടുകൂടിയവനായിരുന്നതിനാൽ സത്യപ്രകാരമേ പ്രവൎത്തിക്കയുള്ളൂ. ഒരുദിവസം നിലവിലിരിക്കുന്ന ഒരു കളവുകേസിലെ പ്രതികൾ മജിസ്ട്രേട്ടില്ലാത്തസമയത്ത് വീട്ടിൽചെന്ന് ചില പലഹാരങ്ങൾ കുട്ടികൾക്ക് തിരുമുൽക്കാഴ്ചചെയ്തു, അദ്ദേഹത്തിൻെറ ഭാൎയ്യയോടു് സങ്കടം പറഞ്ഞു് തങ്ങളെ ശിക്ഷിക്കാതിരിപ്പാൻ ശിപാൎശിചെയ്യണമെന്നപേക്ഷിച്ചു. മജിസ്ട്രേട്ട് വന്നപ്പോൾ കുട്ടികൾ വിവരം പറഞ്ഞു. അവർ കൊണ്ടുവന്ന പലകിഅണ്ടിപ്പുരിപ്പ് അപ്പോഴക്കും കുട്ടികൾ തിന്നുംകഴിഞ്ഞു. മജിസ്ട്രേട്ട് അനേനാളിവസം കോടതി

ധിൽ ചെന്നു് കേസ് വിചാരണചെയ്തു. പ്രതികൾ കുററക്കാരാണെന്നു തെളിയുകയും ചെയ്തു. മജിസ്രേട്ട് ധർമ്മസങ്കടത്തിലായി. ഉടനെ ഹെഡ്ക്ലാർക്കിനെ വിളിച്ചു് വിധി എന്തെഴുതേണമെന്നു ചോദ്യമായി. കുററം തെളികയാൽ ശിക്ഷിക്കാതിരിപ്പാനും വയ്യാ. ശിക്ഷിക്കയെന്നു വെച്ചാൽ അവർ കൊണ്ടുവന്ന പലഹാരങ്ങൾ കുട്ടികൾ തിന്നുകഴിഞ്ഞുപോകയാൽ പ്രതിഫലം അനുഭവിച്ച പാപവും കയ്യേൽക്കേണ്ടിവരുമെന്ന ഭയവുമുണ്ടു്. ഒടുവിൽ കുററം തെളിഞ്ഞുവെങ്കിലും പ്രതികൾ വീട്ടിൽവന്നു് താനില്ലാത്തപ്പോൾ കുറെ അണ്ടിപ്പരുപ്പ് കൊണ്ടുകൊടുത്തതു് കുട്ടികൾ തിന്നുപോകയാൽ അണ്ടിപ്പരിപ്പ് അവരുടെ അകത്തായിക്കഴിഞ്ഞതിനാൽ തൽക്കാലം ശിക്ഷിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് പ്രതികളെ വിട്ടിരിക്കുന്നു എന്നു് വിധിപറകയുംചെയ്തു.

ചില സർക്കീട്ടുദ്യോഗസ്ഥന്മാർ പരിശോധനാർത്ഥം നാട്ടുപുറങ്ങളിൽ പോകേണ്ടിവരുമ്പോൾ ഗത്യന്തരമില്ലാതെ തങ്ങൾക്കു് കുററം കണ്ടുപിടിക്കേണ്ടി വരുന്നവരുടെ സൽക്കാരങ്ങൾ അനുഭവിക്കേണ്ടിവരികയും ഒടുവിൽ ധർമ്മസങ്കടത്തിൽ പെട്ടു് അണ്ടിപ്പരുപ്പകത്തായപോലെ കണ്ണുചിമ്മി എല്ലാം ശരിവെച്ചു പോകുന്നതും ഇന്നും പതിവാണു്. ആ വക ഘട്ടത്തിലാണു് മേലെഴുതിയ പഴഞ്ചൊല്ലിന്റെ സാരസ്യമോർമ്മ വരിക.

## 2. "പ്രായശ്ചിത്തം വേണ്ടെന്നുവെച്ചു."

ലോകപരിചയം തുലോം കുറഞ്ഞ ഒരു നമ്പൂതിരി വേദാദ്ധ്യയനവും മററും കഴിഞ്ഞു് ഗാർഹസ്ഥ്യം സ്വീകരിച്ചു് ഇല്ലത്തുതന്നെ പാർത്തുവന്നു. ഒരു ദിവസം സന്ധ്യാവന്ദനത്തിന്നായി അടുത്തുള്ള പുഴയിൽ പോയി കുളികഴിഞ്ഞു് ഊക്കുകഴിക്കയായിരുന്നു. കൈനിറയ ജലംകോരിയതിൽ ഒരു ഞാവളിൻ പഴം പെട്ടതായി കണ്ടു. സൂക്ഷിച്ചുനോക്കിയപ്പോൾ ആ ഞാവളിൻപഴത്തിന്മേൽ ഒരു പല്ലു് പതിഞ്ഞതായി കണ്ടു. അതു കിടന്നിരുന്ന വെള്ളം താൻ അകത്തേക്കു് കഴിക്കയും ചെയ്തു. ആ ഞാവളിൻപഴം ആർ കടിച്ചാലും എച്ചിലല്ലേ? ആ എച്ചിൽ ജലമല്ലെ താൻ തീർത്ഥസങ്കല്പത്തോടെ അകത്തിറക്കിയതു്? ഇനി ആരുടെ എച്ചിലാണെന്നും കൂടി അന്വേഷിച്ചു് അതിന്നു പ്രതിവിധിനോക്കേണമെന്നുറച്ചു. പുഴക്കരയിൽ കൂടെ കുറെ മേല്പോട്ടുപോയപ്പോൾ ഒരു ചെറുമച്ചെക്കൻ അടുത്തുള്ള ഒരു ഞാവൽവൃക്ഷത്തിന്മേൽനിന്നു് ചില പഴമറുക്കുന്നതും അതിൽ ചിലതു് കടിച്ചുതുപ്പുന്നതും കാണായി. നീതന്നെയല്ലെ ഇത്തിരിമുമ്പു് ഞാൻ ഊക്കുകഴിക്കുമ്പോൾ കണ്ട ഞാവളിൻപഴം കടിച്ചു് വെള്ളത്തിലിട്ടതു് എന്നു ചോദ്യമായി. ചെറുക്കൻ പേടിച്ചു്, അടിയൻ കടിച്ചിട്ടില്ലെന്നും അഥവാ ഉണ്ടെങ്കിൽതന്നെ കരകെ ഇട്ടിട്ടുള്ളുവെന്നും പറഞ്ഞതു കൂട്ടാക്കാതെ അവനോടു് വീണ്ടും വി

ണ്ടും ചോദ്യംചെയ്തു. അവൻ കടിച്ചതുതന്നെയാണ് തനിക്കു കിട്ടിയതു് എന്നു സമ്മതിപ്പിച്ചു, ഇല്ലത്തുപോയി പഴയ ഗ്രന്ഥങ്ങളെല്ലാം പരിശോധിച്ചു. ഇതിനു പ്രായശ്ചിത്തമായി ഗംഗാസ്നാനംചെയ്യേണമെന്നു തീൎച്ചയാക്കി പിറേറന്നുതന്നെ യാത്രയായി.

ഉച്ചയായപ്പോഴേക്കു നടന്നു ക്ഷീണിച്ചു് എത്തിച്ചേൎന്ന പട്ടണത്തിൽ അന്വേഷിച്ചപ്പോൾ ഒരു അമ്മ്യാരുടെ ഹോട്ടലുണ്ടെന്നുകേട്ടു. അവിടെ ആഹാരംകഴിക്കാമെന്നുകരുതി കയറിച്ചെന്നു. അമ്മ്യാർ ഒരു വിധവയായിരുന്നു. ഊണുംകഴിഞ്ഞു് ഒന്നു മുറുക്കി നമ്പൂതിരി അമ്മ്യാരുടെ യോഗക്ഷേമമന്വേഷിപ്പാനിരുന്നു. മുണ്ടച്ചി അമ്മ്യാർ നമ്പൂതിരിയുടെ ചോദ്യങ്ങൾക്കുത്തരമായി അദ്ദേഹത്തിന്നു് അനുകമ്പ തോന്നുമാറു് തന്റെ കഷ്ടപ്പാടുകളോരോന്നു പറവാൻതുടങ്ങി. പറഞ്ഞു പറഞ്ഞു അമ്മ്യാൎക്കു രണ്ടു കുട്ടികളുള്ളതിൽ മൂത്ത കുട്ടിയെ 6 മാസം ഗൎഭമുള്ള കാലത്തു പട്ടർ മരിച്ചിരിക്കുന്നുവെന്നു നമ്പൂതിരിക്കു മനസ്സിലായി. എന്തു്? വൈധവ്യംവന്നതിനുശേഷം സന്തത്യുല്പാദനമോ? ഹര! ഹര! അങ്ങിനത്തെ ഒരു കുലഭ്രഷ്ടയുടെ ഹോട്ടലിലല്ലേ താൻ വന്നുപെട്ടതു്. എന്നുമാത്രമോ ഇത്രനേരവും അവിടെ പാൎത്തു ഉച്ചക്കു ഊണുംകഴിച്ചു. ഇനി ഇതിന്നു് എന്തെല്ലാം പ്രായശ്ചിത്തമാണ് വേണ്ടതെന്നു രൂപമില്ലല്ലോ. നമ്പൂതിരി ഉടനെ ഒന്നും സംസാരിക്കാതെ എഴുന്നീററു് പടികടന്നു ഓടിത്തുടങ്ങി. ചെറുമച്ചെക്കൻ കടിച്ചുവെന്നു ശങ്കിച്ച ഞാവലിൻപഴം ഊക്കാനെടുത്ത വെള്ളത്തിൽപെട്ടതിന്നു കണ്ട പ്രായശ്ചിത്തമാണ് ഗംഗാസ്നാനം. അതിന്നു പുറപ്പെട്ട ദിവസമാണ് ഭ്രഷ്ടയുടെ ഭക്ഷണാശനം. ഇനി ഇതിന്നു് എന്തൊക്കെയാണ് വേണ്ടിവരികയെന്നായി ഭയം. ആവട്ടെ ആദ്യത്തെ പ്രായശ്ചിത്തംകഴിഞ്ഞു മടങ്ങിവന്നിട്ടാവാം രണ്ടാമത്തേതിന്റെ പ്രതിവിധിയാലോചിക്കയെന്നുകരുതി നമ്പൂതിരി വീണ്ടും നടന്നുതുടങ്ങി. അന്നുരാത്രി ഉപവസിപ്പാൻതന്നെ നിശ്ചയിച്ചു. എങ്കിലും രാത്രിയായപ്പോൾ ഒരു ശൂദ്രവീട്ടിൽ ചെന്നുകയറി അവിടെ ഉമ്മറത്തു് ഒരുഭാഗത്തു് കിടപ്പാൻ തീൎച്ചയാക്കി. ആ വീട്ടിലേയും വൎത്തമാനം ചോദിച്ചപ്പോൾ ആകെ രണ്ടു സ്ത്രീകളെ ഉള്ളുവെന്നും അതിൽ അനുജത്തി രജസ്വലയാ(പുറത്താ)യിരിക്കയാണെന്നും ജ്യേഷ്ഠത്തിയിൽനിന്നു ഗ്രഹിച്ചു. നമ്പൂതിരി തനിക്കു കിടക്കാൻ യാതൊരുപകരണവും വേണ്ടെന്നുപറഞ്ഞു ഉമ്മറത്തെ വെറും കോലായ്മേൽതന്നെ ചുരുണ്ടുകൂടുകയാണുണ്ടായതു്. സ്ത്രീകൾ വാതലടച്ചു് കിടപ്പായതിന്നുശേഷം നമ്പൂതിരിക്കൊന്നു മുറുക്കേണമെന്നുതോന്നി തന്റെ കൈവശമുണ്ടായിരുന്ന പൊതി കെട്ടഴിച്ചു. നിലാവിന്റെ സഹായംകൊണ്ടു് പൊതിയിൽ അടക്ക ഇല്ലെന്നു മനസ്സിലായി. വീണ്ടും അകത്തേക്കു വിളിച്ചുറക്കുണൎത്തുന്നതു് ബുദ്ധിമുട്ടായി തോന്നിയേക്കാമെന്നുകരുതി, വല്ല അടക്കാക്കഷ

ണവുംആരകോലായ്മേലോമറേറാളുണ്ടോയെന്നുതിരവാൻതുടങ്ങിയപ്പോൾ മുററത്തുനിന്ന് ഒരു കഷണം കയ്യിൽകിട്ടി. അതു നമ്പൂതിരി ആഗ്രഹിച്ചമട്ടിൽതന്നെ ഒരു കൊട്ടനടക്കാക്കഷണമായിരുന്നു. നമ്പൂതിരി ദൈവാധീനമെന്നുകരുതി ആ അടക്കയുംകൂട്ടി ഒന്നു മുറുക്കി. അടക്ക സാമാന്യത്തിലധികം ഉറപ്പുണ്ടായിരുന്നതിനാൽ നമ്പൂതിരി ഉള്ള ഊക്കൊക്കെ പ്രയോഗിച്ചിട്ടേ അടക്ക പൊടിഞ്ഞുള്ളു. ഈ അടക്ക കടിക്കുന്ന ശബ്ദംകേട്ടാറെ അകത്തുനിന്നു "എന്നാലോ ഏടത്തീ! വലിയ ആളുകൾ എന്നും വലിയ ആളുകൾതന്നെ. കണ്ടില്ലേ ബ്രാഹ്മണചൈതന്യം. ഞാൻ ഇന്നു പകൽ മൂന്നുപ്രാവശ്യം കടിച്ച് പൊട്ടാതെ ഉപേക്ഷിച്ച് ഉമ്മറത്തിട്ടിരുന്ന ഒരു കഷണം കൊട്ടടക്കയാണെന്നു തോന്നുന്നു അതാ കേട്ടില്ലേ. തിരുമനസ്സിന്നു ഒരു പ്രയാസവുമില്ലാതെ ഒററ കടിക്കു പൊട്ടിച്ചതു്" എന്നിങ്ങിനെ ഒരു സ്ത്രീ സംസാരിക്കുന്നത് നമ്പൂതിരിയുടെ ചെവിയിൽ കേൾക്കാറായി. എട ദുർഘടമേ! ഈ വീട്ടിലാകെ രണ്ടു സ്ത്രീകളല്ലേ ഉള്ളു. അതിൽ അനുജത്തി "തീണ്ടാരി"യാണെന്നും നമ്പൂതിരിക്കറിവായിരിക്കുന്നു. അവൾ കടിച്ചുപേക്ഷിച്ചിട്ടതോ തന്റെ ഗ്രഹപ്പിഴക്കു കിട്ടിയ അടക്ക? അയ്യോ ഇനി എന്തുചെയ്യും. ഈ അശുദ്ധത്തിന്നിനി എന്തു പ്രായശ്ചിത്തം വേണ്ടിവരും. ആദ്യത്തെ അശുദ്ധത്തിന് കണ്ട പ്രായശ്ചിത്തമായ ഗംഗാസ്നാനത്തിന്നു പുറപ്പെട്ട ഒരു ദിവസമേ കഴിഞ്ഞിട്ടുള്ളു. വഴിയും കാലവും ഇനിയുമെത്രയുണ്ട് പ്രായശ്ചിത്തംകഴിഞ്ഞു ശുദ്ധമായി മടങ്ങിവരാൻ. അപ്പോഴക്കിതാ അതിലും വലിയ കുലഭ്രഷ്ട അമ്യാരുടെ സാപ്പാട്ടുണ്ട അപരാധം. അതിന്ന് എത്ര ഗംഗാസ്നാനമാണാവോ വേണ്ടിവരിക. ഇപ്പോഴത്തിലും കവിഞ്ഞവിധത്തിലുള്ള ജാതിഭ്രഷ്ടല്ലെ. തൊട്ടുകൂടാത്തെയായ ശൂദ്രസ്ത്രീയുടെ എച്ചിൽ കടിച്ച കഥ? ഇങ്ങിനെ ഒന്നിനൊന്നു മേല്ക്കുമേലെ വന്നുകൊണ്ടിരുന്നാൽ ഇതിന്നെല്ലാം പ്രായശ്ചിത്തംചെയ്തു ശുദ്ധി വരുത്താൻ തനിക്ക് ആയുസ്സു മതിയാകുമോ, എന്നെല്ലാമാലോചിച്ചു നമ്പൂതിരി അന്നുരാത്രി ഉറങ്ങിയില്ല. ഒടുവിൽ താൻ ചെയ്യേടത്തോളം വിഡ്ഢിത്തമായെന്നറിഞ്ഞു പിറേറന്നു കാലത്ത് കുളിയും ഊണും കഴിഞ്ഞു നേരത്തെ ഇല്ലത്തെത്തുവാനുള്ള വഴിയുമാലോചിച്ചു നടന്നു. പ്രായശ്ചിത്തവും വേണ്ട ഒരു മണ്ണാങ്കട്ടയും വേണ്ട എന്നുമുറച്ച് കഴിഞ്ഞേടത്തോളം കഥയാരോടും പറയാതെ ഇല്ലത്തുചെന്നു പാർപ്പാക്കയും ചെയ്തു.

ഇതുപോലെ ലോകമാകെ ഒന്നു പരിഷ്ക്കരിക്കേണമെന്നുറച്ച് പുറപ്പെടുന്ന പഴക്കവും തഴക്കവും സിദ്ധിച്ചിട്ടില്ലാത്ത ചില പരിഷ്ക്കാരപ്രിയന്മാരായ ചെറുപ്പക്കാരുദ്യോഗസ്ഥന്മാർ, അല്പാല്പം വല്ല ന്യൂനതയുംകണ്ടു് അതു വലുതാക്കി കൊട്ടിഘോഷിച്ചുനടന്നു് പ്രതിവിധിയാലോചിച്ചുനടക്കുന്നതിന്നിടയിൽ അതിലും എത്രയോ വലിയ ദോഷ

ങ്ങൾ ക്രമേണ ദൃഷ്ടിയിൽപെടുമ്പോൾ ഒന്നുംവേണ്ട എല്ലാം ഇരിക്കുന്നദിക്കിൽതന്നെ ഇരിക്കട്ടെ എന്നോൎത്ത് തങ്ങളുടെ ലോകപരിചയക്കുറവിനെ ഓൎത്ത് ജാള്യപ്പെടുന്നതും, ഒടുവിൽ ദുഷ്കൃത്യങ്ങൾ കണ്ടും കേട്ടും അനുഭവിച്ചും തഴമ്പുവന്ന് എന്തുംചെയ്വാൻ മടിയില്ലാത്ത ഹൃദയശൂന്യരായിത്തീൎന്നതായും ലോകം കാണിച്ചുതരുന്നുണ്ട്. ഇതിൽ രണ്ടററവും കൂടാതെ നടുക്കുകൂടെ പോകുന്നവരാണ് യഥാൎത്ഥജ്ഞാനികൾ.

(തുടരും)

(പാറളി) വി. ടി. ശങ്കുണ്ണിമേനോൻ.

## പുഷ്പഗീതം.

നിയതിതൻമൃദുനിൎമ്മലഹാസമേ
നയനചുംബിയാം നവ്യപ്രകാശമേ!
വിയതിനിസ്തുലവിശേഷോത്സവത്തിനാ-
യുയരും നീരാളച്ചെങ്കൊടിക്കുറ നീ.

നിരഘ, നിൻദ്യുതി നീരാഴിയിൽദ്വിജ-
നിരയിളക്കുന്നു നീളവേ വീചികൾ.
നുരകൾചേൎക്കുന്നു നൂതനമാരുത-
തരളിതോൽഫുല്ലതാരുകളായതിൽ
വഴിയുംഹൎഷത്താൽ വാനിന്റെ താരക-
മിഴിതവ സ്പൎശമീലിതമാകുന്നു.
കടലിന്മാറിടമാനന്ദജൃംഭിത-
മടവിയാപാദചൂഡം പുളകിതം.
മുഖമിരുണ്ടജീമൂതത്തിനുകവിൾ
സുഖമദരാഗസുന്ദരമാകുന്നു.
ദലകുലം ഭവദംശുകതല്ലജ-
ത്തലമുകരുന്നു താണ്ഡവംചെയ്യുന്നു.

ജനഗണാദരമെന്തെന്നറിയാതെ
വിനയലജ്ജാവിധുരമായ്നില്ക്കും ഞാൻ
ഒരുവനമല്ലി; ദിവ്യാതിഥേ, ഭവാ-
നരുളിടേണ്ടതിന്നെങ്ങിനേ സ്വാഗതം?

പുരടവൎണ്ണമാം പൂമ്പട്ടുമേലിട്ടു
മരതകമണിശൈലപീഠാന്തികേ
ലളിതശാഖാഗ്രലംബിയാം കാഞ്ചന-
ത്തളിരുപട്ടിനാൽ വീശാൻ ലതകളും

ഫലഭരോപഹാരത്തെസ്സമർപ്പിപ്പാ-
നലമുയർന്നെഴും നാനാനഗങ്ങളും
രജതനക്ഷത്രരത്നദീപത്തോടേ
ഭജനലോലപ്രഭാതവുംനിൽക്കവേ
മൃദുലഹാസംകലർന്നുവന്നു ഭവാൻ
മദുപകണ്ഠത്തിലേറെലജ്ജിപ്പൂ ഞാൻ.

കടലിനെപ്പോലെ മന്ദ്രമധുരമാം
പടഹമില്ലാദരിച്ചെതിരേൽക്കുവാൻ.
ഹൃദയമല്ലാതെയില്ലിരുത്തീടുവാൻ
സദനമീക്ഷുദ്രപുഷ്പത്തിന്നങ്ങയെ.
നവപനിനീരലരിന്റെ വാസനാ-
ലവവുമില്ലെനിക്കാനന്ദദായകം.
പരിചിതമല്ലഹാരിയാം പാട്ടെനി-
ക്കരിമകോലുമക്കുഷിയെപ്പോലവേ.
മധുവുമില്ലവിടേയ്ക്കു സമർപ്പിപ്പാൻ
മധുരദർശന, ഹാ! ത്രപാ മൂക ഞാൻ.
കരളിലെന്തവിടത്തേയ്ക്കുതോന്നുമോ
പരമശുദ്ധമെൻപ്രേമമറിയുമോ
ഹിമകണാശ്രുക്കൾ ശകലങ്ങളാകുമോ
മമ മനോഗതമാകെയുരയ്ക്കുവാൻ
മുകരുകെന്നെ മുകരുകെന്നുള്ളിൽനി-
ന്നകലുവോളം തമോഭരം മേദുരം.
പ്രണയിയാംനിൻ വഴിയിലെൻ ജീവിതം
ക്ഷണമൊരുവെള്ളപ്പട്ടു വിരിച്ചാവൂ!

വിദ്വാൻ ജി. ശങ്കരക്കുറുപ്പ്.

# ജ്ഞാനം.

ദർശനം എന്നു പറയുന്നതെന്താണ്? ഈ ചോദ്യത്തിന് സമാധാനം പറയുന്നതിനുമുമ്പ് യൂറോപ്പിൽ 'ഫിലോസഫി' ശബ്ദംകൊണ്ടു വ്യവഹരിച്ചുവരുന്ന അർത്ഥത്തിലല്ലാ ഇന്ത്യയിൽ ദർശനശബ്ദം ഉപയോഗിച്ചുവരുന്നതെന്നു മനസ്സിലാക്കേണ്ടതാവശ്യമാണ്. വാസ്തവത്തിൽ 'ഫിലോസഫി' ശബ്ദത്തിന് ശരിയായ അർത്ഥം കല്പിച്ചുകൂടാ. ചിലപ്പോൾ ഇതിന് അദ്ധ്യാത്മതത്വമെന്നും, ചിലപ്പോൾ പ്രാകൃതികവിജ്ഞാനമെന്നും, മററുചിലപ്പോൾ ധർമ്മനീതിയെന്നും, ഇങ്ങയ്ക്കു വിചാര

വിദ്യയെന്നും അത്ഥകല്പനം ചെയ്തുവരുന്നുണ്ട്. ഇതിൽ ഒരത്ഥമെങ്കിലും ദശ്നശബ്ദത്തിൻെറ അത്ഥത്തോട് സമാനമായിട്ടുള്ളതല്ല. 'ഫിലോസഫി'യുടെ ഉദ്ദേശ്യം ജ്ഞാനവിശേഷമാണ്, ദശ്നത്തിൻെറ ഉദ്ദേശ്യവും ജ്ഞാനമാണ്. പക്ഷേ ആ ജ്ഞാനത്തിനും ഉദ്ദേശ്യമുണ്ട്. 'യൂറോപ്പിലെ 'ഫിലോസഫി' സാധനീയ ജ്ഞാനമാണ്. എന്നാൽ 'ദശ്നം' ജ്ഞാനസാധനം മാത്രമാണ്. അതിനും പുറമെ രണ്ടും തമ്മിൽ ഒരു വലിയ അന്തരം കൂടിയുണ്ട്. ഫിലോസഫിയുടെ ഉദ്ദേശ്യമായ ജ്ഞാനവിശേഷം ചിലേടത്ത് ആദ്ധ്യാത്മികം മററുചിലേടത്തു ഭൌതികം, ചിലപ്പോൾ നൈതികം ചിലപ്പോൾ സാമുദായികജ്ഞാനം എന്നിങ്ങിനെ വിവിധരൂപത്തിൽ കാണപ്പെടുന്നു. സവ്വത്ര പദാത്ഥമാത്രത്തിൻെറ ജ്ഞാനമാണ് 'ദശ്ന'ത്തിൻെറ ഉദ്ദേശ്യം? അതുകൊണ്ടു സവ്വപ്രകാരത്തിലുള്ള ജ്ഞാനവും 'ദശ്ന'ത്തിൽ അന്തഗ്ഗതമാണ്.

സംസാരം ദുഃഖമയമാണ്; പ്രാകൃതികബലം സദാ മനുഷ്യരുടെ സുഖദുഃഖത്തിൻെറ വിരോധിയുമാണ്. ബാഹ്യപ്രകൃതിയോടു പോരാടീട്ടാണ് നമുക്ക് അല്പമെങ്കിലും സുഖം ലഭിക്കുന്നത്. മനുഷ്യജീവിതമെന്നുപറയുന്നത് പ്രകൃതിയുമായിട്ടുള്ള അതിദീഘസമരംതന്നെ. യുദ്ധത്തിൽ വിജയം നേടിയെങ്കിൽ നമുക്കല്പം സുഖം ലഭിച്ചേയ്ക്കാം. പക്ഷേ മനുഷ്യബലത്തെ അപേക്ഷിച്ച് പ്രാകൃതികബലം അസംഖ്യമിരട്ടി ശക്തിയേറിയതാണ്. തന്മൂലം മനുഷ്യക്കു ചിലപ്പോൾ മാത്രമേ ജയം സിദ്ധിക്കയുള്ളൂ; എന്നാൽ പ്രകൃതിയുടെ ജയം നിത്യവും നിരന്തരവുമാണ്. മനുഷ്യജീവിതം ദുഃഖമയമാണ്. ജീവികൾക്ക് അസംഖ്യം ജന്മങ്ങളുണ്ടെന്നാണ് ആര്യന്മാരുടെ സിദ്ധാന്തം. ജീവകാലത്ത് ദുഃഖങ്ങളനുഭവിച്ചനുഭവിച്ച് ബുദ്ധിമുട്ടി പ്രാകൃതികയുദ്ധത്തിൽ പരാജയവും പ്രാപിച്ച് ദേഹത്യാഗം ചെയ്താലും ജീവിക്ക് ദുഃഖവിമുക്തി ഉണ്ടാകുന്നില്ല. വീണ്ടും ജന്മമെടുക്കേണ്ടിവരുന്നു. പിന്നെയും നാനാജാതി ദുഃഖങ്ങളനുഭവിക്കുകയും, മരിക്കുകയും, പുനജ്ജന്മം പ്രാപിക്കുകയുംതന്നെ. വീണ്ടും അനേകദുഃഖങ്ങളോടു മല്ലിടേണ്ടതായും വരുന്നു. ഈ അനന്തദുഃഖങ്ങൾക്കു നിവൃത്തിയില്ലെന്നുണ്ടോ? മനുഷ്യക്കു ഒരിക്കലും മുക്തിയും ഇല്ലെന്നുണ്ടോ?

ഇതിന് രണ്ടുജാതിസമാധാനമുണ്ട്. ഒന്നു യൂറോപ്പിനെസ്സംബന്ധിച്ചും മറേറതു ഭാരതവഷത്തെപ്പററിയുമാണ്. പ്രകൃതിയെ ജയിക്കാൻ സാധിക്കുമെന്നു യൂറോപ്യന്മാർ പറയുന്നുണ്ട്. പ്രകൃതിയെ ജയിക്കാൻ സാധിക്കുന്ന വിധത്തിൽ പ്രവത്തിക്കണം. ഈ ജീവിതായോധത്തിൽ പ്രകൃതിയെ ജയിക്കുന്നതിന് തക്ക ആയുധത്തെ സംപാദിക്കുവാൻ പ്രകൃതിയോടു ചോദിക്കുന്നപക്ഷം അവൾതന്നെ ആ ആയുധങ്ങളെ ദാനം ചെയ്യും. പ്രാകൃതികതത്വങ്ങളെ അദ്ധ്യയനം ചെയ്തിൻ.

പ്രകൃതിയിൽ ഗുപ്തമായിരിക്കുന്ന തത്വങ്ങളെ അവധാരണം ചെയ്ത് അവയുടെ ബലംകൊണ്ടുതന്നെ പ്രകൃതിയെ ജയിച്ചു മനുഷ്യജീവിതത്തെ സുഖമയമാക്കിത്തീർക്കുവിൻ. ഇതാണ് യൂറോപ്പിന്റെ സന്ദേശം; ഇതിന്റെ ഫലമാണ് യൂറോപ്പിലെ വിജ്ഞാനശാസ്ത്രം.

പ്രകൃതി അജയ്യയാണെന്നാണ് ഭാരതവർഷത്തിന്റെ മറുപടി. പ്രകൃതിയോടു സംബന്ധിച്ചിരിക്കുന്നതുവരെ ദുഃഖവും നീങ്ങുകയില്ല. അതുകൊണ്ടു് പ്രകൃതിയോടുള്ള സംബന്ധത്തെ ഉപേക്ഷിക്കുകയാണ് ദുഃഖനിവാരണത്തിനുള്ള ഒരൊററ ഉപായം. അതു ജ്ഞാനംകൊണ്ടു് സാധ്യമാണ്. ഇതിന്റെ സമാധാനമാണ് ഭാരതത്തിലെ ദർശനം.

ആ ജ്ഞാനം ഏതാണ്? ആകാശകുസുമമെന്നു പറഞ്ഞാലും ഒരു ജ്ഞാനമുണ്ടാകും. ആകാശമെന്താണെന്നും കുസുമമെന്താണെന്നും നമുക്കറിയാം. മനശ്ശക്തികൊണ്ടു രണ്ടിനേയും സംയോജിപ്പിക്കാനും സാധിക്കും. ആ ജ്ഞാനമല്ലാ ദർശനത്തിന്റെ ഉദ്ദേശ്യം. ഇതു ഭ്രമജ്ഞാനമാണ്. ദർശനത്തിന്റെ ഉദ്ദേശ്യം യഥാർത്ഥജ്ഞാനമാണ്. ഈ യഥാർത്ഥജ്ഞാനത്തെ പ്രമാജ്ഞാനമെന്നോ പ്രമാപ്രതീതിയെന്നോ പറയാം ഈ യഥാർത്ഥജ്ഞാനത്തിന്റെ ലക്ഷണമെന്താണ്?

അറിയപ്പെടുന്നതെല്ലാം ജ്ഞാനമാണ്. ആ അറിവിനെ സമ്പാദിക്കേണ്ടതു ഏതുപ്രകാരമാണ്? ചില വിഷയങ്ങളെ ഇന്ദ്രിയങ്ങളുടെ സാക്ഷാൽ സംയോഗംകൊണ്ടു മനസ്സിലാക്കാം. ഗൃഹം വൃക്ഷം മുതലായവയെ നമുക്കു കണ്ണുകൊണ്ടു പ്രത്യക്ഷീകരിക്കാം. ജ്ഞാനവ്യപദാർത്ഥത്തോടു ചക്ഷുരിന്ദ്രിയസംയോഗമുണ്ടാകുമ്പോൾ നമുക്കു ജ്ഞാനം സിദ്ധിക്കുന്നു. ഇതിന് ചാക്ഷുഷപ്രത്യക്ഷമെന്നാണ് പേർ പറയുന്നതു. അപ്രകാരംതന്നെ ഗൃഹത്തിലിരുന്നുകൊണ്ടു മേഘം ഗർജ്ജിക്കുന്നതും പക്ഷി പാടുന്നതും നമുക്കു കേൾക്കാം. മേഘത്തിന്റെ ശബ്ദവും പക്ഷിയുടെ പാട്ടും ശ്രോത്രേന്ദ്രിയം വഴിക്കാണ് നമുക്കു പ്രത്യക്ഷമാകുന്നത്. ഇതിന് ശ്രവണേന്ദ്രിയപ്രത്യക്ഷമെന്നാണ് പേർ പറയുക. ചക്ഷുസ്സ്, ശ്രവണം, ഘ്രാണം, ത്വക്ക്. രസന മുതലായ അഞ്ചിന്ദ്രിയങ്ങൾ വഴിക്ക് അഞ്ചുപ്രകാരത്തിൽ പ്രത്യക്ഷജ്ഞാനമുണ്ടാകുന്നു. ചില ശാസ്ത്രജ്ഞന്മാർ മനസ്സിനേയും ഇന്ദ്രിയമായിട്ടാണ് ഗണിച്ചുവരുന്നത്. തന്മൂലം അവർ മാനസപ്രത്യക്ഷമെന്നു ഒന്നുകൂടി പറയുന്നുണ്ടു്. മനസ്സ് ബാഹ്യേന്ദ്രിയമല്ല. അന്തരിന്ദ്രിയത്തോടുകൂടെ ബാഹ്യവിഷയത്തിന്റെ സംയോഗം അസംഭവമാണ്. തന്നിമിത്തമാണ് മാനസപ്രത്യക്ഷംകൊണ്ടു ബാഹ്യവിഷയം മനസ്സിലാക്കാൻ സാധിക്കാത്തതു്. അന്തർജ്ഞാനം സംഭവിക്കുന്നതു മാനസപ്രത്യക്ഷം വഴിക്കാണ്.

പ്രത്യക്ഷപദാർത്ഥങ്ങളെപ്പററി നമുക്കു ജ്ഞാനമുദിക്കുന്നു. പ്രത്യക്ഷജ്ഞാനം കൂടാതെയും നമുക്കു വിഷയപരിജ്ഞാനമുണ്ടാകുന്നുണ്ടു.

ഞാൻ വാതലടച്ച് ഒരു മുറിയിൽ കിടന്നുറങ്ങുന്നസമയത്ത് മേഘത്തിന്റെ ഗർജ്ജനം കേട്ടു ഞെട്ടിയുണരുന്നു. അതിനുള്ള കാരണം ശ്രാവണപ്രത്യക്ഷമാണ്. പക്ഷേ ഇതു ധ്വനിയുടെ പ്രത്യക്ഷമാണ്; മേഘത്തിന്റെയല്ല. തത്സമയത്ത് മേഘം നമുക്ക് പ്രത്യക്ഷവിഷയമായിട്ടില്ല. എങ്കിലും ആകാശത്തിൽ മേഘമുണ്ടെന്നു നമുക്കൂഹിക്കാം. ധ്വനികേൾക്കുമ്പോൾ മേഘമുണ്ടെന്നുള്ള ജ്ഞാനം നമുക്കെവിടെനിന്നു ലഭിച്ചു? മേഘമില്ലാതെ ആകാശത്തിൽ ധ്വനിയുണ്ടാകയില്ലെന്നു കണ്ടു കണ്ടു നമുക്കു നിശ്ചയം വന്നിട്ടുണ്ട്. അതുകൊണ്ടു വാതലടച്ചിട്ടുള്ള മുറിയിലിരുന്നാലും പ്രത്യക്ഷജ്ഞാനം കൂടാതെ ആകാശത്തിൽ മേഘമുണ്ടെന്നു നമുക്കു മനസ്സിലാക്കാം. ഈ ജ്ഞാനത്തിന് അനുമാനമെന്നൊ അനുമതിയെന്നൊ പറയാം. മേഘത്തിന്റെ ധ്വനി നമ്മൾ പ്രത്യക്ഷമായി കേട്ടറിഞ്ഞു; മേഘത്തെ അനുമാനംകൊണ്ടു മനസ്സിലാക്കി.

വാതലടച്ചിട്ടുള്ള ഒരു ഇരുട്ടുമുറിയിൽ നിങ്ങൾ തനിയെ ഇരിക്കുകയാണെന്നു വിചാരിക്കുക. അതിനിടയ്ക്കു നിങ്ങളുടെ ദേഹത്തിൽ മറെറാരു മനുഷ്യശരീരസ്പർശത്തിന്റെ അനുഭവമുണ്ടാകുമ്പോൾ മുറിയിൽ ഒരാളുണ്ടെന്നു കാണാതെതന്നെ നമുക്കു മനസ്സിലാകുന്നു. ആ സ്പർശത്തിന്റെ ജ്ഞാനമുണ്ടാകുന്നതു ത്വാചപ്രത്യക്ഷംകൊണ്ടാണ്. മുറിക്കകത്തു മനുഷ്യനുണ്ടെന്നുള്ള ജ്ഞാനം ലഭിക്കുന്നത് അനുമാനം നിമിത്തമാണ്. ആ മുറിക്കകത്ത് മുല്ലപ്പൂവിന്റെ വാസന വന്നുതുടങ്ങിയാൽ അവിടെ ആ പുഷ്പമുണ്ടെന്നും നിശ്ചയിക്കാം. അവിടെ ഗന്ധമാണ് പ്രത്യക്ഷവിഷയം. പുഷ്പം അനുമാനവിഷയമാണ്. അപൂർവ്വം ചില സംഗതികളെ മാത്രമേ മനുഷ്യന് സ്വയം പ്രത്യക്ഷീകരിക്കുവാൻ സാധിക്കുകയുള്ളു. അധികാംശജ്ഞാനവും അനുമാനംകൊണ്ടാണ് സിദ്ധിക്കുന്നത്. അനുമാനശക്തിയില്ലെങ്കിൽ നമുക്കു പ്രായേണ, ഒരു കാര്യവും സാധിക്കുകയില്ല. വിജ്ഞാനം, ദർശനം എന്നിവകൾ അനുമാനത്തിന്മേലാണ് പ്രതിഷ്ഠിതമായിരിക്കുന്നത്.

ഒരുവന് സകലവിഷയങ്ങളേയും സ്വയം പ്രത്യക്ഷീകരിക്കുന്നതിന് സാധിക്കാത്തതുപോലെതന്നെ ഒരാൾക്ക് സർവ്വതത്വങ്ങളേയും തന്നാത്താൻ അനുമാനംചെയ്തു സിദ്ധമാക്കുന്നതിനും സാധിക്കുകയില്ല. ആയുഷ്കാലം മുഴുവനും പരിശ്രമിച്ചാൽകൂടി അനുമാനംകൊണ്ടു സിദ്ധമാക്കാൻ സാധിക്കാത്തതായ വിഷയങ്ങൾ അനേകമുണ്ട്. അനുമാനം ചെയ്തു സിദ്ധമാക്കുന്നതിനു വേണ്ടുന്ന വിദ്യ, ബുദ്ധി, ജ്ഞാനം എന്നിവകൾ അധികപക്ഷം ജനങ്ങളിലും കാണ്മാനില്ല. അതുകൊണ്ടു മിക്ക ആളുകൾക്കും സ്വയം പ്രത്യക്ഷമാക്കുന്നതിനൊ അനുമാനംകൊണ്ടു മനസ്സിലാക്കുന്നതിനൊ സാധിക്കാത്തതും അത്യന്തം പ്രയോജനകരവുമായ വിഷയങ്ങൾ അനേകമുണ്ടെന്നു നിശ്ചയിക്കാം. ഇങ്ങിനെയുള്ള

ഘട്ടങ്ങളിൽ നാം എന്താണ് ചെയ്യുക? ആ വിഷയത്തെ പ്രത്യക്ഷീകരിച്ചിട്ടുള്ളവരുടെയോ അഥവാ അനുമാനം ചെയ്തിട്ടുള്ളവരുടെയോ വാക്കുകേട്ടു വിശ്വസിക്കുകതന്നെ. ഇററലിദേശത്തിന്റെ വടക്കുഭാഗത്തുള്ള ആൽപ്സ് എന്നു പറഞ്ഞുവരുന്ന പർവ്വതനിരകളെ നിങ്ങൾ പ്രത്യമായി കണ്ടിട്ടില്ല. അതിനെ സന്ദർശിച്ചിട്ടുള്ളവരെഴുതീട്ടുള്ള പുസ്തകങ്ങൾ പഠിച്ചിട്ടാണ് നിങ്ങൾക്കതിന്റെ ജ്ഞാനമുണ്ടാകുന്നതു്. ഒരു പരമാണു മറെറാരു പരമാണുവിനെ ആകർഷിക്കുന്നു. ഇതു പ്രത്യക്ഷവിഷയമല്ല, അനുമാനംകൊണ്ടു സിദ്ധിക്കാവുന്നതുമല്ല. അതുകൊണ്ടു 'Neution' ന്യൂട്ടന്റെ വാക്കിനെ വിശ്വസിച്ചിട്ടാണ് ഈ ജ്ഞാനം സിദ്ധിക്കുന്നതു്. ന്യായം, സാംഖ്യം, മുതലായ ആര്യന്മാരുടെ ശാസ്ത്രങ്ങളിൽ മൂന്നാമതൊരു പ്രമാണം കൂടിയുണ്ടു്. അതു ശബ്ദപ്രമാണമാണ്. വേദം മുതലായവയുടെ പ്രാമാണ്യം ഈ പ്രമാണത്തിലന്തർഭൂതമാണ്. ആപ്തവാക്യം അല്ലെങ്കിൽ ഗുരുവിന്റെ ഉപദേശം സാധാരണമായിട്ടു വിശ്വാസയോഗ്യമാണ്. ഇതും ഒരു സ്വതന്ത്രപ്രമാണമായിട്ടാണ് ആര്യന്മാർ ഗണിച്ചുവരുന്നതു്.

പക്ഷെ ചാർവ്വാകൻ തുടങ്ങിയ ചില ആര്യശാസ്ത്രജ്ഞന്മാർ ഇതിന്റെ പ്രാമാണ്യത്തെ അംഗീകരിച്ചിട്ടില്ല. യൂറോപ്പിലെ ശാസ്ത്രജ്ഞന്മാരും ഇതൊരു സ്വതന്ത്രപ്രമാണമാണെന്നു സ്വീകരിക്കുന്നതിന് തയ്യാറില്ല

സർവ്വസിദ്ധാന്തങ്ങളേയും സ്വീകരിക്കുന്നതു തങ്ങളുടെ കർത്തവ്യമാണെന്നു സാധാരണക്കാരാരും വിശ്വസിച്ചുവരുന്നില്ല. പ്രസിദ്ധനായ ഒരു മിത്ഥ്യാവാദി പടിഞ്ഞാറെസമുദ്രം കത്തുന്നതുകണ്ടിട്ടാണ് വരുന്നതെന്നു പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. അയാളുടെ ഉപദേശം കൊണ്ടു മിത്ഥ്യാജ്ഞാനത്തിന്റെ ഉല്പത്തിയും ഉണ്ടാകുന്നതല്ല. അതുകൊണ്ടു് ഒരു പ്രത്യേകമനുഷ്യന്റെ ഉപദേശത്തെ മാത്രമേ പ്രമാണമായി സ്വീകരിക്കുന്നുള്ളുവെന്നുവരുന്നു. അതു ജ്ഞാനമാണെന്നു സ്വീകരിക്കുന്നതിനുമുമ്പ് ആരാണ് വിശ്വാസയോഗ്യനെന്നും ആരാണ് അയോഗ്യനെന്നും നിശ്ചയിക്കേണ്ട ആവശ്യകത നേരിടുന്നു. അപ്പോൾ ഏതു പ്രമാണത്തെ അടിസ്ഥാനപ്പെടുത്തിയിട്ടാണ് ഇതു തീർച്ചയാക്കേണ്ടതു? ഏതു പ്രമാണപ്രകാരമാണ് 'മനു' തുടങ്ങിയവർ പറഞ്ഞിട്ടുള്ളതിനെ 'ആപ്തവാക്യമെന്നു സ്വീകരിക്കയും' 'പാതിരി'സ്വാമിവിന്റെ വാക്കുകൾ അഗ്രാഹ്യമാണെന്നുവെച്ചു നിഷേധിക്കുകയും ചെയ്യുന്നതു? അനുമാനംകൊണ്ടു ഈ ചോദ്യത്തിനുത്തരം പറയാം. മനുവിന്റെ മതത്തിൽ നമ്മുടെ പാതിരിസ്വാമിക്കു ലേശം വിശ്വാസമില്ല. 'മനു' പരമയോഗ്യനായ ഒരു ഋഷിവര്യനായിരുന്നുവെന്നും പാതിരിസ്വാമി സ്വാർത്ഥപരനായ ഒരു സാധാരണമനുഷ്യനാണെന്നും നിങ്ങൾ പലപ്പോഴും കേട്ടിട്ടു

ണ്ടായിരിക്കണം. അതുകൊണ്ടാണ് മനുവിൻെറ വാക്യം ഗ്രാഹ്യമാണെന്നും പാതിരിയുടെ വാക്ക് അഗ്രാഹ്യമാണെന്നും അനുമാനിക്കുന്നതു. മനുവിനെപ്പോലെയുള്ള ഒരു ഋഷീശ്വരൻ ഗോമാംസം ഭക്ഷിക്കരുതെന്നു നിഷേധിച്ചിരിക്കകൊണ്ടാണ് ഗോമാംസം അഭക്ഷ്യമാണെന്നു നിങ്ങൾ നിശ്ചയിച്ചിരിക്കുന്നതു്. എങ്കിലും 'ശബ്ദ'ത്തെ ഒരു സ്വതന്ത്ര പ്രമാണമെന്നു പറയാതെ അനുമാനത്തിലന്തർഗ്ഗതമാക്കിയാലെന്താണു വൈഷമ്യം?

അത്രമാത്രമല്ല; ചിലരുടെ ചില ഉപദേശങ്ങൾ ഗ്രാഹ്യങ്ങളാണെന്നും മററു ചിലതു ത്യാജ്യങ്ങളാണെന്നും വരുന്നതെന്തുകൊണ്ടാണ്? മാധ്യാകർഷണവിഷയത്തിൽ 'ന്യൂട്ടൻെറ' മതത്തെ മാനിക്കാനും പ്രകാശത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ മതത്തെ തിരസ്കരിച്ചു ന്യൂട്ടനേക്കാൾ ഹ്രസ്വബുദ്ധികളായിട്ടു് യങ്ങിൻേറയും ഫെനെൽസാസ്സിൻേറയും അഭിപ്രായത്തെസ്വീകരിക്കുവാനുമുള്ള കാരണമെന്താണ്? അതിനുള്ള കാരണത്തെ അനുസന്ധാനം ചെയ്യുമ്പോൾ അനുമാനമാണെന്നു മനസ്സിലാകും. മാധ്യാകർഷണവിഷയത്തിൽ 'ന്യൂട്ടൻെറ' അഭിപ്രായം ശരിയാണെന്നും പ്രകാശത്തെസ്സംബന്ധിച്ചുള്ള അഭിപ്രായം തെററാണെന്നും അനുമാനംകൊണ്ടു നിങ്ങൾക്കു നിശ്ചയിക്കാം. 'ശബ്ദം' ഒരു പ്രത്യേകപ്രമാണമാണെന്നു സ്വീകരിക്കുന്നപക്ഷം അദ്ദേഹത്തിൻെറ സർവ്വസിദ്ധാന്തങ്ങളേയും നിങ്ങൾക്ക് അംഗീകരിക്കേണ്ടതായിവരുന്നു.

പ്രത്യക്ഷം, അനുമാനം, ശബ്ദം മുതലായവയ്ക്കു പുറമെ നൈയ്യായികന്മാർ ഉപമിതിയെ കൂടി ഒരു സ്വതന്ത്രപ്രമാണമായി ഗണിച്ചുവരുന്നുണ്ടു്. ഉപമിതി അനുമിതിയുടെ പ്രകാരഭേദം മാത്രമാണെന്നു മനനം ചെയ്തുനോക്കുമ്പോളറിയാം; തന്നിമിത്തം സാംഖ്യന്മാർ ഉപമിതിയെ ഒരു സ്വതന്ത്രപ്രമാണമായി സ്വീകരിച്ചിട്ടില്ല. അതുകൊണ്ടു് ഉപമിതിയുടെ വിസ്തൃതമായ ഉല്ലേഖത്തിൻെറ പ്രയോജനം കാണ്മാനില്ല. വാസ്തവത്തിൽ പ്രത്യക്ഷവും അനുമാനവുമാണ് ജ്ഞാനത്തിൻെറ വേരു്.

അനുമാനത്തിൻെറ വേരു് പ്രത്യക്ഷമാണ്. പ്രത്യക്ഷജ്ഞാനം കൂടാതെ അനുമാനവും സാദ്ധ്യമല്ല. മേഘത്തെ കണ്ടിട്ടില്ലാത്തവനൊ കാണുന്നതിന് ഒരിക്കലും സാധിക്കാത്തവനൊ വാതലടച്ചു് ഒരു മുറിക്കകത്തിരിക്കുന്ന സമയം ഇടിനാദം കേട്ടാൽ ആകാശത്തു് മേഘമുണ്ടെന്നനുമിക്കുവാൻ സാധിക്കുകയില്ല. മല്ലികപ്പൂവിൻെറ ജ്ഞാനമില്ലാത്തവൻ ഒരു മുറിയിൽനിന്നു അതിൻെറ വാസന അനുഭവിച്ചാൽ അവിടെ ആ പൂവുണ്ടെന്നനുമിക്കുന്നതെങ്ങിനെയാണു? മററുപദാർത്ഥങ്ങളെസ്സംബന്ധിച്ചുള്ള അഭിപ്രായവും ഇപ്രകാരംതന്നെയാണ്.

ചിലപ്പോഠ അനുമാനത്തിന്മേൽ പലപ്രകാരത്തിലുള്ള പുത്യ പ്രത്യക്ഷവും കണ്ടുവരുന്നുണ്ട്. ഓരോ വൈജ്ഞാനികനിയമങ്ങഠ അസംഖ്യം പ്രകാരത്തിലുള്ള പ്രത്യക്ഷജ്ഞാനത്തിൻെറ ഫലമാണ്.

തന്മൂലം പ്രത്യക്ഷമാണ് ജ്ഞാനത്തിൻെറ ആസ്പദം എന്നു നിശ്ചയിക്കാം. സകല പ്രമാണങ്ങളുടേയും മൂലവും ഇതുതന്നെയാണ്. ദർശനശാസ്ത്രം രണ്ടുമൂവ്വായിരം സംവത്സരങ്ങഠ കിടന്നലഞ്ഞതിനുശേഷം വീണ്ടും ചാർവാകമതത്തിൻെറ സമീപമെത്തിയിരിക്കുന്നു. ആര്യന്മാരുടെ ബുദ്ധിവിശേഷം അഭിനന്ദനീയംതന്നെ! ആധുനികകാലത്ത് ഹ്യൂമ്, മിൽ, ബെയിൻ മുതലായ ശാസ്ത്രജ്ഞന്മാർ പുതുതായി കണ്ടുപിടിച്ചിരിക്കുന്ന സംഗതികഠ രണ്ടുമൂവ്വായിരം സംവത്സരങ്ങഠക്കുമുമ്പ് ബൃഹസ്പതി പ്രതിപാദിച്ചിട്ടുണ്ട്. പ്രത്യക്ഷമല്ലാതെ പ്രമാണമില്ലെന്നു സ്ഥാപിക്കാനാണ് ഞാനുദ്ദേശിക്കുന്നതെന്നു ആരും തെററിദ്ധരിച്ചുപോകരുത്. സർവ്വപ്രമാണങ്ങളുടെയും ആധാരം പ്രത്യക്ഷമാണെന്നേ ഞാൻ പറയുന്നുള്ളു. ബൃഹസ്പതിയുടെ ഗ്രന്ഥമെല്ലാം നശിച്ചുപോയിരിക്കുന്നതുകൊണ്ട് അദ്ദേഹത്തിൻെറ അഭിപ്രായവും ഇതുതന്നെയാണൊ എന്നു നിശ്ചയിക്കവയ്യാ.

പ്രത്യക്ഷമാണ് അനുമാനത്തിൻെറ ആധാരമെന്നുള്ളത്. ഈ തത്വത്തെ കുറിച്ച് യൂറോപ്യൻ ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ വലിയ വഴക്കാണ്. കാലം, ആകാശം, എന്നിവകളെപ്പോലെ പ്രത്യക്ഷപ്രമാണത്തെ അടിസ്ഥാനപ്പെടുത്താത്തതായ അനേകം ജ്ഞാനങ്ങളുണ്ടെന്നു ചിലർ പറയുന്നുണ്ട്.

ഇതു മനസ്സിലാക്കാൻ അല്പം മനസ്സിരുത്തണം. ആകാശത്തെ സ്സംബന്ധിച്ച് എളുപ്പമായ ഒരു സംഗതിയെടുക്കുക. രണ്ടു സമാന്തരാള രേഖകഠ എത്രദൂരത്തെയ്യെങ്കിലും വലിച്ചുനീട്ടിയാലും ഒരിക്കലും കൂട്ടിമുട്ടുകയില്ല. ഇതു നമുക്ക് നല്ല പരിചയമുള്ള ഒരു കാര്യമാണ്. ഈ ജ്ഞാനം നമുക്കെവിടെനിന്നു ലഭിച്ചു? "പ്രത്യക്ഷം വഴിക്കാണ്. നമ്മഠ കണ്ടിട്ടുള്ള സമാന്തരാള രേഖകളെല്ലാം ഒരിക്കലും ഒന്നിച്ചുകൂടിട്ടില്ല" എന്നു പ്രത്യക്ഷവാദി പറയും. ലോകത്തിലുള്ള സമാന്തരാളരേഖകളെയെല്ലാം നിങ്ങഠ കണ്ടിട്ടുണ്ടോ? നിങ്ങളുടെ അറിവിൽപ്പെട്ടിട്ടുള്ളവയൊന്നും കൂട്ടിമുട്ടീട്ടില്ലായിരിക്കാം. രണ്ടു സമാന്തരാളരേഖകഠ ഒരിക്കലും ഒന്നിച്ചുചേർന്നിട്ടില്ലെന്നൊ ചേരുകയില്ലെന്നൊ നിങ്ങളെങ്ങിനെ നിശ്ചയിച്ചു? പ്രത്യക്ഷമായി കണ്ടിട്ടുള്ള വിഷയങ്ങളെക്കൊണ്ട് അപ്രത്യക്ഷത്തെ നിർണ്ണയിക്കുന്നതു സാഹസമല്ലേ? എങ്കിലും നിങ്ങഠ പറയുന്നതു വാസ്തവമാണെന്നു ഞങ്ങഠക്കറിയാം. ഒരിക്കലും ഒരിടത്തുവെച്ചും രണ്ടു സമാന്തരാളരേഖകഠ ഒന്നിച്ചുകൂടുകയില്ല. അപ്പോഠ പ്രത്യക്ഷത്തിനു പുറമേയും ഒരു ജ്ഞാനസാധനം നിങ്ങഠക്കുണ്ടെന്നു സമ്മതിക്കേ

ങ്ങിവരുന്നു. അല്ലാത്തപക്ഷം പ്രത്യക്ഷത്തിൽനിന്നു അതിരിക്തമായ ഈ ജ്ഞാനം നിങ്ങൾക്കെവിടെനിന്നു ലഭിച്ചു? എന്നു മറുകക്ഷിയുടെ ചോദ്യം വരുന്നു.

ഇപ്രകാരമാണ് പ്രസിദ്ധനായ ജർമ്മൻ തത്വജ്ഞാനി കോമ്ടൻ, ലോക്കിൻെറയും ഹ്യൂമിൻെറയും പ്രത്യക്ഷവാദത്തിന് പ്രതിവാദം ചെയ്തിരിക്കുന്നതു്. പ്രത്യക്ഷം കൂടാതെയും ജ്ഞാനമുണ്ടെന്നുള്ള വിഷയത്തെപ്പററി അദ്ദേഹം ഇങ്ങിനെ പറയുന്നു. നമ്മുടെ ഇന്ദ്രിയങ്ങൾ വഴിക്ക് ബാഹ്യവിഷയത്തിൻെറ ജ്ഞാനം സംഭവിക്കാവുന്നേടത്തു് ബാഹ്യവിഷയത്തിൻെറ പ്രകൃതിയെസ്സംബന്ധിച്ചുള്ള ഒരു തത്വത്തിൻെറ നിത്യത നമ്മുടെ ജ്ഞാനത്തിന് വിഷയമാകാഞ്ഞാൽ കൂടി നമ്മുടെ ഇന്ദ്രിയങ്ങളുടെ പ്രകൃതിയുടെ നിത്യത്വം നമ്മുടെ ജ്ഞാനത്തിനധീനമാണ്. നമ്മുടെ ഇന്ദ്രിയങ്ങളുടെ പ്രകൃതിയനുസരിച്ചു നാം ബാഹ്യവിഷയങ്ങളുടെ ചില അവസ്ഥകളെ നിർദ്ദേശിക്കുന്നു. ഇന്ദ്രിയങ്ങളുടെ പ്രകൃതിക്കു മാററം സംഭവിക്കുകയില്ല; തന്മൂലം ബാഹ്യവിഷയങ്ങളുടെ അവസ്ഥകളെല്ലാം നമുക്കു സ്വാധീനമാണ്. അതുകൊണ്ടു കാലം ആകാശം എന്നിവകളുടെ സമവായത്തിൻെറ നിത്യതയെ അറിയുവാൻ സാധിക്കും. ഈ ജ്ഞാനം നമ്മുടെതാണു; ഇതിനു കോമ്ടൻ സ്വതഃപ്രാപ്തം അഥവാ ആന്തരികജ്ഞാനം എന്ന നാമധേയം കല്പിച്ചിരിക്കുന്നു.

വർത്തമാന യൂറോപ്പിൻെറ ദർശനം തിരിഞ്ഞുമറിഞ്ഞു ഒടുവിൽ പ്രാചീനഭാരതീയ ദർശനത്തോടു യോജിച്ചിട്ടുണ്ടെന്നുള്ള സംഗതി വായനക്കാരുടെ ശ്രദ്ധയ്ക്കു പാത്രീഭവിക്കേണ്ടതാണ്. ചാർവാകൻെറ പ്രത്യക്ഷവാദത്തോടു മില്ലിൻെറയും ബെയിനിൻെറയും പ്രത്യക്ഷവാദത്തിന് സാദൃശ്യം കാണുന്നതുപോലെതന്നെ വേദാന്തത്തിലെ മായാവാദത്തോടു കോമ്ടിൻെറ ഈ പ്രത്യക്ഷപ്രതിവാദത്തിനും സാദൃശ്യം കാണ്മാനുണ്ടു്. പ്രാചീന ആര്യന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ പ്രസ്താവിക്കാത്തതായ ആദ്ധ്യാത്മികതത്വങ്ങൾ യൂറോപ്പിൽ അപൂർവ്വമായിട്ടെ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളു.

കോമ്ടിൻെറ ആഭ്യന്തരികജ്ഞാനത്തിൻെറ പ്രധാനപ്രതിദ്വന്ദി 'സ്ററുആർട്ട്മില്ലാ'ണ്. അദ്ദേഹം കാര്യകാരണസംബന്ധത്തിൻെറ നിത്യതയെ സ്വീകരിച്ചിട്ടുണ്ടു്. കാരണമുള്ളപ്പോൾ കാര്യവുമുണ്ടാകുമെന്നുള്ള ഒരു ദൃഢസംസ്കാരം നമുക്കു പ്രത്യക്ഷംകൊണ്ടു സിദ്ധിക്കുന്നു. 'ക' കാരമുള്ള ദിക്കിൽ 'ഖ'കാരം കൂടിയുണ്ടാകുമെന്നു നമ്മൾ ആദ്യംതന്നെ കണ്ടുവെച്ചിട്ടുള്ളതുകൊണ്ടു് 'ക'കാരം എവിടെയെങ്കിലും കണ്ടാൽ അവിടെ 'ഖ'കാരം കൂടിയുണ്ടാകുമെന്നു നമ്മൾക്കറിയാം. കാരണമുള്ളദിക്കിൽ കാര്യവുമുണ്ടാകുമെന്നു നമ്മൾ പ്രത്യക്ഷം വഴിക്കറിഞ്ഞിട്ടുണ്ടു്. സമാന്തരാളഭാവം കാരണവും സമ്മേളനവിരഹം

അതിന്റെ കാര്യവുമാണ്. സമാന്തരാളഭാവമുള്ള സ്ഥലങ്ങളിലെല്ലാം സമ്മേളനമുണ്ടായിട്ടില്ലെന്നു നമ്മൾക്കറിയാം. അതുകൊണ്ടു് സമാന്തരാളഭാവം സദാ സമ്മേളനവിരഹത്തിനു പൂൎവം സ്ഥിതിചെയ്യുന്നു. എവിടെയെല്ലാം രണ്ടു സമാന്തരാളരേഖകളുണ്ടോ അവിടെയെല്ലാം അവയ്ക്കു സമ്മേളനവും ഉണ്ടാകയില്ല. അതുകൊണ്ടു ഈ ജ്ഞാനം പ്രത്യക്ഷമൂലമാണ്

ഒടുവിൽ സ്പെൻസറിന്റെ മതം ബാക്കിയുണ്ടു്. അദ്ദേഹവും പ്രത്യക്ഷവാദിയാണ്. പക്ഷേ സകലപ്രത്യക്ഷമൂലകമായ ജ്ഞാനവും നമ്മുടെതന്നെ സ്വാനുഭവത്തിൽനിന്നുണ്ടായതല്ലെന്നാണ് അദ്ദേഹത്തിന്റെ വാദം. പ്രത്യക്ഷജാതസംസ്കാരം വംശപരമ്പരയിൽനിന്നു സിദ്ധിക്കുന്നു. എന്റെ പൂൎവ്വപുരുഷന്മാരുടെ പ്രത്യക്ഷജാതസംസ്കാരത്തിന്റെ ചില അംശം എനിക്കും ലഭിച്ചിട്ടുണ്ടു്. ഞാൻ ആ സംസ്കാരങ്ങളോടുകൂടിയല്ലാ ജനിച്ചിട്ടുള്ളതു്. അപ്രകാരമാണെങ്കിൽ അപ്പോൾ പ്രസവിച്ച കുട്ടിക്കുകൂടി സംസ്കാരമുണ്ടാകേണ്ടതാണ്. തത്സമയത്തും ആ സംസ്കാരത്തിന്റെ ബീജം എന്റെ മനസ്സിൽ അന്തൎഗ്ഗതമായിരുന്നു, പ്രയോജനംവന്നപ്പോൾ അതു ജ്ഞാനരൂപത്തിൽ പരിണതമായി. ഇപ്രകാരം, 'കോമ്ടിന്റെ' മതത്തിൽ പറഞ്ഞിരിക്കുന്ന ആഭ്യന്തരികം അഥവാ സ്വഹജജ്ഞാനംതന്നെയാണ് 'സ്പെൻസറിന്റെ' മതത്തിൽ പൂൎവ്വപുരുഷപരമ്പരാഗതപ്രത്യക്ഷജ്ഞാനം. ഈ സംഗതി അപ്രാമാണികമാണെന്നിപ്പോൾ തെളിയിക്കുവാൻ സാധിക്കുമെങ്കിലും, സ്പെൻസർ ഇതിനെ സാമൎത്ഥ്യത്തോടെ സമൎത്ഥനംചെയ്തിട്ടുള്ളതുകൊണ്ടു് ഇപ്പോൾ യൂറോപ്പിൽ ഈ മതമാണ് പ്രചലിച്ചുവരുന്നതു്.

# ഇതെന്തൊരു "ലോകം"

ഇപ്പോൾ പുറത്തിറങ്ങി നടക്കാൻ വളരെ സൂക്ഷിക്കേണ്ട കാലമാണ്. എവിടെ നോക്കിയാലും ബഹളമാണ്. "സ്വരാജ്യബഹളം" എന്നൊന്നു സൎവ്വത്ര മുഴങ്ങുന്നു. "ജന്മികുടിയാൻബഹളം" തരംകിട്ടുമ്പോൾ പുറത്തുചാടുന്നു. നായന്മാരുടെ ഇടയിൽ "ഭാഗബഹളം". നമ്പൂതിരിമഹിളമാരുടെ "വിവാഹബഹളം". ക്രിസ്ത്യാനിമാരുടെ ഇടയിൽ "ഉദ്യോഗബഹളം". തിയ്യരുടെ ഇടയിൽ ആൎയ്യസമാജത്തിലോ, ബുദ്ധമതത്തിലോ ചേരേണ്ടത് എന്നൊരു ബഹളം, സാഹിത്യകാരന്മാരുടെ ഇടയിൽ മഹാകവിബഹളം, ഉള്ളൂർബഹളം, വള്ളത്തോൾ ബഹളം, സാഹിത്യനായകബഹളം. ഇങ്ങിനെ എവിടെ നോക്കിയാലും ബഹളമയം. സ്വരാജ്യബഹളത്തിന്നിടയിൽ ചാടിവീണ് ഭ്രരിപക്ഷത്തിന്ന് വിപരീതമായി വല്ലതും പറഞ്ഞുപോയാൽ പിന്നെത്തെക്കഥയൊന്നും

പറയണ്ടാ. ജന്മികുടിയാൻലഹളയിൽക്കൂടികഴിഞ്ഞാൽ ഏതെല്ലാം വഴിയിൽക്കൂടിയാണ് ഒളിയമ്പുകൾ വരുന്നതെന്ന് നോക്കിക്കൊണ്ടിരിക്കണം. ഒന്നായിട്ട് ഒരു കൂട്ടിൽ ഇരുകക്ഷികളേയും താഴ്ത്തിയെന്നും വരും. ഭാഗക്കാരുടെ ഇടയിൽ വാക്കേററംവിട്ട് ഇപ്പോൾ കയ്യേററമായിത്തുടങ്ങി. നമ്പൂതിരിമാർ തമ്മിൽ മഹാസ്ത്രങ്ങളും സുദർശനവും, പാശുപതവും പ്രയോഗിക്കാൻ തുടങ്ങി. ക്രിസ്ത്യാനികൾ കോടതിയിൽകേറിയിട്ടും പ്രതിനിധിസംഘങ്ങൾ ഏർപ്പാടുചെയ്തിട്ടും കാലം കഴിക്കുന്നു.

എസ്സ്. ൻ. ഡി. പി. യോഗം പുഷ്ടിപ്പെടുത്തുകയോ വേണ്ടതു്, വിഹാരങ്ങൾ സ്ഥാപിക്കുകയോ വേണ്ടതു്, ഇതൊന്നുംകൂടാതെ എല്ലാവരും ആര്യസമാജത്തിൽ ചേരുകയോ വേണ്ടതു് എന്നിങ്ങിനെ തിയ്യർ വാദപ്രതിവാദം നടത്തുന്നു. സാഹിത്യകാരന്മാരാണെന്ന് നടിച്ചു നടക്കുന്നവർ ഉള്ളൂരിന്റെ കവിതയോ നല്ലതു്, വള്ളത്തോളിന്റെ കവിതയോ നല്ലതു് എന്നിങ്ങിനെ വിഷയങ്ങളെടുത്തു് അന്യോന്യംശകാരവർഷങ്ങൾ ചൊരിഞ്ഞുകൊണ്ടുള്ള ഉപന്യാസങ്ങൾ "ധീരധീരം" "ഘോരഘോരം" എഴുതിത്തള്ളുന്നു. പണ്ഡിതന്മാരും, വിദ്വാന്മാരും, ശിരോമണികളും, ചില ബി. ഏക്കാരും, ഇവരാരും സാരമില്ലെന്ന് പറയുന്ന ചില "രണ്ടുംകെട്ടവരും" ഇപ്പോൾ ചേരിപിരിഞ്ഞു് നിന്ന് പോർവിളി തുടങ്ങിയിരിക്കുന്നു. ഒരു കക്ഷിക്ക് ആശയംമാത്രമേ വേണ്ടതുള്ളൂ. മറേറക്കക്ഷിക്ക് വൃത്തത്തിലാണ് പിടുത്തം.

അന്നേരം വന്നരണ്ടീച്ച മന്ദേതരമണഞ്ഞുടൻ
മന്നവന്റെമുഖത്തങ്ങു വന്നുചേർന്നങ്ങിരുന്നതേ.

എന്നെഴുതി സരസകവിയെന്നും, കവിതിലകനെന്നും ബഹുമതി സമ്പാദിക്കുന്നവരും ഇക്കൂട്ടത്തിലുണ്ടു്. ഇതുവരെ എഴുതിയതു് ഒന്നും കവിതയായിട്ടില്ല, ഞങ്ങൾ പറയുംപോലെ എഴുതുന്നതായാലേ കവിതയാകയുള്ളൂ എന്ന് കാഹളംമുഴക്കിക്കൊണ്ടു ചില നിരൂപകവീരന്മാരും ഇപ്പോൾ രംഗപ്രവേശംചെയ്തു വരുന്നുണ്ടു്.

ആടുകൾ തമ്മിൽമുട്ടി രക്തം നിലത്തുവീഴുമ്പോൾ അതു് നക്കിക്കുടിക്കാൻ ഒരു കുറുക്കൻ എത്തിച്ചേരുന്നു. സിംഹവും നരിയും ശണ്ഠകൂടി മാനിന്റെ ശവം തിന്മാൻസാധിക്കാതെ മറിഞ്ഞുവീണപ്പോൾ ക്ഷണിച്ചുവന്നതുപോലെ ഒരു ശൃഗാലവീരൻ ഹാജരായി കുക്ഷിനിറച്ചു പോകുന്നു. പാണ്ഡവരും നൂററുവരുംതമ്മിൽ അവകാശത്തർക്കം തുടങ്ങിയപ്പോൾ ശകുനി പിന്നിൽക്കൂടി അവരുടെ കലഹത്തിന് മൂച്ചുകൂട്ടുന്നു. ചത്തു് ചീഞ്ഞ സാധനങ്ങളും, മണ്ണുംതമ്മിൽ "ഞാനോ നീയോ" എന്ന് വീരവാദം തുടങ്ങുമ്പോഴേക്ക് പുഴുക്കൾ പ്രത്യക്ഷമാവുന്നു. ഇത്തരത്തിൽ മേല്പറഞ്ഞ കുഴപ്പങ്ങൾ ഒന്നിച്ചുകൂടിയപ്പോൾ ഇതൊന്നി

ലുംപെടാത്ത ഒരു വർഗ്ഗം ആവിർഭവിച്ചു. അതു് മററാരുമല്ല. പത്രങ്ങളും അവയോടുചേൎന്ന ലേഖകന്മാരും ആണു്.

“ദ്വേഷംകൊണ്ടോ, ദോഷംകൊണ്ടോ, ദാരിദ്ര്യംകൊണ്ടോ”—അതോ ഇതു മൂന്നുംകൊണ്ടോ ഈ വർഗ്ഗം പ്രത്യേകിച്ചു് ലേഖകന്മാർ കുറെയധികം വൎദ്ധിച്ചിട്ടുണ്ടു്. സാഹിത്യനായകന്മാരുടേയും മഹാകവികളുടേയും എണ്ണം ചായക്കടപോലെ വൎദ്ധിച്ചിട്ടുണ്ടെന്നു് ഒരു രസികൻ ഇയ്യിടെ പ്രസ്താവിക്കയുണ്ടായി. പത്രങ്ങളുടേയും ലേഖകന്മാരുടേയും എണ്ണം അങ്ങിനെ കണക്കാക്കാനും നിവൃത്തികാണുന്നില്ല. പുത്തുമഴക്കു പാററ പൊടിയുന്നപോലെ അത്ര വേഗത്തിലാണു് ഇപ്പോൾ പത്രങ്ങളും ലേഖകന്മാരും ഉണ്ടാവുന്നതു്. ഇവരുടെ ആയുസ്സും അത്ര തന്നേ. ഒരു ലേഖകനാവേണമെങ്കിൽ ഒന്നിൻെറയും ഒരു “ത്രപ” മുണ്ടാവേണമെന്നില്ല. ഒരു പത്രം തുടങ്ങേണമെങ്കിലും കാൎയ്യമായ വല്ല ഉദ്ദേശങ്ങളൊന്നും വേണമെന്നില്ല. ആരോടെങ്കിലും ദ്വേഷമോ, അസൂയയോ ഉണ്ടായാൽ മതി, ഉടനെ കാണാം ഒരു പത്രവും കുറെ ലേഖകന്മാരും പുറപ്പെടുന്നതു്. കാക്ക ബലി കാത്തിരിക്കുന്നതുപോലെയോ നിഷധരാജ്യത്തു് കലി കാത്തിരുന്നതുപോലെ ഇവർ എപ്പോഴും നോക്കിക്കൊണ്ടിരിക്കയാണു്. ആരെങ്കിലും വല്ല അപകടത്തിൽ ചാടുന്നുണ്ടോ? ഇല്ലെങ്കിൽ കണ്ടൊട്ടിക്കാരുടെ സമ്പ്രദായം അംഗീകരിച്ചു് അവരെ ചാടിക്കാൻ വല്ല വഴിയും ഉണ്ടോ? എന്നൊക്കെയാണു് അന്വേഷണം. ഇനി അന്വേഷണത്തിൽ ഒന്നും കിട്ടിയില്ലെങ്കിൽ മനോധൎമ്മത്തെ ആശ്രയിച്ചു് ഒരു കുസൃതി സൃഷ്ടിക്കും. അവരുടെ മനസ്സിൻെറ ധൎമ്മം അസൂയ മാത്രമാണല്ലോ. ഒരിക്കൽ ഒരു ഇംഗ്ലീഷ് പത്രം ഗേക്ക്വാർ മഹാരാജാവു് നാടുനീങ്ങി എന്നു പ്രസിദ്ധപ്പെടുത്തി. അദ്ദേഹം താൻ ജീവിച്ചിരുപ്പുണ്ടെന്നു് ഉടനെ വിളംബരപ്പെടുത്തി. കുറച്ചു കാലം കഴിഞ്ഞതിന്നുശേഷം വീണ്ടും ഗേക്ക്വാറിൻെറ ചരമവൎത്തമാനം പ്രസിദ്ധമായി. അതു മററു പത്രങ്ങൾ ഉടനെ പകൎത്തി. നല്ലൊരു മുഖപ്രസംഗത്തിന്നു് വിഷയംകിട്ടിയാൽ അവർ വിടുമോ? പിന്നെ,

ഒരുത്തനുണ്ടാക്കിയ ദുഷ്പ്രവാദം പരത്തുവാനാളുകളുണ്ടസംഖ്യം.

എന്നല്ലെ ലോകസ്വഭാവം—പാവം! ഗേക്ക്വാറിന്നു് വീണ്ടും നിഷേധിക്കേണ്ടിവന്നു. ഈ നുണക്കഥ വീണ്ടും ആവൎത്തിച്ചപ്പോൾ നിഷേധിക്കാൻ രാജാവിന്നു് ലജ്ജതുടങ്ങി. അദ്ദേഹം “അരയ്ക്കുന്നവന്നു് നിലയില്ലെങ്കിൽ കുടിക്കുന്നവന്നു് നിലവേണമെന്നു”റച്ചു് ഒടുവിൽ മൌനം അവലംബിച്ചു. ഇംഗ്ലീഷ് പത്രങ്ങളുടെ സ്ഥിതിയാണു് ഇതു്. അത്രത്തോളം പരിഷ്കാരനിലയിലെത്താത്ത മലയാളത്തിലെ, പത്രപ്രവൎത്തനത്തിൻെറ കഥ പറയേണ്ടതുണ്ടോ? അക്ഷരം “പെറുക്കികളും”

അച്ചുക്കൂടത്തിലെ കണക്കെഴുത്തുകാരും ലേഖകന്മാരായിത്തീൎന്ന കാലമാണല്ലൊ ഇതു്. മിക്ക ജോലികൾക്കും ചില പാസ്സു വേണമെന്നു് നിൎബ്ബന്ധമുണ്ടു്. ലേഖകനാവാൻ അതൊന്നും വേണ്ട. കുറെ കടലാസ്സും മഷിയും ധാരാളം കുശുമ്പും അസൂയയും മതി. അച്ചുക്കൂടം സ്വാധീനമുണ്ടല്ലൊ. പത്രാധിപന്മാർ "കോളം"തികക്കാൻ നിവൃത്തിയില്ലാതെ കഷണിക്കുന്ന ഘട്ടമായിരിക്കും. അപ്പോൾ കാണാം നമ്മുടെ "അക്ഷരം പെറുക്കി"യുടെ "പിള്ളക്കളി" പുറത്തുചാടുന്നതു്. വിഷയം എന്താണെന്നു ചോദിക്കേണ്ട. തൻെറ ശത്രുവിൻെറനേരെ ശകാരവൎഷം. ശത്രു ഒരു കവിയാണെങ്കിൽ "മഹാകവികൾ ചായ്ക്കടപോലെ വൎദ്ധിക്കുന്നു. കൂണുപോലെ മുളക്കുന്നു. ഞാൻ വിദ്വാനോ, പണ്ഡിതനോ, ശിരോമണിയോ, ശാസ്ത്രിയോ, മഹോപാദ്ധ്യായനോ, സൎവ്വകലാശാലയിലെ ഫെല്ലോവോ അല്ലെങ്കിലും "വൃത്താന്ത"(വൃത്തവും, അന്തവും)മുള്ളവനാണു്. സാഹിത്യനായകൻ അച്യുതമേനോൻെറപേരിൽ സാഹിതിയിൽ പ്രസിദ്ധപ്പെടുത്തിയ മംഗളശ്ലോകത്തിൽ രണ്ടാമത്തെവരിയിൽ രണ്ടക്ഷരം ജാസ്തി കാണുന്നുണ്ടു്. ഇതു് മി. മേനോൻെറ പുതിയ കണ്ടുപിടുത്തത്തിൻെറ ഒരു "സാംപിൾ" ആണോ?" ഇതു് അച്ചടിപ്പിഴയോ, കയ്യിഴയോ എന്നു പത്രധൎമ്മമനുസരിച്ചു് എഴുതിച്ചോദിക്കുവാൻ എനിക്കു് നിശ്ചയമില്ല, ക്ഷമയുമില്ല. എനിക്കു് അച്യുതമേനോനെ ശകാരിക്കണം. അതു് ഒരു മിനിട്ടു് വൈകിക്കാൻ തരമില്ല. ഇത്തരത്തിൽ എൻെറ ഒരു സാംപൾലേഖനം എല്ലാവരും കാണണം, കൈകൊട്ടിച്ചിരിക്കണം. ഭാഷാഭൂഷണപരിഷ്ക്കരണകമ്മിററിയിൽ എനിക്കു് ഒരംഗമാകണം. എൻെറ പേരും പുറത്താകണം" എന്നൊക്കെ സ്ഥലമുള്ളേടത്തോളം എഴുതിവിടുകയായി. പോരെ കൃത്തു്. പേരു് കേൾക്കാനും ലേഖകനാവാനും ഇത്ര സൌകൎയ്യമുള്ള കാലം വേറെയുണ്ടോ?. ശകാരിക്കാനൊരു പത്രം, സ്തുതിക്കാനൊരു പത്രം, അഭിനന്ദിക്കാനൊരു പത്രം, അഭിമാനത്തിന്നൊരു പത്രം, അലങ്കാരത്തിന്നൊരു പത്രം ഇങ്ങിനെ പത്രങ്ങൾ ചാണിലും മുഴത്തിലും പടൎന്നുപിടിച്ചിട്ടുള്ളതുകൊണ്ടു് ശകാരങ്ങളൊക്കെ ശകാരപത്രത്തിലേക്കും, മററു വിഷയങ്ങൾ തരാതരംപോലെ മററു പത്രങ്ങളിലേക്കും അയച്ചുകൊടുത്താൽ പ്രസിദ്ധപ്പെടുത്താതേയും ഇരിക്കുന്നതല്ല.

കേസരി പോയതിൻെറ കോട്ടം ഇപ്പോഴല്ലെ കാണുന്നതു്.

ഇതെന്തൊരു ലോകം!!

(കോട്ടുങ്കാറൻ)

LIBRARY
1 JUL 1948
MADRAS

# എന്റെ സ്തോത്രം

ഉരയ്ക്കാം നമോവാകം കൈരളി, ദ്വൈതങ്ങളാ-
യിരിക്കുമിയ്യുള്ളോർതന്നാവശ്യമറിയിപ്പാൻ,
അധരപുടങ്ങളിലസ്പഷ്ടരൂപത്തിങ്ക-
ലരുളീടിനദേവി, സന്തതം നമസ്കാരം!

കളിയായാദ്യം, രസാവഹമാമോരോ കടം-
കഥയിലുരച്ചുരച്ചിങ്ങു നിൻമക്കൾക്കമ്മേ,
അദ്വൈതമതം സ്ഥാപിപ്പതിന്നുതക്കവണ്ണം
ബുദ്ധിക്കു കൂർമ്മതയുംകെല്പും നീ വളർത്തുന്നു.
വീരനാമൊതേനന്റെ വാൾച്ചീററലാകും ശ്രുതി-
ചേരുന്ന ഭവതിതൻ വടക്കൻപാട്ടുകളോ,
—ഉണർത്തീടുമേ ചത്തശവത്തെപ്പോലു—മേതു
തണുത്ത സിരയ്ക്കുള്ളിലൊഴുക്കാ ചുടുരക്തം!
ദുർഗ്രഹവേദാന്തമോ മുന്തിരിച്ചാറായല്ലീ
നിർഗ്ഗളിപ്പതുഹാ! നിൻ ജ്ഞാനപ്പാനയിൽനിന്നും
കാണുവാൻ തേനുംപാലുമൊഴുകും മലനാട്ടിൻ
ജ്ഞാനതൃഷ്ണയാൽ വററിവരളും ചുണ്ടുകളിൽ!

കൊച്ചരുവികളോടിക്കളിച്ചു നടക്കുന്ന
പച്ചപ്പുൽവിരിപ്പാണ്ട മാമലച്ചെരുവിലും,
കൊഞ്ചിക്കുഴഞ്ഞുംകൊണ്ടങ്ങൊഴുകും പുഴകൾതൻ
പുഞ്ചിരിപോലായുള്ള വെൺമണൽത്തിട്ടിങ്കലും
ക്ഷിതിതൻവെളിപ്പെട്ടു കാണാവും ഭയാർദ്രമാം
ഹൃദയംപോലാം പുഞ്ചപ്പാടത്തിൻവരമ്പത്തും
അഞ്ചിതമാമ്മാറെന്നുമാനന്ദസ്വരൂപിണി,
പിഞ്ചുകൈപിടിച്ചെന്നെ നീ പിച്ചനടത്താവൂ!
ആഹ്ലാദം തിരതല്ലുമെൻചെറുഹൃത്തിൽനിന്നും
കേൾക്കാനാമതിയപ്പോൾ വല്ലതുമപശബ്ദം
ദേവി നീ കൈക്കൊണ്ടാവൂ മററുള്ളോരുടെയെല്ലാം
പാവനസ്തോത്രങ്ങൾതൻകൂട്ടത്തിലതുമമ്മേ!

കല്ലന്മാർതൊടി രാമുണ്ണിമേനോൻ.

# കഴിഞ്ഞ കഥ.

(തുടൎച്ച)

## ൮-ാം അദ്ധ്യായം

### യാത്രാവചനം.

എനിക്കു നല്ലവണ്ണം നടക്കാറാവാൻ കുറെ ദിവസംകൂടി വേണ്ടിവന്നു. അപ്പോഴെക്കു അമ്മാമൻെറ കോടതിയും തുറക്കാറായി. യാത്രയുടെ രണ്ടുദിവസം മുമ്പ് ഒരിക്കൽ ഉച്ചക്ക് അമ്മായി എൻെറ അമ്മയുടെ മുറിയിൽ വന്നു. കൂടെ അമ്മായിയുടെ ഏകപുത്രി നാണിക്കുട്ടിയും ഉണ്ടായിരുന്നു. ഞാനും അപ്പോൾ അവിടെ ഉണ്ടായിരുന്നു. എനിക്ക് നാണിക്കുട്ടിയെ മുമ്പുതന്നെ വലിയ ഇഷ്ടമായിരുന്നു. അവൾക്ക് എന്നെയും വളരെ താല്പൎയ്യമായിരുന്നു. അവൾക്ക് അക്കാലത്ത് ആറേഴ് വയസ്സായിട്ടുണ്ടായിരുന്നു. അവൾ അവിടെയുള്ളപ്പോൾ അവൾക്ക് മുല്ലപ്പൂവും പനിനീർപൂവും ഞാൻ എത്രയാണ് കൊടുക്കാറുള്ളതെന്ന് കണക്കില്ല. അതെല്ലാം അമ്മയുടെ കയ്യിൽകൊണ്ടുപോയി കൊടുത്ത്, മാലയാക്കി, കഴുത്തിലിട്ടുംകൊണ്ടു അവൾ നടക്കുന്നതു കണ്ടാൽ ആൎക്കും ഒന്നെടുത്ത് മടിയിൽ വെക്കാൻ തോന്നാതിരിക്കയില്ല. മാല വല്ലവരും തൊടുകയോ, കേടുവരുത്തുകയോ ചെയ്താൽ പിന്നെ അവൾക്കുള്ള വ്യസനം പറഞ്ഞറിയിക്കാൻ പ്രയാസമാണ്. അതു കാണുമ്പോൾ എനിക്കുള്ള വ്യസനവും ഒട്ടും കുറവില്ല. ഉടനെ ഞാൻ രണ്ടാമതും പൂക്കൾകൊണ്ടുവന്ന് അമ്മായിയെക്കൊണ്ട് മാലകെട്ടിച്ച് അവൾക്കു കൊടുക്കും. അപ്പോൾ അവൾക്കുണ്ടാവാറുള്ള സന്തോഷവും ചില്ലറയല്ല വല്ലതും അവൾക്ക് തിന്മാനോ മററൊ കിട്ടിയാൽ ഉടനെ എൻെറ അരികത്തുവന്ന് അതെല്ലാം എൻെറ മുമ്പിൽ വെക്കും. ഞാൻ ഒന്നും വേണ്ടെന്നുപറഞ്ഞാലും അവൾ പോകില്ല. എന്തെങ്കിലും എടുത്ത് എൻെറ വായിൽ തിരുകും. ഇങ്ങിനെ ഞങ്ങൾ തമ്മിലുള്ള പെരുമാററം കണ്ടിട്ട് അമ്മായിതന്നെ ഒരിക്കൽ "ഇവിടെ വന്നാൽ പിന്നെ നാണിക്കുട്ടിയുടെ കാൎയ്യം ഞാൻ അന്വേഷിക്കേണ്ടതില്ല. എല്ലാം ദാസൻ ചെയ്തുകൊള്ളും" എന്ന് പറകയുണ്ടായിട്ടുണ്ട്.

ഞാൻ കിടപ്പിലായതിന്നുശേഷം ഞാൻ കിടക്കുന്ന മുറിയിൽ ഒരു ദിവസം ചുരുങ്ങിയത് പത്തു പ്രാവശ്യമെങ്കിലും അവൾ വരാതിരിക്കാറില്ല. ചിലപ്പോൾ അമ്മായികൂടെയുണ്ടാവും. ചിലപ്പോൾ അവൾ തന്നെയാവാനും മതി. വന്നാൽ എനിക്ക് എന്തെങ്കിലും തിന്മാൻ തരും. "കാല് വേദനിക്കുന്നുണ്ടോ" എന്ന് മനസ്സലിയിക്കത്തക്കവിധം ചോദിച്ച്, ഒന്നു തലോടുകയും ചെയ്യും. ഇടക്ക് ഞാൻ "നാണിക്കുട്ടിക്ക് പൂവൊന്നുംകിട്ടിയില്ലേ. മാലയിടാതെ നാണിക്കുട്ടിയെ കാണുമ്പോൾ അഭംഗിതോന്നുന്നു അമ്മായി!" എന്ന് പറയാറുണ്ട്. അതിന് "ദാസേട്ടന്ന് വയ്യല്ലൊ പിന്നെ ആരാ എനിക്ക് പൂവ്വ് കൊണ്ടത്തരാൻ എന്ന് അവൾ മറുവട്ടിയും പറയും. അന്നും അങ്ങിനെയൊരു ചോദ്യം ചോദി

ച്ചു. ഉടനെ അവരം ദാസേട്ടൻ വയ്യാതെ കിടക്കുമ്പോരം ഞാൻ മാലയും അണിഞ്ഞു് നടക്കാൻ പാടുവോ. എനിക്കു വല്ലാത്ത സങ്കടം.

ഞാൻ—ആട്ടെ ദാസേട്ടന്ന് നടക്കാറായാൽ ഇതിനൊക്കെ പകരം വീട്ടിത്തരാം. അന്ന് നാണിക്കുട്ടിയെ പൂവ്വ് കൊണ്ടു മൂടിക്കളയാം.

നാണിക്കുട്ടി—അതൊന്നുംവേണ്ടാ. ഇതുവരെ ഏട്ടൻ പൂക്കരം എനിക്കു തന്നില്ലേ? ഇനി ഞാൻ ദാസേട്ടന് തരാം. മാലകെട്ടീട്ടുതന്നെ തരാം.

ഇതു് അമ്മായിയും എൻെറ അമ്മയും കേട്ടു. അമ്മായി നേരം പോക്കായി.

"എന്താ മകളെ! നീ ദാസേട്ടനെ മാലയിടാൻ ഭാവമുണ്ടോ.

നാണി—എന്താ എനിക്ക് മാലയിടാൻ പാടില്ലെ! കുട്ടിയേടത്തി ഇന്നാളെന്താ ചെയ്തതു്? ഗോവിന്ദേട്ടൻ പൂവ്വ് കൊടുത്തപ്പോരം ഏട്ടത്തിയും കൊടുത്തു. ഗോവിന്ദേട്ടൻ മാലയിട്ടപ്പോരം ഏട്ടത്തി അങ്ങോട്ടും ഇട്ടു. എനിക്കും അങ്ങിനെ പാടില്ലെ?

അമ്മായി:—ഓഹോ ദാസേട്ടന് സമ്മതമുണ്ടെങ്കിൽ,

നാണി:—എന്താ ദാസേട്ടാ ഞാൻ ഏട്ടനെ മാലയിടട്ടെ.

ഞാൻ:—എത്ര മാല വേണമെങ്കിലും ഇട്ടോളു.

ഇതുകേട്ടപ്പോരം അമ്മ—

കേട്ടില്ലെ! അമ്മായി! കുട്ടികരംക്ക് ഇപ്പോരംതന്നെ മാലയിടേണ്ട കൂട്ടമേയുള്ളു. യോഗം എങ്ങിനെയാണാവോ?

അമ്മായി—അവക്ക് അങ്ങിനെ മനസ്സുണ്ടെങ്കിൽ അപ്പോരം യോഗവും ഉണ്ടാവും.

എന്നും പറഞ്ഞു് അമ്മായി നാണിക്കുട്ടിയോടുകൂടി പത്തായപ്പുരയിലേക്കു പോയി. എൻെറ മനസ്സും അവരോടുകൂടി പോയി. നാണിക്കുട്ടിയുടെ മുഖത്ത് കുറച്ചുദിവസമായി നല്ല പ്രസാദം ഉണ്ടെന്നു പറഞ്ഞുകൂടാ. അവരംക്ക് പൂവ് കൊടുക്കാൻ ആരും ഇല്ലാത്തതുകൊണ്ടുള്ള കുണ്ഠിതമായിരിക്കാം അതിന്നു കാരണം. അവളുടെ ദാസേട്ടനെ അച്ഛൻ ഇങ്ങിനെ ശിക്ഷിച്ചതിലും അവരംക്ക് തൃപ്തിയുണ്ടാവാനിടയില്ല. എന്നോട് "മാലയിടട്ടെ" എന്നു ചോദിച്ചപ്പോരം കിടന്നിരുന്ന ഞാൻ താനെ എഴുന്നേററിരുന്നു. അമ്മാമൻ പഠിപ്പിക്കാമെന്നു പറഞ്ഞപ്പോഴുണ്ടായ സന്തോഷംപോലെ ഒരു സന്തോഷവും എനിക്കുണ്ടായി. ആ സന്തോഷത്തിൻെറ അടികാണുവാൻ എനിക്കോ അവരംക്കോ അന്ന് ശക്തിയുണ്ടായിരുന്നില്ല. എങ്കിലും ഞാൻ സന്തോഷിച്ചു. കിടത്തിയ

പാട്ടിൽ കിടക്കുന്ന പച്ചക്കുട്ടികൾ മേല്പോട്ടുനോക്കിക്കൊണ്ട്—എന്തിനവേണ്ടിയോ—കരയുന്ന സമയം അമ്മയുടെ കരസ്പർശമേല്ക്കുമ്പോൾ താനെ കരച്ചൽ നിർത്തുന്നു. പെററുവീണ തൻെറ കുട്ടിയെ ആരെങ്കിലും എടുത്തുകൊണ്ടുപോകുമ്പോൾ—രക്ഷിക്കാനാണെങ്കിലും—എന്തെന്നില്ലാത്ത പരിഭ്രമത്തോടുകൂടി തള്ളപ്പശു പിന്നാലെ ഓടുന്നു. സിംഹക്കുട്ടി ആദ്യമായി ആനയെക്കാണുമ്പോൾ ശത്രുഭാവത്തിൽ അതിനോട്ട എതൃക്കുവാൻ മുതിരുന്നു. ഇങ്ങിനെ ചെയ്യുന്നതെല്ലാം ആരെങ്കിലും പറഞ്ഞുകൊടുത്തിട്ടല്ലല്ലൊ. എൻെറ സന്തോഷത്തിൻെറ ഉത്ഭവവും ഇങ്ങിനെത്തന്നെയായിരിക്കണം.

കോഴിക്കോട്ടെക്കു പോവാനുറച്ച ദിവസം രാവിലെ കുളികഴിഞ്ഞു് അമ്മയുടെ അറയിൽ ഞാൻ ചെന്നപ്പോൾ ഒരു ചെറിയ പെട്ടിയിൽ എൻെറ മുണ്ടുകളും കുപ്പായങ്ങളും അമ്മ അടുക്കിവെക്കുന്നതു കണ്ടു. ഉടനെ അമ്മയെ പിരിയേണ്ടതായ ഘട്ടം വരുമെല്ലൊ എന്ന് എനിക്ക് വിചാരമായി. അതുവരെ വിട്ടുപിരിയാതിരുന്ന എനിക്ക് ആ വേർപാട് ഒരു വലിയ ദുഃഖംതന്നെയായിരുന്നു. ഞാൻ അമ്മയുടെ മടിയിലിരുന്ന് അമ്മയെ കെട്ടിപ്പിടിച്ച കുറച്ചുനേരം തലതാഴ്ത്തിയിരുന്നു. പിന്നീട്ട് അമ്മയുടെ മുഖത്തുനോക്കിയപ്പോൾ എൻെറ കണ്ണിൽ വെള്ളം നിറഞ്ഞു.

അമ്മ:—ദാസ! നീ എന്തിനാണ് കരയുന്നത്? നീ ഇപ്പോൾ സന്തോഷിക്കയല്ലെ വേണ്ടതു്.

ഞാൻ:—ഇനി കുറച്ചുകാലത്തേക്ക് അമ്മയെ കാണുവാൻ തരമാവില്ലല്ലോ എന്നോർക്കുമ്പോൾ എനിക്ക് സങ്കടം വരുന്നു.

അമ്മ:—നിനക്ക് ഒരു വിധത്തിലും സങ്കടം വേണ്ട. നീ പഠിച്ച് ഒരു നല്ലനിലയിൽ വന്നുകാണണമെന്ന് അമ്മക്ക് എത്രത്തോളം മോഹമുണ്ടെന്ന് നിനക്ക് അറിയാമോ. നിൻെറ അച്ഛന് പണം കുറവായതുകൊണ്ട് ആ മോഹം വെറുതെയായിപ്പോകുമോ എന്നു വിചാരിച്ച് അമ്മ വ്യസനിക്കയായിരുന്നു. അപ്പോഴാണ് അമ്മാമന്ന് ഇങ്ങിനെ തോന്നിയതു്. അതു നിൻെറയും അമ്മയുടേയും ഭാഗ്യമാണെന്നു വിചാരിച്ചുകൊൾക—പിന്നെ അമ്മ കൂടെയില്ലല്ലൊ എന്ന് വിചാരിച്ച് നീ ഒട്ടുംതന്നെ വ്യസനിക്കണ്ട. നമ്മുടെ അമ്മായിയെപ്പോലെ ഒരമ്മായിയെ കാണുവാൻ പ്രയാസമാണ്—അമ്മ നോക്കുന്നതുപോലെതന്നെ നിന്നെ നോക്കും. നിന്നെ അമ്മാമൻ അടിച്ചതുകൊണ്ട് അമ്മായിക്കുണ്ടായ പോലെ മനോവേദന അമ്മക്കുംകൂടി ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. എത്ര പ്രാവശ്യമാണ് നിന്നെ വന്ന് നോക്കിയിരുക്കുന്നതു്. നിന്നെ ഇപ്പോൾ പഠിപ്പിക്കാൻ കൊണ്ടുപോകേണമെ

ന്ന് അമ്മാമൻ തീൎച്ചയാക്കിയതുതന്നെ അമ്മായി പറഞ്ഞിട്ടാണ്. അങ്ങിനെ നിന്നെ സ്നേഹിക്കുന്ന ഒരാളുടെകൂടെ പോകുവാൻ സംഗതിവന്നതിൽ എന്റെ മകൻ സന്തോഷിക്കയല്ലെ വേണ്ടതു്. ഇങ്ങിനെയൊരമ്മായിയെ കിട്ടിയതുതന്നെ നമ്മുടെ സുകൃതമാണ്. അതുകൊണ്ടു് ഇനിമേലിൽ അമ്മായിയെ അമ്മയാണെന്നുകരുതി, ഈ ജന്മത്തിൽ ഒരുപോലെ സ്നേഹിക്കുന്ന രണ്ടമ്മമാരുണ്ടായതിനെപ്പററി ജഗദീശ്വരനോടു് നന്ദിപറഞ്ഞു് സന്തോഷിക്കൂ— അവിടെപോയാൽ അമ്മായി പറഞ്ഞപോലെ എല്ലാം കേട്ടു നടക്കണം. അവരുടേയും അമ്മാമന്റേയും തൃപ്തി സമ്പാദിക്കുവാൻ എപ്പോഴും നീ ശ്രമിക്കണം—എന്നാൽ നിനക്കു് ഇഷ്ടമുള്ളേടത്തോളം പഠിക്കാനും, വേറെ പലവിധത്തിലുള്ള ഗുണങ്ങൾ വന്നുചേരാനും ഇടവരുന്നതാണ്. അതുകൊണ്ടു് നീ ഒട്ടുംതന്നെ വ്യസനിക്കണ്ട. നിന്റെ സഖിയായ നാണിക്കുട്ടിയും നിനക്കു വേണ്ടതെല്ലാം അന്വേഷിക്കും.

ഞാൻ:—എനിക്കു വ്യസനമൊന്നുമില്ല. ഞാൻ അമ്മ പറഞ്ഞപോലെ നടന്നുകൊള്ളാം. (തുടരും)

ദേവീദാസൻ.

---

# വിചാരവീചി.

---

## ഞങ്ങൾ.

ഈ ലക്കത്തോടുകൂടി അരുണോദയത്തിന്നു് രണ്ടാമത്തെ വയസ്സ് ആരംഭിക്കുകയാണെന്നുള്ള സന്തോഷവൎത്തമാനം ഞങ്ങൾ മാന്യവായനക്കാരെ അറിയിച്ചുകൊള്ളുന്നു. ഒരു കൊല്ലത്തോളം ഈ മാസികാശിശുവിനെ പറയത്തക്ക കേടുകളൊന്നും കൂടാതെ പരിപാലിച്ചുപോന്ന മാന്യന്മാരായ സാഹിത്യനായകന്മാരോടും വരിക്കാരോടും ഞങ്ങൾക്കുള്ള കൃതജ്ഞത "നന്ദി" എന്ന രണ്ടക്ഷരത്തിൽ ഒതുക്കിപ്പറവാനേ തല്ക്കാലം നിൎവ്വാഹമുള്ളു. അവർ ചെയ്തുതന്നിട്ടുള്ള സഹായങ്ങൾ നന്ദിപറഞ്ഞു ഒഴിക്കാവുന്നവയല്ലെന്നും മേലാലും അവരെത്തന്നെ ആശ്രയിച്ചാണ് ഈ മാസിക നിലനില്ക്കുന്നതെന്നും ഞങ്ങൾ വിസ്മരിക്കുന്നില്ല എന്നാൽ ഞങ്ങളും അവരുമായുള്ള "ബന്ധനാടക"ത്തിന്റെ നാന്ദിയാണ് ഇതുവരെ ചെയ്തിട്ടുള്ളതെന്നും, അവരുടെ അഭിനയചാതുൎയ്യം അധികം പ്രകടിക്കേണ്ടതു് ഇനിമേലാണെന്നും ഞങ്ങൾ അവരെ വിനയപൂൎവ്വം ഓൎമ്മപ്പെടുത്തിക്കൊള്ളട്ടെ.

"അരുണോദയം" തുടങ്ങിയമുതല്ക്കു പലതരത്തിലുള്ള മേൽനോട്ടത്തിന്നു് അതു് പാത്രമായിട്ടുണ്ടു്. ചിലർ വാത്സല്യപൂർവ്വം അതിനെ കൊണ്ടാടീട്ടുണ്ടെങ്കിൽ ചിലർ സംശയഭാവത്തിൽ അതിനെ പരീക്ഷിച്ചിട്ടുണ്ടു്. മററു ചിലർ "കണ്ടുകൂടായ്ക"കൊണ്ടു് ചില ഒളിയമ്പുകളും അതിൻെറനേരെ അയച്ചിട്ടില്ലെന്നില്ല. സ്നേഹപൂർവ്വം പരിലാളിച്ചവരെ ഞങ്ങൾ സർവ്വാത്മനാ നമസ്കരിക്കുന്നു. ഞങ്ങടെ സ്ഥിതിഗതിയിൽ സന്ദേഹമുള്ളവരോടു്, അവരുടെ പരമാദരത്തിന്നു് പാത്രീഭവിക്കാൻ വേണ്ട പരിശ്രമങ്ങൾ ക്രമേണ ചെയ്തുകൊള്ളാമെന്നു മാത്രമെ തല്ക്കാലം പറവാൻ നിവൃത്തിയുള്ളു. ഞങ്ങളെ വെറുതെ ശല്യപ്പെടുത്തിയവൎക്കു് അതുനിമിത്തം വല്ല ചാരിതാൎത്ഥ്യവും ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെപ്പററി ഞങ്ങൾ സന്തോഷിക്കയും, അവരുടെ ദൃഷ്ടി ആ വിധത്തിലെങ്കിലും ഞങ്ങളുടെമേൽ ഉണ്ടായതോൎത്തു് സമാധാനിക്കയും ചെയ്യുന്നുണ്ടു്. കൎമ്മഫലം എല്ലാവൎക്കും നല്കുവാനായി ജഗദീശ്വരനുള്ളപ്പോൾ അക്കാൎയ്യത്തിൽ ആരും ക്ലേശിക്കേണ്ടതുമില്ല.

മാസിക തുടങ്ങുന്നതിൻെറമുമ്പു് ഞങ്ങൾക്കുണ്ടായിരുന്ന ഉദ്ദേശങ്ങൾ പത്തിലൊന്നു് നിൎവ്വഹിക്കാൻ ഞങ്ങൾക്കു തരമായിട്ടില്ലെന്നു് ഞങ്ങൾക്കുതന്നെ ബോദ്ധ്യമാണു്. പൊന്നു വെക്കേണ്ട ദിക്കിൽ പൂവു് വെക്കാൻകൂടി കഴിഞ്ഞിട്ടുണ്ടെന്നു് ഞങ്ങൾക്കു് അഭിമാനമില്ല.

മലയാളത്തിൽ മാസികാപ്രവൎത്തനവിഷയത്തിലുള്ള അസൌകൎയ്യങ്ങളും പ്രതിബന്ധങ്ങളും അറിഞ്ഞവർ ഞങ്ങളുടെ "വീഴ്ച"കളെപ്പററി അത്ര ആക്ഷേപിക്കുകയില്ലെന്നാണു് ഞങ്ങളുടെ വിശ്വാസം. അറിയാത്തവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ പ്രയാസവുമാണു്. വായനക്കാരുടേയും വരിക്കാരുടേയും ലേഖകന്മാരുടേയും അനുഗ്രഹമുണ്ടാകുന്നപക്ഷം, അരുണോദയം അസ്തമിക്കുന്നതല്ലെന്നും ഞങ്ങൾ വിചാരിച്ച കള്ളിയിൽ എത്തുവാൻ അചിരേണ സാധിക്കുമെന്നും ഞങ്ങൾക്കു ധൈൎയ്യമുണ്ടു്.

കാളിന്ദിതൻപുളിനവും പുനർവെൺനിലാവും
മേളിച്ചരാത്രികളുമുണ്ടിനി വേണ്ടുവോളം.
എന്നു് തല്ക്കാലം സമാധാനിക്കയും ചെയ്യട്ടെ.

അരുണോദയത്തിൽ പ്രൌഢലേഖനങ്ങൾ അധികമായിപ്പോകുന്നുണ്ടെന്നു് ചില ബന്ധുക്കൾ ഞങ്ങളെ അറിയിക്കുകയുണ്ടായിട്ടുണ്ടു്. വിജ്ഞാനവും വിനോദവും ഒരേസമയത്തു് പ്രദാനംചെയ്യത്തക്ക ശക്തി സാഹിത്യത്തിന്നുണ്ടാവേണമെന്നാണു് ഞങ്ങളുടെ സിദ്ധാന്തമെങ്കിലും മേല്പറഞ്ഞവരുടെ തൃപ്തിക്കുവേണ്ടി വിനോദത്തിന്നു് പൂൎവ്വാധികം പ്രാധാന്യംകൊടുപ്പാൻ ഞങ്ങൾ തീൎച്ചപ്പെടുത്തീട്ടുണ്ടു്. വായനക്കാരുടെ അഭീഷ്ടം കഴിയുന്നതും സാധിപ്പിക്കുവാൻ ഞങ്ങൾ ഒരുക്കമാകയാൽ അവരുടെ അഭിപ്രായങ്ങൾ അപ്പപ്പോൾ അറിയിച്ചുതരേണമെന്നു് ഞ

ങ്ങൾ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നുണ്ട്. അരുണോദയം ഒരു നല്ല നിലയിലെത്തേണ്ടതിന്ന് ശക്തിക്കൊത്തവിധം ഞങ്ങൾ ചെയ്യുന്ന പരിശ്രമത്തിൽ ഞങ്ങളുടെ ബന്ധുക്കളുടെ സഹായസഹകരണങ്ങൾ ഇടവിടാതെയുണ്ടാവുമെന്ന് പ്രതീക്ഷിക്കുകയും അതിന്നായി അവരോട്ട് അപേക്ഷിക്കയും ചെയ്തുകൊണ്ട് തല്ക്കാലം വിരമിക്കുന്നു.

പ്രവർത്തകന്മാർ.

## ഉത്തരകേരളീയനായർസമാജം.

മേപ്പടി സമാജത്തിൻെറ വാൎഷികസമ്മേളനം ഇയ്യിടെ പയ്യന്നൂർവെച്ച് കൂടിയ വിവരം വായനക്കാർ അറിഞ്ഞിരിക്കുമെല്ലൊ. അതിൻെറ അദ്ധ്യക്ഷനായിരുന്ന ശ്രീമാൻ ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള അവർകൾ ചെയ്ത പ്രസംഗം നായന്മാരുടെ ശ്രദ്ധയെ പ്രത്യേകം അൎഹിക്കുന്ന ഒന്നാണ്. നായന്മാരുടെ പണ്ടത്തെ "പ്രമാണിത്തം" ചരിത്രപ്രസിദ്ധമാണെങ്കിലും അവരുടെ ഇന്നത്തെ സ്ഥിതി ദയനീയമാണെന്നു പറയാതെ നിവൃത്തിയില്ല. ദേഹംകൊണ്ട് അദ്ധ്വാനിക്കുന്നതു് അഭിമാനക്ഷയമാണെന്ന് കരുതുകകൊണ്ട് സ്വദേശംവിട്ട് ഓടിപ്പോകാനാണ് പലൎക്കും വാസന കാണുന്നതു്. ഈ അഭിമാനം മറുരാജ്യത്തെത്തുമ്പോഴെക്ക് കണികാണ്മാൻപോലും ഇല്ലാതെയായിത്തീരുന്നതിൻെറ രഹസ്യം ഇനിയും ആരാഞ്ഞറിയേണ്ടതായിട്ടാണിരിക്കുന്നതു. മി. പിള്ള പറയുംപോലെ കാപ്പിക്ലബ്ബ്കളേയും വേറെ ചില നികൃഷ്ടസ്ഥലങ്ങളേയും ശരണംപ്രാപിച്ച് കാലംകഴിക്കുന്ന നമ്മുടെ സഹോദരന്മാർ അവരുടെ തല്ക്കാലസ്ഥിതിയെപ്പററി ആലോചിക്കാൻതന്നെ അശക്തരായിട്ടാണിരിക്കുന്നതു്—ഈ അവസ്ഥാന്തരത്തിന്ന് ഉത്തരവാദി മരുമക്കത്തായം മാത്രമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. പണംകൊണ്ടും പദവികൊണ്ടും ഒരുകാലത്ത് മുന്നണിയിൽനിന്ന്, അതിസുഖം അനുഭവിച്ചിരുന്ന നായന്മാർ അദ്ധ്വാനവിമുഖന്മാരായിത്തീൎന്നപ്പോൾ അവരുടെ ധനസ്ഥിതിക്ക് കോട്ടംതുടങ്ങി. അഭിമാനം അവശേഷിച്ചതുകൊണ്ട് "ദേഹദണ്ഡം" പോരായ്മയാണെന്ന് ഒരു ബോധവും ഉദിച്ചു. തറവാട്ടിൽ എങ്ങിനെയായാലും ചോറു കിട്ടും എന്നുള്ള സമാധാനം ക്രമേണ കരുവായും തീൎന്നു. ഇങ്ങിനെ സംഗതികളെല്ലാം ഒന്നിച്ചുചേൎന്നപ്പോൾ അധഃപതനവും ആരംഭിച്ചു. കാലത്തിന്നു യോജിച്ച വ്യവസായങ്ങളിൽ, ദുരഭിമാനം വിട്ടെറിഞ്ഞു് പ്രവേശിപ്പാൻ നായന്മാർ എന്ന് ഒരുങ്ങുന്നുവോ അന്നുമുതല്ക്കു അവൎക്ക് ശുക്രദശ വീണ്ടും തുടങ്ങുമെന്നുള്ളതിന്നു സംശയമില്ല ഈ ഘട്ടം ഇതരസമുദായാംഗങ്ങൾ നായന്മാരെ നിത്യവുംപറ്റിപ്പിക്കുന്നതുമുണ്ട്. "ആളോഹരിഭാഗം" ചെയ്യാൻ, ചുമതല ബോധമുള്ളവർ ആതുകൊണ്ട് നന്നായിത്തീരാൻ വഴിയുണ്ട്. അല്ലാത്തവർ ഉള്ളതു കളഞ്ഞു കളിക്കാനും എളുപ്പമുണ്ട്.

## 2. പത്രങ്ങളും റിപ്പോർട്ടർമാരും.

പയ്യന്നൂർവെച്ചുണ്ടായ സമ്മേളനങ്ങളെപ്പററി ഓരോ പത്രങ്ങളിലും കാണുന്ന റിപ്പോട്ടുകൾ മനസ്സിരുത്തി വായിക്കേണ്ടവയാണ്— ഓരോ പത്രങ്ങൾ കല്പിച്ചുകൂട്ടിയോ, അല്ലാതേയോ അവയിൽ ചെയ്യുന്ന ഭേദഗതികൾ അവയെ പലപ്പോഴും വായനക്കാരുടെ പരിഹാസത്തിന്നു പാത്രമാക്കാറുണ്ടെന്നുള്ള വസ്തുത പത്രപ്രവത്തകന്മാർ അറിയുന്നുണ്ടോ എന്നു സംശയമാണ്. ശ്രീമാൻ വള്ളത്തോളിൻെറ പ്രസംഗത്തെപ്പററി ഒരു പത്രത്തിൽ റിപ്പോട്ടുചെയ്തതിൽ അദ്ദേഹം പലതും പറഞ്ഞകൂട്ടത്തിൽ കേരളകലാമണ്ഡലത്തെപ്പററിയും പ്രസ്താവിക്കയുണ്ടായിയെന്ന് എഴുതിക്കണ്ടു. ഇതു കേട്ടാൽ കേരളകലാമണ്ഡലത്തിൻെറ സ്ഥാപകനായ ശ്രീമാൻ വള്ളത്തോൾ ഇതു പറയാൻവേണ്ടി സാഹിത്യസമ്മേളനത്തിന് അദ്ധ്യക്ഷനായതാണെന്ന് ഒരു തെററിദ്ധാരണ ഉണ്ടാവാൻ വഴിയുണ്ട്. അങ്ങിനെ ചില ദിക്കിൽ ഉണ്ടായിട്ടുണ്ടെന്ന് ഇതെഴുതുന്ന ആൾക്ക് അറിവായിട്ടുണ്ട്. സംഗതിവശാൽ ഇയ്യുള്ളവനം അവിടെ സന്നിഹിതനായിരുന്നതുകൊണ്ട് വാസ്തവം മനസ്സിലാക്കാൻ സാധിച്ചു. മഹാകവിയുടെ ഉപക്രമപ്രസംഗത്തിൽ കേരളകലാമണ്ഡലത്തെക്കുറിച്ച് യാതൊന്നും പറകയുണ്ടായിട്ടില്ല. "കേരളകലാമണ്ഡല"ത്തിൻെറ ഉദ്ദേശങ്ങൾ നിറവേററണ്ടതിലേക്ക് തൽസ്ഥാപകനെ കേരളീയരെല്ലാവരും സഹായിക്കേണ്ടതാണെന്ന് ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. ഉപസംഹാരപ്രസംഗത്തിൽ ആ പ്രമേയം പാസ്സാക്കിയതിൽ തനിക്കുള്ള നന്ദി അദ്ദേഹം പ്രകടിക്കുകയും അതിനെപ്പററി അധികവിവരങ്ങൾ പ്രസ്താവിക്കയുമുണ്ടായി. ഇതാണ് വാസ്തവം. പത്രത്തിലെ റിപ്പോട്ടും നടന്ന കായ്യവും തമ്മിലുള്ള അടുപ്പത്തെപ്പററി എടുത്തുപറയേണ്ടുന്ന ആവശ്യമുണ്ടെന്നു തോന്നുന്നില്ല, ഇതിൽ റിപ്പോട്ടരേയോ പത്രാധിപരേയോ ആരേയാണ് ഉത്തരവാദിയാക്കേണ്ടതെന്ന് നിശ്ചയമില്ല. പത്രപ്രവത്തനത്തിൽ ഏപ്പെടുന്നവക്ക്വിവേകവും ഭാരവാഹിത്വബോധവും ഇല്ലാതിരുന്നാലത്തെ വൈഷമ്യങ്ങളിൽ ഒന്നാണ് മേല്പറഞ്ഞ ദോഷം. ഇത്തരത്തിലുള്ള പത്രങ്ങൾ വദ്ധിക്കുന്നതു് നാട്ടിന്ന് അനത്ഥഹേതുവാണെന്ന് അനുഭവസിദ്ധമാണ്.

# വിജ്ഞാനസൌധം.

## എൻെറ ഭാഷ.

വള്ളത്തോൾ മഹാകവിയുടെ മാതൃഭാഷാഭക്തി അനിവ്വചനീയമെന്നേ പറയാനുള്ളൂ. താൻതന്നേ അനഘങ്ങളായ രത്നങ്ങൾകൊണ്ടു ഭാഷാസമ്പത്തു് ഉത്തരോത്തരം വദ്ധിപ്പിച്ചിട്ടുണ്ട്; വദ്ധിപ്പിക്കുന്നു

മുണ്ടു്. അതുകൊണ്ടൊന്നും അദ്ദേഹം തൃപ്തിയടയുന്നില്ല. മാതൃഭാഷയുടെ മാഹാത്മ്യവും അതിന്റെ ഉത്തമഗ്രന്ഥദാരിദ്ര്യവും ഹൃദയംഗമമാംവിധം വർണ്ണിച്ചു്, ഭാഷാപ്രണയികളുടെ സവിശേഷശ്രദ്ധയെ ആകർഷിക്കുന്ന അദ്ദേഹത്തിന്റെ "എന്റെ ഭാഷ" എന്ന കവിത വായിച്ചുനോക്കുക. അദ്ദേഹത്തിന്റെ ഭാഷാഭക്ത്യാദരം എത്രത്തോളമെന്നു് ഈ മഹാകവിയുടെ വാക്കിൽനിന്നുതന്നെ മനസ്സിലാക്കുക:—

(മാകന്ദമഞ്ജരി)

സന്നികൃഷ്ടാബ്ധിതൻ ഗംഭീരശൈലിയും,
സഹ്യഗിരിതന്നടിയുറപ്പും
ഗോകർണ്ണക്ഷേത്രത്തിൻനിർവൃതികൃതപവും,
ശ്രീകന്യമാതിൻ പ്രസന്നതയും,
ഗംഗപോലുള്ള പേരാററിൻ വിശുദ്ധിയും,
തെങ്ങിളംകായ്നീരിൻ മാധുര്യവും,
ചന്ദനൈലാലവംഗാദിവസ്തുക്കൾതൻ
നന്ദിതഘ്രാണമാം തൂമണവും,
സംസ്കൃതഭാഷതൻ സ്വാഭാവികൌജസ്സും,
സാക്ഷാൽത്തമിഴിന്റെ സൌന്ദര്യവും,
ഒത്തുചേർന്നുള്ളൊരു ഭാഷയാണെൻഭാഷ-
മത്താടിക്കൊൾകഭിമാനമേ, നീ!

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം-
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം,
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്!
മററുള്ളഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനുപെററമ്മ തൻഭാഷതാൻ
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണവളർച്ചനേടൂ;
അമ്മതാൻതന്നെ പകർന്നുതരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ.

ഏതൊരുവേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽസ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്കവേണം.
ഹൃദ്യം സ്വഭാഷതൻ ശീകരമോരോന്നു-
മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ;
അന്യബിന്ദുക്കളോ, തൽബഹിർഭാഗമേ
മിന്നിച്ചുനിൽക്കുന്ന തുഷാരങ്ങൾ.

ആദിമകാവ്യവും പഞ്ചമവേദവും
നീതിപ്പൊരുളുമുപനിഷത്തും
പാടിസ്വകീയരെക്കേൾപ്പിച്ചകൈരളി
പാടവഹീനയെന്നാർപറയും?
കൊണ്ടാടി നാനാവിചിന്തനതന്തുക്കൾ-
കൊണ്ടാത്മഭാഷയെ വായ്പിയ്ക്കായ്കിൽ,
കേരളത്തിന്നീയിരുൾക്കുണ്ടിൽനിന്നൊന്നു
കേറാൻപിടിക്കയറെന്തുവേറെ?
എപ്പോൾവരെയ്ക്കുമില്ലവർതൻ ഭാഷയ്ക്കു
കെൽപ്പും പരപ്പും നടപ്പുമൊന്നും,
അപ്പോൾവരെയ്ക്കുവരാവതില്ലാത്തവ-
ർ,പ്രഫുല്ലാശയർ, പ്രശസ്തർ

വിണ്മൊഴിയാം മഹാറാണിയെൻഭാഷയ്ക്കു
നന്മപുലർത്തുന്ന തോഴി പണ്ടേ;
പോരെങ്കിൽ ദ്വീപാന്തരങ്ങളിൽനിന്നുമൊ-
ട്ടേറെ വിദ്യാധനം നേടിയോരായ്
എത്രപേരില്ലിന്നു നമ്മക്കളെ,ന്നിട്ടു-
മത്ര ഭവതിദരിദ്രയെന്നോ!
അന്യഭാഷാബ്ധിയിലാണ്ടാണ്ടുമുങ്ങിയ
ധന്യരേ, നിങ്ങൾതൻ വേലപാഴിൽ,
മാൽപെട്ടതിൽനിന്നുപാർജ്ജിച്ചരത്നങ്ങൾ
മാതാവിനായിസ്സമർപ്പിയായ്കിൽ.
ചെല്ലക്കിടാങ്ങൾതൻ സൽഗ്രന്ഥഭക്ഷ്യത്തിന്നെ
ത്തെല്ലുശമിപ്പിപ്പാനാളല്ലാതെ
അല്ലൽപ്പെടുന്ന കുചേലകുടുംബിനി-
യല്ലയോ നമ്മുടെ ഭാഷയിന്നും!
എത്രലജ്ജാകര, മെത്ര ദുഃഖപ്രദം—
പുത്രധർമ്മങ്ങൾ മറന്നീടായ്കിൻ:
മാതൃഭാഷയ്ക്കിഹ ദാസ്യം നടത്തായ്കി-
ലാധിപത്യത്തിന്നനർഹർ നിങ്ങൾ—
ഭക്ത്യാസ്വഭാഷതൻകാൽക്കൽ കനിയായ്കി-
ലത്തലയെങ്ങനെ പൊങ്ങിനിൽക്കും?
ബുദ്ധിമാന്മാരെ, സ്വഭാഷത്തറവാട്ടിൽ
സ്വത്തുവളർത്തുവാൻ യത്നംചെയ്വിൻ—
ആലസ്യത്തിന്നു നിവാപാംബുനൽകുവിൻ
ഫാലത്തിലോലും വിയർപ്പിനാലെ!

ഏറെവാക്കെന്തിനു? നാളെമുതൽക്കിനി-
ക്കൈരളിതന്റെ ഗൃഹാങ്കണത്തിൽ
പാണ്ഡിത്യഭിക്ഷയ്ക്കു വന്നവർ വന്നവർ
ഭാണ്ഡംനിറച്ചേ തിരിച്ചുകൂട്ടു:
കെടറ്റൊരൌദാര്യശീലത്തിലെന്നെന്നേ
കേളികേട്ടുള്ളവർ കേരളീയർ:

Z. C. M.

---

വിമാനം—വിമാനമേറി അത്ലാന്തിക്ക് സമുദ്രം ഒന്നാമതായി കടന്ന സ്ത്രീ അമേരിക്കയിലെ എസ്കറാട്ട് എന്നുപേരായ ഒരു യുവതിയാണ്. ഇവൾക്ക് 29 വയസ്സ് ഉണ്ട്. ഇതിനുമുമ്പ് മേൽകാര്യത്തിനു ശ്രമിച്ച മൂന്നു സ്ത്രീകൾ അപായപ്പെട്ടുപോകയാണ് ചെയ്തത്. അവൾ യാത്രാസമയത്ത് 14000 അടി ഉയരത്തിൽ എത്തിയിരുന്നു അത്രെ. അമേരിക്കയുടെ മേൽഭാഗത്ത് എത്തിയപ്പോൾ വിമാനയന്ത്രത്തിന്റെ ഭയങ്കരധ്വനി കേട്ടിട്ട് അനേകലക്ഷം ആളുകൾ ആ യുവതി ഇറങ്ങുന്നതുവരെ കാത്തിരുന്നു. ഇറങ്ങിവന്ന ഉടനെ ആ സ്ത്രീയെ ഒന്നു തൊടാൻ വേണ്ടി ആളുകൾ തിക്കിയും തിരക്കിയും അന്യോന്യം മല്ലയുദ്ധം ചെയ്തും വളരെ ക്ലേശിച്ചു എന്നു കേൾക്കുന്നു. ഏതായാലും അമേരിക്കക്കാർ പുതുതായ ഒരു അഭിമാനസിദ്ധികൊണ്ട് പരമാനന്ദത്തിൽ ഇരിക്കുന്നു പോലും.

വിമാനവഴിയായി ഉത്തരധ്രുവത്തിൽ പോയ പുരുഷകേസരികളെ പറ്റി യാതൊന്നും കേൾക്കുന്നില്ല. അവരെ തിരഞ്ഞുപിടിപ്പാൻ വേറെ ചിലരും പോയിട്ടുണ്ട്.

പന്തയം—പന്തയം വെച്ചു കുതിരയെ ഓടിക്കുന്നതിൽ ഇംഗ്ലീഷ്കാർ വലിയ ഭ്രമക്കാരാണ്. ഇതിനുവേണ്ടി പ്രതിവർഷം അവർ ചിലവിടുന്ന പണത്തിന് കയ്യും കണക്കും ഇല്ല. ഡർബി പന്തയഘോഡതിയിൽ കൂടീട്ട് നിർദ്ധനന്മാരായ പലരും ലക്ഷാധിപന്മാരായിട്ടുണ്ട്. ഈയ്യിടെ ഇംഗ്ലീഷ്കാർ നടപ്പാക്കിയ മറ്റൊരുതരം പന്തയം ഹൌണ്ട്സ്നായ്ക്കളെ ഓടിച്ചിട്ടായിരുന്നു. ഇത് ക്ഷണത്തിൽ കുതിരപ്പന്തയംപോലെതന്നെ പ്രചാരത്തിൽ വരുവാൻ ഇടയുണ്ടത്രേ. മതിരാശിക്കാർ ഇയ്യിടെ മറ്റൊരുതരം പരിശോധനനടത്തി. എന്നാൽ ഇതിന് വല്ല പന്തയവും നിശ്ചയിച്ചിരുന്നോ എന്ന് ഞാൻ അറിയുന്നില്ല. മതിരാശിയിൽനിന്നു തീവണ്ടിവഴിയായി ഏ?പതു പ്രാവുകളെ മതിരാശിയിൽനിന്ന് 260 നാഴിക വഴി ദൂരെ ഉള്ള തുംകൂർ എന്ന സ്റ്റേഷനിൽവെച്ചു വിട്ടു. സകല പ്രാവുകളും മതിരാശിയിൽ മടങ്ങി എത്തി. ഒന്നാമത് എത്തിയത് ഡി. എസ്സ്. കെ. നായഡു അവർകളുടെ രണ്ടു

പ്രാവുകളാണ്. ഇവ ഒരു മിനുട്ടുകൊണ്ടു സുമാറ് ഒരു നാഴികവീതം വേഗത്തിൽ പറന്നിരുന്നു.

ഇന്ത്യയിലെ വൈദ്യശാസ്ത്രം—ഗവൎമ്മെണ്ട് ഈ കാൎയ്യത്തിൽ ദൃഷ്ടിവെച്ചിട്ട് ഏകദേശം നാലുകൊല്ലമായി. ഗവൎമ്മെണ്ടുവകയായി ഒരു സ്കൂളും ഈ കാൎയ്യത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 1. ആയുൎവേദം 2. സിദ്ധവൈദ്യം 3. യൂനാനിവൈദ്യം. ഇങ്ങിനെ മൂന്നു പ്രത്യേകതരം ചികിത്സകൾ നടപ്പുണ്ടെന്നാണ് പലരും വാമൊഴികൊടുത്തത്. യൂനാനിവൈദ്യവും സിദ്ധവൈദ്യവും ആയുൎവ്വേദത്തിൽനിന്ന് അരിച്ചെടുക്കപ്പെട്ടതാണെന്ന് ഇപ്പോൾ പല തെളിവുകളും കണ്ടുകിട്ടീട്ടുണ്ട്. തമിഴിലെ ഒരു പ്രമാണിയായ സിദ്ധവൈദ്യകൎത്താവ് തന്റെ മുഖവുരയിൽ ഇങ്ങിനെയാണ് പറഞ്ഞിട്ടുള്ളത്. "സംസ്കൃതത്തിലുള്ള ആയുൎവ്വേദത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ മരുന്നും ചികിത്സയും എടുത്തുപറയുന്നത്. ഞാൻ തമിഴ് പദ്യത്തിൽ ഈ സംഗതികൾ പ്രസ്ഥാവിച്ചത്, രത്നങ്ങൾ പൊന്നിൽ തൊടുത്തുകണ്ടാൽ അധികം ശോഭിച്ചുകാണും എന്ന ന്യായത്തിന്മേലാണ്. ഇതിൽ പോരാതായെന്നു തോന്നുന്ന വല്ല വിവരണവും പൂൎത്തിയായി കാണേണമെങ്കിൽ ആയുൎവ്വേദം എടുത്തുനോക്കിയാൽ മതി. ബാഹടനാൽ നിൎമ്മിതമെന്നു പറയുന്ന അഷ്ടാംഗഹൃദയം യഥാൎത്ഥത്തിൽ നൂറ് മഹൎഷിമാർ ആയുൎവേദത്തിൽനിന്ന് കടഞ്ഞെടുത്ത വൈദ്യശാസ്ത്രമാണ്. ആയിരം ആളുകൾക്ക് കൊടുത്തിട്ട് യാതൊരു പിഴയും ഇല്ലാതെ ഫലിച്ച മരുന്നുകൾ മാത്രമെ ഇതിൽ പ്രസ്താവിച്ചിട്ടുള്ളു. അതാണ് അഷ്ടാംഗഹൃദയത്തിലെ മരുന്നുകൾ ഫലിക്കാതിരിക്കില്ല എന്നു തീൎച്ചപറയുന്നത്. എന്നാൽ അഷ്ടാംഗഹൃദയത്തിന്നും ഒരു ഹാനി തട്ടാതിരുന്നില്ല. മുഹമ്മദന്മാരുടെ ആക്രമം നിമിത്തം പാരമ്പൎയ്യമായി പഠിച്ചും പ്രയോഗിച്ചും വന്നിരുന്ന അഷ്ടാംഗഹൃദയതത്വങ്ങൾ അനേക നൂററാണ്ടുകളായിട്ട് തുരുമ്പുപിടിച്ച ഒരേടത്ത് നിൽക്കേണ്ടിവന്നു. വളരെ കാലം കഴിഞ്ഞിട്ട് ഇതിന്നു രണ്ടാമത് ഉണൎവ് സിദ്ധിച്ചപ്പോൾ വലിയ ഒരു വൈകല്യം ഇതിന്നു സിദ്ധിച്ചതായി കണ്ടു. ഇതിൽ പറയപ്പെട്ട വളരെ ചെടികളുടെ പേർ ഏതു ചെടിയെ ഉദ്ദേശിച്ചാണെന്ന് നല്ല നിശ്ചയമുള്ളവർ കുറഞ്ഞുപോയി. അതുകൊണ്ട് ഓരോ യോഗത്തിൽ പ്രസ്ഥാവിച്ച ചില മരുന്നുകളെല്ലാം ഇന്നിന്നതാണെന്ന് ഊഹിച്ചെടുപ്പാനെ ഇദാനീന്തനന്മാൎക്ക് സാധിച്ചുള്ളു. അതുകൊണ്ടു ചെടികളുടെ പേരുകൾ നിൎണ്ണയപ്പെടുത്തേണ്ടതിലാണ് ഗവൎമ്മെണ്ടിന്റെ മുഖ്യ ഉദ്ദേശവും ദൃഷ്ടിയും പതിയേണ്ടത്.

നാട്ടുഭാഷ—സൎവ്വകലാശാലകളിൽ ശാസ്ത്രങ്ങളൊക്കെ ഓരോ ദിക്കിലെ നാട്ടുഭാഷയിൽ പഠിപ്പിക്കേണ്ടതാണെന്ന് നവാബ് മാസൂഡ് ജങ്ക് എന്ന് നൈസാമിലെ വിദ്യാഭ്യാസഡയറക്ടർ അഭിപ്രായപ്പെട്ടു

ന്നു. ഹൈദരബാദിൽ ഈ വിദ്യ നല്ലവണ്ണം ഫലിച്ചിട്ടുണ്ടെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. ഹൈദരബാദിൽ എന്നപോലെ ഈ ഏർപ്പാട് മററു ദിക്കുകളിൽ പ്രായോഗികരീതിയിൽ വരുത്തുന്നത് അത്ര സുശക്യമല്ല. ഒന്നാമത് എല്ലാ സ്കൂളുകളിലും ഒരേ മാതൃഭാഷ സംസാരിക്കുന്ന കുട്ടികളല്ല ഉള്ളത്. രണ്ടാമത് മിക്ക നാട്ടുഭാഷകളും പദദാരിദ്ര്യംകൊണ്ട് ശുഷ്കിച്ചുകിടക്കുന്നവയാണ്. നമ്മുടെ മലയാളഭാഷയിൽ പതിനായിരം വാക്കുകൾ ഉണ്ടോ എന്നു സംശയമാണ്. ഇംഗ്ലീഷിൽ ലക്ഷത്തിൽചില്വാനം വാക്കുകളുണ്ട്. അതുകൊണ്ട് ഇംഗ്ലീഷിലെ ലക്ഷത്തിൽചില്വാനം വാക്കുകൾ തർജ്ജമചെയ്യാൻ മലയാളത്തിൽ പതിനായിരം വാക്കുകളെ ഉള്ളൂ. അതുകൊണ്ട് മേല്പറഞ്ഞ ഡയറക്ടരുടെ അഭിപ്രായം നടപ്പിൽവരുത്തുന്നതിൻമുമ്പ് ഓരോ നാട്ടുഭാഷ നന്നാക്കുക വേണ്ടിയിരിക്കുന്നു.

പറക്കൽ—പറക്കൽ പക്ഷികളുടേയും പ്രാണികളുടേയും ഒരു പ്രത്യേകശക്തിയാണെന്ന് ആരും ആലോചിക്കരുത്. മനുഷ്യൻ മെരുക്കിയ പക്ഷികളിൽ, താറാവ്, വാത്ത (Goose) എന്നീ പക്ഷികൾക്കു കേവലം പറന്നുകൂടാ. മെരുക്കാത്ത പക്ഷികളിൽതന്നേ ആഫ്രിക്കയിലെ ഒട്ടകക്കോഴി (Ostrich)യുംട നാനാജാതികൾക്കും ന്യൂസിലെണ്ടിലെ 'കിവി' എന്ന കോഴിക്കും സമുദ്രംകൊണ്ട് ഉപജീവനംകഴിക്കുന്ന നിഡിരന്മാക്കും (Penguins) കേവലം പറന്നുകൂട. മലയൻദ്വീപിൽ കോബീഗോ എന്നുപേരായ ഒരുതരം പറക്കുന്ന പൂച്ച ഉണ്ട്. ഇതിൻെറ തല അടിച്ചുടച്ചിട്ടുകൂടി ഇതു സുഖപ്പെട്ടു പോയിട്ടുണ്ടത്രേ. പറക്കുന്ന ഓന്ത്, പറക്കുന്ന അണ്ണാൻ (പാററാൻ) പറക്കുന്ന മത്സ്യം ഇവയൊക്കെ നമ്മുടെ രാജ്യത്തിലുമുണ്ട്. ഇവററക്കൊക്കെ പറക്കുവാനുള്ള പ്രത്യേക ഏർപ്പാടുകളും ഉണ്ട്. എന്നാൽ പറക്കുന്ന തവള എന്ന് നാം വിളിച്ചുവരുന്ന ഒരുതരം മരത്തവള സാക്ഷാൽ പറക്കുന്ന ഒന്നല്ല. അതിൻെറ കൈകാലുകളുടെ ഉള്ളടികൾ വളരെ വിസ്താരമുള്ളവയാകകൊണ്ട് ബാക്കിത്തവളകളേക്കാൾ അധികനേരം വായുവിൽകൂടെ അതിന്ന് ചാടാൻ സാധിക്കുന്നു. മൃഗങ്ങളിൽവെച്ചു വളരെ വിശേഷമായി പറക്കുവാൻ കഴിയുന്നതു് കടവാതിലിന്നാണ്. ഒരു ചെറിയ മുറിയിൽനിന്ന് ഒരു ശിന്നൻ കടവാതിലിന്ന് ചുററിച്ചുററിപ്പറക്കാൻ കഴിയുന്ന വേഗതയോടേ ഒരിക്കലും ഒരു ശിന്നപ്പക്ഷിക്ക് പറക്കാൻ സാധിക്കുന്നതല്ല. നാഗങ്ങൾ പറക്കുമെന്നു പറയുന്നതു് ശുദ്ധമേ കമ്പമാണ്.

**കെ. സുകമാരൻ ബി. ഏ.**

---

[അരുണോദയത്തിലെ വിജ്ഞാനസൌധത്തിൻെറ കൈകാര്യകർത്തൃത്വം മി. കെ. സുകുമാരൻ ബി. ഏ. സദയം ഏററിരിക്കുന്ന വിവരം മാന്യബന്ധുക്കളെ സസന്തോഷം അറിയിച്ചുകൊള്ളുന്നു.] [സ്വാ. നാ.]